
# നിശബ്ദതയ്ക്കൊടുവിൽ

'The battle for sovereignty is a battle for culture too'



## മഹാത്മാഗാന്ധി കോളേജ്

മാഗസിൻ '05

# MAHATMA GANDHI COLLEGE COMPUTER CENTRE

(Sub Centre for Continuing Education, Govt. of Kerala)
**(Reg.No. CE/A-315/2002)**



| *Courses* | *Period* |
|---|---|
| DCA | 1 Year |
| DCAOM | 6 Months |
| Office Automation | 3 Months |

## IRITTY EDUCATIONAL SOCIETY I.T.C


(Affiliated to NCVT, Govt.of india)

**Established1994**

**Courses:**
Mechanic Motor Vehicle(2 Year NCVT Course)
Computer Hardware Maintenance)

**Sister Concerns of Mahatma Gandhi College ,Iritty**

MAHATMA GANDHI COLLEGE
LIBRARY
IRITTY



മഹാത്മാഗാന്ധി കോളേജ്, ഇരിട്ടി

മാഗസിൻ 2005

**Chief Editor** : Dr.M.J.Mathew

**Staff Editor** : Reji Payikkatt

**Student Editor** : Nimal Abraham

**Lay Out & Designing**
Midas, Kuthuparamba
Ph: 0490-2364655, 2472655


STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF
MAHATMA GANDHI COLLEGE MAGAZINE
Form IV (See Rule-8)

| | | |
|---|---|---|
| 1) | Place of publication | : Mahatma Gandhi College, Iritty |
| 2) | Periodicity of publication | : Annual |
| 3) | Printer's name | : Dr.M.J.Mathew, Principal |
| 4) | Publisher's Name | : Dr. M.J. Mathew |
| | Nationality | : Indian |
| | Address | : Dr. M.J.Mathew<br>Principal, Mahatma Gandhi College, Iritty |
| 5) | Editors Name | : Dr.M.J.Mathew |
| | Nationality | : Indian |
| 6) | Name and address of the individuals own the magazine | : Mahatma Gandhi College,Iritty |

I, M.J. Mathew declare that the particulars given above are true to the best of my knowledge and belief.

Iritty

S/d
Dr. M.J.Mathew
Principal, Mahatma Gandhi College, Iritty



Fearlessness is the first requisite of spirituality.
A coward can never be moral

—— Gandhiji

# സമർപ്പണം



ഭ്രാന്തമാക്കപ്പെട്ട

പ്രകൃതിയുടെ കടലട്ടഹാസങ്ങളിൽ ജീവന്റെ


തലനാരിഴയും പൊട്ടി ഭൂമനത്തിന്റെ

ജലഗർത്തങ്ങളിലാണ്ടുപോയ ഭൂമിയിലെ

പ്രിയപ്പെട്ട മനുഷ്യർക്കും ...

# സമർപ്പണം

LIBRARY
IRITTY-670703



ഭ്രാന്തുപിടിച്ച
ആഗോള സാമ്രാജ്യത്വത്തിന്റെ കിങ്കരപടകൾ
രാജ്യാന്തര ചൂഷണത്തിലൂടെയും യുദ്ധങ്ങളിലൂടെയും
തകർത്തുതരിപ്പണമാക്കിക്കൊണ്ടിരിക്കുന്ന
ജീവിതസ്ഥലികളിൽ നിന്നും ആത്മാഭിമാനത്തിന്റെ
പ്രതിരോധശബ്ദങ്ങൾ നിരന്തരമുയർത്തിക്കൊണ്ടിരിക്കുന്ന
പീഢിതജനവിഭാഗങ്ങളുടെ മനുഷ്യത്വത്തിന് മുന്നിലും ഞങ്ങൾ
ഈ മാഗസിൻ സമർപ്പിക്കുന്നു...

MANAGER



K.P. NOORUDHEEN

## PRINCIPAL



**Dr. M.J.MATHEW**

# ഉള്ളടക്കം



## കവിത


എന്റെ രാഷ്ട്രീയ കക്ഷിക്ക് ........ 10
വിഷു ........ 16
ചിന്ത ........ 16
നോവ് ........ 19
വിടപറയും മുമ്പേ ........ 24
നോവ് ........ 24
അപവർത്തനം ........ 33
സ്വപ്നം ........ 41
നമ്മൾ ........ 45
ഓർമ്മകൾ ........ 45
പ്രാണന്റെ സ്വപ്നമേ നിന്നേപ്പോലെ ........ 47
കാമ്പസ് ........ 52
സ്വാതന്ത്ര്യ പ്രതിമ ........ 59
അരാഷ്ട്രീയ ബുദ്ധിജീവികൾ ........ 72
The cry of a Lunatic ........ 89
The Girl ........ 91
Nothing can stop them ........ 94
नदी ........ 101
अमर ज्वाला ........ 101
आँसू ........ 104



## കഥ


വേട്ട ........ 22
'ആ പട്ടികൾക്ക് വാലുകളുണ്ടായിരുന്നില്ല' ........ 32
വിഷു ........ 16
അരണ്ട വെളിച്ചം ........ 43
ആരെയോ പ്രതീക്ഷിച്ച് ........ 48
ഉത്തമപുരുഷൻ ........ 73
വിഷു ........ 16
A Refugee's Shelter ........ 87


## ലേഖനം


സെക്കുലറിസം നശിക്കാതിരിക്കാൻ ........ 17
ഇ എം എസ് സാഹിത്യത്തിലും സംസ്കാരത്തിലും ........ 20
വേനൽക്കാഴ്ചകളിലൂടെ ........ 25
നീതിബോധത്തിന്റെ നിയന്ത്രണച്ചരടുകൾ ........ 34
ഇരകൾ ഉണ്ടാവുന്നത് ........ 45
നീതി സാധ്യമോ? ........ 53
ഇന്ത്യൻ സ്പോർട്സും ഡോപ്പിങ്ങും ........ 60
വീക്ഷണങ്ങൾ ........ 65
സ്ത്രീ അവൾ ആരായിരിക്കണം? ........ 69
തുലികത്തുമ്പോട്ട ഒരു മാനികത്തുടെ ഓയാൾ ........ 75
അമേരിക്ക ഭീകരപ്രസ്ഥാനത്തിന്റെ തുടക്കം ........ 79
നാടൻകലകളുടെ സാമൂഹികപശ്ചാത്തലം ........ 81
ക്യാമ്പസുകളിലൂടെ ........ 84
Marketization of Higher Education in Kerala ........ 90
Poetic Justice ........ 92
कबीरदास सफल समाज सुधारक ........ 10


## ഫീച്ചർ




സ്മരണകളിരമ്പും ........ 12
കാഴ്ചകൾക്കപ്പുറം ........ 14
ശ്രീനിയെന്ന താരം ........ 37
കരുണയുടെ സ്നേഹസ്പർശവുമായി സാന്ത്വനം ........ 58


## മുഖാമുഖം


വേറിട്ടകാഴ്ചകളുമായി ........ 29
പ്രതിജ്ഞാബദ്ധ കവിതയിലെ യൗവനം ........ 49
ധീരത സംസാരിക്കുമ്പോൾ ........ 61


## റിപ്പോർട്ട്


കോളേജ് യൂണിയൻ ........ 85
ആന്വൽ റിപ്പോർട്ട് ........ 95
അലുമിനി അസോസ്സിയേഷൻ ........ 106





## ചിത്രങ്ങളിലൂടെ


മതിലുകൾക്കപ്പുറത്ത്നിന്ന് ........ 57
ക്യാംപസ് സ്കെച്ച് ........ 71

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ



ഡോ.എം.ജെ.മാത്യു

സ്റ്റാഫ് എഡിറ്റർ




റെജി പായിക്കാട്ട്

സ്റ്റുഡന്റ് എഡിറ്റർ



നിമൽ അബ്രഹാം

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ്



പ്രമോദ് വെള്ളച്ചാൽ

മലയാളം ഡിപ്പാർട്ട്മെന്റ്




ഷീജ ജയകുമാർ

ഹിന്ദി ഡിപ്പാർട്ട്മെന്റ്



എസ്.സീമ




വിവേക്.പി

Ist BSc. Maths



അജുഷ.പി.വി

Ist BSc. Physics



വിപിൻ കേളമ്പത്ത്

Ist BSc. Physics

# എന്റെ രാഷ്ട്രീയ കക്ഷിക്ക്



അറിയപ്പെടാത്ത മനുഷ്യരുമായി
നീ എനിക്കു സാഹോദര്യം നൽകി
ജീവിച്ചിരിക്കുന്ന എല്ലാറ്റിലുമുള്ള കരുത്തു മുഴുവൻ
നീ എനിക്കു നൽകി
ഒരു പുതിയ ജന്മത്തിലെന്നപോലെ
എന്റെ രാജ്യം നീ എനിക്കു തിരിച്ചു നൽകി
ഏകാകിയായ മനുഷ്യനു ലഭിക്കാത്ത സ്വാതന്ത്ര്യം
നീ എനിക്കു നൽകി
എന്നിലെ കാരുണ്യനാളിനെ
അഗ്നിയെപ്പോലെ ഉദ്ദീപ്തമാക്കാൻ
നീ എന്നെ പഠിപ്പിച്ചു
ഒരു വൃക്ഷത്തിനാവശ്യമായ ഔന്നത്യം നീ
എനിക്കു തന്നു
മനുഷ്യരുടെ ഏകത്വവും നാനാത്വവും ദർശിക്കുവാൻ
നീ എന്നെ പ്രാപ്തനാക്കി
എല്ലാവരുടെയും വിജയത്തിൽ
എന്റെ വൈയക്തിക ദുഃഖങ്ങൾക്കു
മരണമടയാൻ കഴിയുന്നതെങ്ങനെയെന്ന്
നീ എനിക്കു കാണിച്ചുതന്നു
എന്റെ സഹോദരരുടെ കഠിനശയ്യയിൽ
വിശ്രമംകൊള്ളാൻ നീ എന്നെ പഠിപ്പിച്ചു
ഒരു പാറമേലെന്ന പോലെ യാഥാർത്ഥ്യത്തിന് മേൽ
നിർമാണം നടത്താൻ നീ എന്നെ പ്രേരിപ്പിച്ചു
ഇരുളിലെ പ്രകാശമെന്നപോലെ
ദുഷ്ടശക്തികൾക്കു നീയെന്നെ ശത്രുവാക്കി
ലോകത്തിന്റെ പ്രസന്നതയും സൗഖ്യത്തിന്റെ
സാധ്യതയും
കണ്ടെത്തുവാൻ നീ എന്നെ പഠിപ്പിച്ചു
നീ എന്നെ അനശ്വരനാക്കി
എന്തെന്നാൽ
ഇനിമേൽ ഞാൻ എന്നിൽത്തന്നെ ഒടുങ്ങുന്നില്ല

നെരൂദ



## നിശബ്ദതയ്ക്കൊടുവിൽ

ഹൃദയം തീ ചുരത്തേണ്ടിവരുന്ന
ഒരു ഗ്രഹണകാലത്ത്
അനുഭവങ്ങളും വാക്കുകളും
കനലുകളാവാതെ പോകുമോ?
വിണ്ടുകീറിയ വേനലിന്റെ മരുഭൂമികൾ
മനസ്സിന്റെ പാതാളങ്ങളിൽ
മണ്ണിന്റെ ജലമിടിപ്പുകൾക്കുവേണ്ടിയുള്ള
നിശബ്ദമായ കാത്തിരിപ്പുകളെ
ഞെരിച്ചുകൊല്ലുമ്പോൾ
ഗർജ്ജനങ്ങളുടെ മുഴക്കം
നടുക്കങ്ങളുണ്ടാക്കാതിരിക്കുമോ?
നവകൊളോണിയൽ സമവാക്യങ്ങൾ
ജീവിതത്തിന്റെ സമയസൂചികളെ
പിടിച്ചുനിർത്തുമ്പോൾ
ആത്മഹത്യയുടെ നിലവിളികളൊന്നും കേൾക്കാതെ
നിഷ്പക്ഷതയുടെ പ്രവാചകൻമാരാവാൻ പറ്റുമോ?
കാമ്പസ്, ജീവിതത്തിനന്യമായ
ഒരു തുരുത്തല്ലല്ലോ
അറിവ് ആയുധമാണ്
കാണാനും കേൾക്കാനും
കാഴ്ചകളെ തിരിച്ചറിയുവാനും
ധിഷണയുടെ ധീരതയിലൂടെ
നാവറ്റുവീഴുംവരെ
നേരുകളെ വിളിച്ചുപറയുവാനും
നമുക്ക് കഴിയണ്ടേ?
മതമില്ലാത്ത സാഹോദര്യം
മനുഷ്യത്വത്തിന്റെ നൻമയിൽ മുക്കിയ
മുഷ്ടികൾകൊണ്ട്
പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും
അടയാളങ്ങൾ തീർക്കുമ്പോൾ
നിങ്ങളെല്ലാം ഒരേ സ്വരത്തിൽ
ഒരു ദിവസം പറയും
മാറണം, മാറണം, വ്യവസ്ഥിതികൾ മാറണം
കാമ്പസ് ഉണർവ്വിന്റെ ഇടമാകണം
കാലത്തിന്റെ കനൽക്കണ്ണാവണം
നിങ്ങൾ പറയും, എനിക്കുറപ്പുണ്ട്
നിശബ്ദതയ്ക്കൊടുവിൽ നില്ക്കുന്ന
ചൂണ്ടുവിരലിന്റെ മൂർച്ചയിൽനിന്നുമൊളിക്കാൻ
ഉപജാപങ്ങളുടെ പൊയ്മുഖക്കോലങ്ങൾക്ക്
ഒരിക്കലുമാവില്ല

നിങ്ങളുടെ സ്വന്തം
**നിമൽ അബ്രഹാം**
എഡിറ്റർ

# സ്മരണകളിലൂ



സാമ്രാജ്യത്വമുന്നേറ്റത്തിന്റെ അലർച്ചകളോടും
വംശീയാധിപത്യത്തിന്റെ ചെന്നായ്ക്കളോടും
പൊരുതി പാലസ്തീൻ ജനതയുടെ കാവൽക്കാ
രനും അമരക്കാരനുമായി ജീവിതംതന്നെ
പോരാട്ടമാക്കി മറഞ്ഞുപോയ **യാസർ അറഫാത്ത്**

അദ്ധ്വാനിക്കുന്നവന്റെ വിയർപ്പിലും
ചോരയിലും തൂലികമുക്കി മാനവികത
യുടെ ഉൾത്തുടിപ്പുകൾ നെഞ്ചിൽ ചേർത്ത്
വെച്ച് പ്രതിബദ്ധസാഹിത്യത്തിന്റെ മഹാ
ശൃംഗങ്ങളിൽ നിന്നും അക്ഷരവിപ്ലവം
നയിച്ച്, കൂലിപ്പണിക്കാരനും തോട്ടിക്കും
അവകാശപ്പെട്ട ജീവിതമുണ്ടെന്ന് വിളിച്ചു
പറഞ്ഞ ഇന്ത്യൻ-ഇംഗ്ലീഷ് സാഹിത്യ
ത്തിലെ സൂര്യതേജസ്സായിരുന്ന പ്രിയപ്പെട്ട
**മുൾക്ക് രാജ് ആനന്ദ്**





ദാർശനിക സമസ്യകളുടെ സങ്കടം വരയിലും
വാക്കിലുമൊതുക്കി, അസ്തിത്വവ്യഥയുടെ
ഇതിഹാസങ്ങളും ജീവിതപുരാണങ്ങളും
കൊണ്ട് ധൈഷണികതലങ്ങളിൽ
അസ്വസ്ഥതകളുടെ കനൽ കോരിയിട്ട്
മഹാന്വേഷങ്ങളുടെ പ്രവാസസാക്ഷിയായി
മണ്ണിന്റെ നിശ്ശബ്ദതയിലേക്ക് മടങ്ങിയ
**ഒ.വി.വിജയൻ**

ഗാനമാധുരിയുടെ ജീവിതസപര്യയിൽ
ഇതിഹാസതുല്യമായ
സാന്നിധ്യമായിരുന്ന **സുബ്ബലക്ഷ്മി**





വാക്കുകളിലൊളിപ്പിച്ച നർമ്മത്തിന്റെ
കുട്ടിച്ചിരികളിലൂടെ മലയാളിയുടെ
സാഹിത്യാഭിരുചികളിൽ
നിറഞ്ഞുനിന്നിരുന്ന **വി.കെ.എൻ**



യഥാസ്ഥിതിക പൗരോഹിത്യ
ദുഷ്പ്രഭുത്വത്തെ
സർഗ്ഗാത്മകതയുടെ വാൾത്തല
പ്പ്കൊണ്ട് നിഷ്പ്രഭമാക്കി
'ശബ്ദിക്കുന്ന കലപ്പ' കൊണ്ട്
ജീവിതാവബോധത്തെ ഉഴുത് മറിച്ച്
എഴുത്തിലും ജീവിതത്തിലും തെമ്മാ
ടിക്കുഴിയുടെ മഹത്വം സഭാസമൂഹ
ത്തിന്റെ നെഞ്ചിൽ തിളപ്പിച്ച് കടന്നു
പോയ വാർദ്ധക്യത്തിന്റെ യൗവനമാ
യിരുന്ന, ആദർശധീരതയുടെ
പുരുഷക്കരുത്തായ ഉൺമയുടെ
കഥാകാരൻ **പൊൻകുന്നം വർക്കി**







GANDHI COLLE



വാത്സല്യത്തിന്റെയും മാതൃത്വത്തിന്റെയും
എക്കാലത്തെയും നിറസാന്നിദ്ധ്യമായിരുന്ന
മലയാളികളുടെ അമ്മയായിരുന്ന പ്രിയപ്പെട്ട
കവയിത്രി **ബാലാമണിയമ്മ**

ഒരു പുരുഷായുസ്സ് മുഴുവൻ സമരപഥ
ങ്ങളിൽ ചിലവഴിച്ച് ജീവിതസമരത്തിന്റെ
കൊടിപ്പടങ്ങൾകൊണ്ട് സാധാരണ
മനുഷ്യന്റെ ഇരുണ്ട ജീവിതത്തിലേക്ക്
ഇത്തിരിവെട്ടം പകരാൻ, സ്വപ്നങ്ങളുടെ
നെഞ്ചിടിപ്പുമായി നിരന്തരം പൊരുതിയ
മഹാനായ **പി.കെ.വി**





ഏഴുസ്വരങ്ങളുടെ മധുരിമകൊണ്ട്
ഏഴുവർണ്ണങ്ങൾക്കുമപ്പുറം വിരിയുന്ന
ഭാവസാന്ദ്രതയുടെ രാഗതീരങ്ങളിൽനിന്ന്
സാഗരസംഗീതത്തിന്റെ തിരയൊച്ചകൾ
രാഗവീണയുടെ ലയവർണ്ണങ്ങളിലേക്ക്
പകർത്തിയ വിസ്മയാനുഭൂതികളുടെ
നിരുപമായ **രവീന്ദ്രൻ**

ഗൃഹാതുരതകളുണർത്തുന്ന
ഈണങ്ങൾ ഏറെ പാടി മലയാളിക
ളുടെ മനസ്സിൽ പതിഞ്ഞ
**കെ.പി.എ.സി.സുലോചന**





ജീവിതനാടകത്തിന്റെ യവനിക വലിച്ചുതാഴ്ത്തി
മൃത്യുവിന്റെ ഇരുൾപ്പുഴയിൽ മറഞ്ഞുപോയ
**വൈക്കം ചന്ദ്രശേഖരൻ നായർ**

കഥയുടെ കടങ്കഥകളിലൂടെ സഞ്ചരിച്ച്
'മൂന്നാമതൊരാ'ളിന്റെ അസ്പൃശ്യതയിലൂടെ
ജീവിതക്കടൽകടന്നു പോയ
**മുണ്ടൂർ കൃഷ്ണൻകുട്ടി**

ഏറെ മനസ്സിൽ സൂക്ഷിച്ച്
അല്പമാത്രമെഴുതിയ ഭാവദീപ്തിയുടെ
കവി സാന്നിദ്ധ്യമായിരുന്ന
**ആർ.രാമചന്ദ്രൻ**



സ്മരണകളുടെ
അണയാത്ത ചിതയെരിഞ്ഞ്
കത്തുമ്പോൾ നിങ്ങൾ
തുഴഞ്ഞകന്നൊരീകടവിൽ
വീണുടയാത്ത
സങ്കടത്തുള്ളികളുള്ളിൽ
സൂക്ഷിച്ച് നമ്മളീകടവിൽ
ബാക്കിയാവുന്നു






വിജു ...
അർജുൻ ...


# കാഴ്ചകൾക്കപ്പുറം...

ചാതുർവർണ്ണ്യത്തിന്റെ ഉഗ്രശാസനകളിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അയിത്തക്കാർ ഉണ്ടാവുമ്പോൾ കേരളത്തിൽ (കപട) സദാചാരബോധത്തിന്റെ പൊടിപ്പും തൊങ്ങലും വച്ച ചിന്തകളിൽ നിന്നാണ് അയിത്തക്കാരുണ്ടാവുന്നത്. സമൂഹത്തിൽ നിന്നും ആട്ടിയോടിക്കപ്പെടുന്ന എച്ച്.ഐ.വി. ബാധിതരാണ് കേരളത്തിലെ പുതിയ 'അയിത്തക്കാർ' കാഴ്ചകൾക്കപ്പുറം കാതോർക്കുന്ന ശക്തമായ സാമൂഹിക ഇടപെടലുകളും ബോധവത്ക്കരണവും ഉയർത്തിക്കൊണ്ടുവന്നില്ലെങ്കിൽ കേരളസംസ്കാരം പ്രകാശവേദികളിൽ നിന്നും ഇരുൾമൂടിയ ശവപറമ്പുകളിലേക്ക് എടുത്തെറിയപ്പെടും.

ഈ ഒരു സാഹചര്യത്തിലാണ് ഞങ്ങൾ, നമ്മുടെ നാട്ടിലെ എച്ച്.ഐ.വി. ബാധിതർ സമൂഹത്തിൽനിന്നനുഭവിക്കേണ്ടി വന്ന പ്രശ്നങ്ങളെ കുറിച്ച് ഒരു അന്വേഷണവുമായി കൊട്ടിയൂരിലെ രമയുടെ വീട്ടിലേക്കു പോയത്. 20.. -ൽ രമയുടെ ഭർത്താവ് എയ്ഡ്സ് രോഗം ബാധിച്ച് മരണത്തിന് കീഴടങ്ങുമ്പോൾ രമയും രണ്ടു മക്കൾ - അക്ഷരയും അനന്ദുവും എച്ച്.ഐ.വി. ബാധിതരായിരുന്നു.

ഞങ്ങൾ കൊട്ടിയൂർ കോറ്റൻചിറയിലെ വീട്ടിൽ എത്തുമ്പോൾ രമയും മക്കൾ അക്ഷരയും അനന്ദുവും, രമയുടെ അച്ഛനും ഞങ്ങളെ കാത്തിരിക്കയായിരുന്നു. ആതിര (രമയുടെ മൂത്ത മകൾ) കുറച്ച് സമയം കഴിഞ്ഞ് സ്കൂൾ വിട്ട് തിരിച്ചെത്തി. ഞങ്ങളുടെ ചോദ്യങ്ങൾ അവരുടെ മനസ്സുകൾക്ക് മുകളിൽ കനൽകോരിയിടുന്ന ഒന്നായിമാറുമോ എന്ന സ്വാഭാവിക സംശയം മനസ്സിലുണ്ടായിരുന്നു. പക്ഷേ പങ്കുവയ്ക്കുന്ന വേദനകളിൽ ആശ്വാസം കണ്ടെത്തുന്നതായാണ് പിന്നീട് അനുഭവപ്പെട്ടത്.

ഒരു കുടുംബം സ്ഥിരമായി കടന്നുചെന്നിരുന്ന അയൽപക്കങ്ങൾ വിലക്കു നൽകിയപ്പോൾ ബന്ധുക്കളും നാട്ടുകാരും ആട്ടിയകറ്റിയപ്പോൾ രമയ്ക്കുണ്ടായ അനുഭവം ഒരുതരം നിർവ്വികാരതയാണെന്നു പറയുമ്പോൾ, മരവിച്ചു പോയ ഒരു മനസ്സിന്റെ അവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുക. "ഏറ്റവും സങ്കടമുണ്ടായത് സ്നേഹം നഷ്ടമായപ്പോഴാണ്" എന്ന് ഈ അമ്മ പറയുമ്പോൾ സമൂഹം ഓർക്കാതെപോയത് ഇവരും മനുഷ്യരാണെന്ന യാഥാർഥ്യത്തെ തന്നെയാണ്. "എച്ച്.ഐ.വി. വായുവിൽകൂടി പകരും" എന്നു പറഞ്ഞു പരത്താൻ വരെ ഈ സമൂഹത്തിൽ ആൾക്കാരുണ്ടായിരുന്നു. നോക്കുക നമ്മുടെ നാട്ടിന്റെ യുക്തി. എയ്ഡ്സ് രോഗികൾക്ക് വേറൊരു കേരളം ഉണ്ടെന്നും, ഇവർ ഏതോ ഭീകരജീവിയാണെന്നും ധരിക്കുന്നവർ ഈ സമൂഹത്തിന്റെ ഭാഗമായിരുന്നു!

"എന്നെയും കുഞ്ഞുങ്ങളെയും സ്നേഹിക്കാത്തവർക്കുവേണ്ടി അവരുടെ അഭിമാന സംരക്ഷണത്തിനുവേണ്ടി എന്റെയും കുഞ്ഞുങ്ങളുടെയും ജീവിതമവസാനിപ്പിക്കാൻ ഞാൻ ഒരുക്കമല്ലായിരുന്നു" ഉൾക്കരുത്തുള്ള ഈ വാക്കുകൾ ജീവിക്കാനുള്ള കരുത്തും ആത്മവിശ്വാസവുമുള്ളതായിരുന്നു. ആരുടെയെങ്കിലും താൽപര്യത്തിന് വഴങ്ങി തന്റെ കുഞ്ഞുങ്ങൾക്ക് വിഷം നൽകാൻ ഒരുക്കമല്ലെന്ന് ആ അമ്മ പറയുമ്പോൾ സമൂഹം അവരെ എത്രമാത്രം ബുദ്ധിമുട്ടിച്ചിരുന്നു എന്നതിലേക്കാണ് ആലോചനകൾ നയിക്കപ്പെടുന്നത്.

കളിയുടെയും ചിരിയുടെയും പുതിയ ദിനങ്ങൾ തേടി മണ്ടേരി എസ്.എൻ.എൽ.പി. സ്കൂൾ

ലേക്ക് അക്ഷരയും അനന്തുവും കടന്നുചെന്നപ്പോൾ, മുറ്റത്തുനിന്നും ചീത്തപറഞ്ഞ് പുറത്തേക്ക് ഇറക്കിവിടുമ്പോൾ സാമൂഹിക അസമത്വത്തിന്റെയും അവിവേകത്തിന്റെയും ആദ്യപാഠങ്ങളാണ് ആ കുരുന്നുകൾക്ക് ലഭിച്ചത്. ഈ കുരുന്നുകളും അമ്മയും നടത്തിയ സമരത്തിന്റെ ഭാഗമായി അപ്പോഴത്തെ മുഖ്യമന്ത്രി ഉത്തരവിറക്കുകയും ചെയ്തു. പക്ഷേ പി.ടി.എ. ചേർന്ന് ഈ കുരുന്നുകളെ നാട്ടിൽനിന്നു തന്നെ ബഹിഷ്കരിക്കാനുള്ള തീരുമാനമാണ് കൈക്കൊണ്ടിരുന്നത്. ഉത്തരവുമായി സ്കൂളിലെത്തിയ കുരുന്നുകളെ നേരത്തെ തീരുമാനിച്ചതുപോലെ അവർ സഭ്യതകൾ ലംഘിച്ച് വാക്കുകൾ പൊഴിച്ചുകൊണ്ട് തിരിച്ചയച്ചു. ശക്തമായ ചെറുത്തുനിൽപ്പും പല കോണിൽനിന്നുള്ള എതിർപ്പും ഉയർന്നുവന്നതോടെ അധികാരികൾ പത്തിമടക്കി, ആദ്യം സെപ്പറേറ്റ് ക്ലാസ്സ് മുറിയും പിന്നീട് പൊതുക്ലാസ്സിലും ഇവർ വിദ്യാഭ്യാസം അനുഷ്ഠിക്കാൻ തുടങ്ങി. ഈ ഒരു സംഭവം അദ്ധ്യാപകരുടെ സാമൂഹിക ഉത്തരവാദിത്വത്തെയും അവരുടെ വിവേകത്തെയും ചോദ്യം ചെയ്യുന്നതാണ്, ഇത് തീരാത്ത കളങ്കമായിതന്നെ അവശേഷിക്കും.



അക്ഷരയ്ക്കും അനന്തുവിനും കുടുംബത്തിനുമൊപ്പം മാഗസിൻ പ്രവർത്തകർ

എയ്ഡ്സ് രോഗബാധിതർക്കായി നിർമ്മിച്ച പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ജനങ്ങൾക്കിടയിൽ ശ്രദ്ധിക്കപ്പെടാൻ മാത്രമാണ്. പുറം മോടികൾ മാത്രം. പ്രത്യാശകൾക്കു വകനൽകാത്ത മരണത്തെ മാത്രം പ്രതീക്ഷിച്ച് സമയം തള്ളിനീക്കേണ്ടിവരുന്ന അവസ്ഥയാണ് ഇത്തരം സ്ഥാപനങ്ങളിൽ നിലനിൽക്കുന്നത്. രോഗികളെന്ന ബോധം മാത്രമാണ് ഇത്തരം സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നത്. രോഗിക്ക് മരിക്കാനൊരിടം എന്നതിൽ കവിഞ്ഞ് മറ്റൊന്നുമല്ല ഇവ. എഴുന്നേറ്റിരിക്കാൻ പോലും സാധിക്കാത്ത രോഗികൾക്ക് കല്ല്യാണസദ്യയുടെ പഴകിയ ഭക്ഷണം ചൂടാക്കി (ഒന്നിൽക്കൂടുതൽ തവണ ചൂടാക്കപ്പെടുന്നു) മുന്നിൽ വച്ചുകൊടുക്കുമ്പോൾ അവ എടുത്തുകഴിക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണ് ഇവിടങ്ങളിൽ നിലനിൽക്കുന്നത്. അനുഭവങ്ങളുമായി കൊട്ടിയൂർ വിട്ട് തിരിച്ചുവരുമ്പോൾ ഒരു പാടുചിന്തകൾ പിന്നെയും ബാക്കി...

പഠനസ്വപ്നങ്ങളുമായി, അറിവിന്റെ വാതായനങ്ങൾ തേടി പുതുമഴയിൽ വിദ്യാലയങ്ങളിലേക്ക് കടന്നുവരുന്ന ബാല്യങ്ങളെ സ്കൂൾമുറ്റത്ത് കടക്കാനനുവദിക്കാത്ത സംഭവങ്ങൾ കേരളത്തിൽ നിരവധിയുണ്ടായിട്ടുണ്ട്. അക്ഷരയും അനന്തുവും, ചാത്തന്നൂർ മൈലക്കുഴിയിലെ ബെൻസണും, ബെൻസിയും, പുനലൂരിലെ ടോമിയും ടോമും ടോമോയും, ചെറുവത്തൂരിലെ അമലും അമൃതയും ... ഇവർ, ഈ നിരയിൽ ഉൾപ്പെട്ടവർ അപരാധികളായിരുന്നില്ല. എന്നിട്ടും സമൂഹം ഇവരോട് പെരുമാറിയത് എത്ര നിന്ദ്യമായിട്ടാണ്.

1959-ൽ കോംഗോയിൽ AIDS (Acquired Immuno Deficiency Syndrome) തിരിച്ചറിയപ്പെട്ടതിനുശേഷം ലോകത്തൊരിടത്തും നടന്നിട്ടില്ലാത്തവിധത്തിലുള്ള മനുഷ്യത്വരഹിതമായ ഇടപെടലുകൾ ഈ രോഗം ബാധിച്ചവർക്കെതിരെ ഉയർന്നുവന്ന ഒരു പ്രദേശം കേരളമാണ്. കേരളമാണെന്ന അഭിമാനത്തിന്റെ ഗെയിൻ കൂടുകൾ തകരുകയും ലോകജനതയ്ക്കു മുന്നിൽ മലയാളി തലകുനിച്ചുനിൽക്കേണ്ടിവന്നതും എന്തുകൊണ്ടാണ്?

ഈ അവസ്ഥയ്ക്കു മാറ്റം വരണം, രോഗികളുടെ നേർക്കുള്ള ശക്തമായ എതിർപ്പിനെ തൽക്കാലം അടിച്ചമർത്തിക്കൊണ്ട് നമുക്ക് മുന്നോട്ട് പോവാൻ സാധിക്കില്ല. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം ആവശ്യമാണ്. ഇത് സിനിമാതാരങ്ങൾ വന്നതുകൊണ്ടോ, രോഗികളെ ചുംബിച്ചതുകൊണ്ടോ പരിഹരിക്കപ്പെടുന്ന ഒന്നല്ല. (ബോധവൽക്കരണ പ്രവർത്തകരെ അംഗീകരിക്കുന്നു) തലമുറകളായി പിന്തുടരുന്ന ഒരു ബോധം ഒരു നാൾകൊണ്ട് അറ്റുമാറില്ല. അണമുറിയാത്ത സംസ്കാരികവും പുരോഗമനപരവുമായ ഇടപെടലുകളിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

സമൂഹത്തിൽ എച്ച്.ഐ.വി. ബാധിച്ചവർ ഉണ്ടാവുംമുമ്പേ മനുഷ്യനെ ബാധിച്ച മറ്റൊരു രോഗമാണ് അജ്ഞത. എച്ച്.ഐ.വി. ബാധിതരുടെ കാര്യത്തിൽ സാമൂഹ്യഇടപെടലുകൾ പൊസറ്റീവായിരുന്നില്ല എന്നതിന് ഒരു കാരണം അജ്ഞതയാണ്, മറ്റൊന്ന് അവന്റെ സദാചാരബോധത്തിന്റെ ചുമടാണ്. വിദ്യാസമ്പന്നരെന്നു ധരിച്ചവർപോലും എയ്ഡ്സ് രോഗികളെ നോക്കികണ്ട രീതിയിൽനിന്നും ഇത് വ്യക്തമാവും.

എയ്ഡ്സ് പ്രതിരോധിക്കുക മാത്രമേ മാർഗമുള്ളൂ. രോഗത്തിന്റെയും അജ്ഞതയുടെയും പേരിൽ എച്ച്.ഐ.വി. ബാധിതരെ സമൂഹത്തിൽ നിന്നും അകറ്റിനിർത്തുന്നത് ശരിയല്ല. രോഗത്തെയും രോഗാണുവിനെയും വെറുക്കുകയും, രോഗിയെ സ്നേഹിക്കുകയും ചെയ്യുമ്പോൾ മാത്രമേ മനുഷ്യർ സംസ്കാരമുള്ളവരാവൂ. ഞങ്ങളും മനുഷ്യവർഗ്ഗത്തിന്റെ ഭാഗമാണെന്ന് വിളിച്ചുപറയുന്നവർക്കു മുന്നിൽ മനുഷ്യസ്നേഹത്തിന്റെ അടയാളങ്ങൾ ഉയർത്തിപ്പിടിക്കാൻ നാം തയ്യാറല്ലെങ്കിൽ നമ്മൾ ജീവിതസംസ്കാരത്തിന്റെ ഇടങ്ങളിൽനിന്ന് വിടപറഞ്ഞ് ജന്തുസമാനതയിലേക്ക് തിരിച്ചുപോവുകയാണെന്ന് ഓർക്കുക ●



# വിഷു

കിനാവിന്റെ വള്ളി പടർപ്പിൽ
ചന്തയിലെ പടക്കങ്ങളെക്കുറിച്ച്
ചില ഓർമ്മപ്പെടുത്തലുകളായിരുന്നു.....വിഷു
കണിക്കൊന്നയും വെള്ളരിക്കയും
കുന്നിമാങ്ങയും കൈനീട്ടവും
ഇല്ല! ഇനിയും ഓർക്കുവാൻ വയ്യ
കണിക്കൊന്നകൾ വെയിലിന്റെ തീക്ഷ്ണതയിൽ
കരിഞ്ഞു കരഞ്ഞുണങ്ങി
വിഷുപ്പക്ഷിക്കു പാടാനുള്ളത്
മീനമാസത്തിന്റെ വിലാപങ്ങളാണ്
വയലേലകളിൽ മരണം വരിച്ച
മണ്ണിന്റെ പുത്രനെക്കുറിച്ചാണ്
അയൽക്കാരനെ കൊള്ളയടിച്ച്
പുലർക്കാലത്ത് കണിയൊരുക്കിയ
ഹൃദയ ശൂന്യതയെക്കുറിച്ചാണ്
അടിമത്തം മണക്കുന്ന മരണക്കിടക്കയിൽ
കൊത്തി വലിക്കുന്ന കഴുകനോട്
നേർത്ത തേങ്ങലുമൊതുക്കിയെന്ന്
അപേക്ഷിച്ചൊരുവട്ടം ദയക്കുവേണ്ടി
അപഹാസ്യനാവാൻ പോലും
അശക്തനാണീ പകലിന്റെ കിനാവുകൾ



സവിഷ ടി.കെ
IInd BCom



# ചിന്ത

നിന്നെ തേടിയലഞ്ഞു
എന്നെയന്നു ഞാൻ
അറിയാൻ തുടങ്ങി
ചിന്ത
അഗമ്യ ചാലനത്തിനു വിരാമമിട്ട്
കേന്ദ്രീകരിച്ചു ഞാൻ
ദിശയോടലച്ചു
ചിന്ത
അവിടെ നിന്നദ്ധ്യാനമാരംഭിച്ച്
സമയ വേഗങ്ങളെ കൊന്നു
ചിന്ത
ദിനചര്യയിൽ അലസത
പനിയായ് പടർന്നു
ചിന്ത
ഉത്തരധ്രുവത്തിൽ നിന്നും
ദക്ഷിണധ്രുവം വരെയുള്ള
കാന്തിക ബലരേഖ പോലെ



അഷ്ക്കർ കെ
IInd BCom





# സെക്കുലറിസം നശിക്കാതിരിക്കാൻ





അബ്ദുൾ റഹ്മാൻ കെ.പി

II[nd] B.Com

അതിസങ്കീർണ്ണമായ ഘട്ടത്തിലൂടെയാണ് ഡമോക്രാറ്റിക് സെക്കുലറിസ്റ്റ് ഭാരതം കടന്നുപോവുന്നത്. ബഹു വർഗ്ഗ വർണ്ണ ജാതി മത സമൂഹത്തെ ഒരു കുടക്കീഴിൽ നിർത്തി ലോകത്തോട് നിരന്തരം സംവദിച്ച ഒരു രാജ്യം പൗലോകൊയ്‌ലോയുടെ ഭാഷയിൽ പറഞ്ഞാൽ ദൈവത്തിന്റെ 'മുക്തുബ്' തന്നെയാണ്. പക്ഷേ നിയോഗത്തെ വെല്ലുവിളിച്ച് മതേതരത്വ ഭാരതസങ്കല്പത്തെ അട്ടിമറിക്കാൻ വെമ്പൽകൊള്ളുന്ന മതഭീകര ഫാസിസ്റ്റ് അച്ചുതണ്ട് ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങൾ നമ്മോട് ചോദിക്കുന്നു. പരസ്പരമുള്ള ധാരണകളെ കീഴ്മേൽ മറിക്കുന്ന അതിഭീകരമായ ഭാവി മാത്രമാണ് ഉരുത്തിരിഞ്ഞ് വരുന്നതെന്ന് പറഞ്ഞാൽ ലഹളകളിലൂടെ ജീവൻ ത്യജിച്ച പൂർവ്വികരുടെ ശവം തിന്നാൻ നാം നിർബന്ധിതരാവുന്നു എന്നല്ലാതെ വേറെയെന്ത് പറയാൻ.

സെക്കുലറിസ്റ്റ് വ്യവസ്ഥിതിയെ മതാധിപത്യം ചോദ്യം ചെയ്യാൻ തുടങ്ങുന്നത് ഏത് മതഗ്രന്ഥമാണ് മത വ്യവസ്ഥിതിയാണ് ഉദ്ഘോഷിക്കുന്നത്. വ്യക്തി താത്പര്യങ്ങൾ മതത്തെ മറയാക്കി നേടിയെടുക്കുമ്പോൾ സെക്കുലറിസ്റ്റിന് സിരകളിൽ രക്തം തിളയ്ക്കാത്തതെന്തേ? സമകാലിക സമൂഹത്തിൽ മതബോധം ശക്തമായ്കൊണ്ടിരിക്കുന്നു. പക്ഷേ! ദൈവം അവരിൽ നിന്നും അന്യമായത് മഹാവിപത്തായ് തീർന്നിരിക്കുന്നു. ദൈവബോധത്തിനപ്പുറം കാട്ടിക്കൂട്ടലുകളിലൂടെ, പരസ്പരം വിദ്വേഷം വളർത്തുന്ന പ്രവണതകൾ സെക്കുലറിസത്തെ കാർന്നു തിന്നുന്നു. മതമെന്നത് ഹൃദയങ്ങളിലേക്കുള്ള തെളിനീരൊഴുക്കാണെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ഈ ലോകത്ത് ആർക്കാണ് കഴിയുക.

**നമുക്കീ മതങ്ങളെ എതിർത്താലെന്ത്?**

പരസ്പരം വിദ്വേഷത്തിന്റെ വിത്തുകൾ പാകാൻ മതം പഠിപ്പിക്കുന്നുവെങ്കിൽ അത് ലഹരി പിടിപ്പിക്കുന്ന കറുപ്പായ് മാറുന്നുവെങ്കിൽ നമുക്കീ മതങ്ങളെ എതിർത്ത് തോല്പിക്കാം. മതം മഹനീയതയുടെ നേർരേഖക്ക് മുന്നിൽ കരാളഹസ്തം നീട്ടുന്ന സമയത്ത് അത് ചെയ്തേ പറ്റൂ. പക്ഷേ! നമ്മുടെ ദൈനംദിന ജീവിത മേഖലകളിൽ നിന്ന് വെറുതെയങ്ങ് മാറ്റിനിർത്താൻ കഴിയുന്നതല്ല മതം. വിശ്വസിക്കാനും അനുഷ്ഠിക്കാനുമുള്ളതല്ലെങ്കിൽ പിന്നെയെന്തിനാണൊരു മതം. നമ്മുടെ ജീവിതത്തിന്റെ പക്വതയെ നിർവ്വചിക്കുന്ന മതത്തെ മാറ്റിനിർത്തിയുള്ള മറ്റൊരു മത ചിട്ട നമുക്കെന്തിനാണ്?



### തെറ്റുപറ്റിയതാർക്ക്

മതഗ്രന്ഥങ്ങൾക്ക് തെറ്റിയോ അല്ല പ്രവാചകന്മാർക്കോ തെറ്റിയത്? വിശ്വമാനവികതയുടെ സംസ്ഥാപനം ലക്ഷ്യമാക്കിയ പ്രവാചകന്മാർക്ക് തെറ്റാനിടയില്ല ഇന്നും 'നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം' എന്ന് ഉദ്ഘോഷിക്കുന്ന മതഗ്രന്ഥങ്ങൾക്കും തെറ്റാനിടയില്ല. പിന്നെയാർക്കാണ് തെറ്റിയത്. തെറ്റിയത് നമുക്ക് തന്നെയാണ് അല്പബുദ്ധികളുടെ സ്വാർത്ഥതയാണ് തെറ്റിലേക്ക് നയിക്കുന്നതെന്ന് മനസ്സിലാക്കാം. അല്പബുദ്ധികൾക്ക് ചിന്തിക്കാനൊന്നുമില്ല അവർ പ്രാണികളെപോലെയാണ് വെളിച്ചം ശക്തമാണെന്ന് കരുതി അതിലേക്ക് അടുക്കുകയും പരിധി ലംഘിച്ചപ്പോൾ തീനാളത്തിൽ ജീവനൊടുക്കുകയും ചെയ്യുന്ന പ്രാണികളുടെ അവസ്ഥ. അവരെയോർത്ത് സഹതപിക്കാം. നമുക്കതിനൊരു പരിധി നിർണ്ണയിച്ച്കൊടുക്കാം. അതിന് വേണ്ടത് തെറ്റിനെ തെറ്റായ് കാണാനുള്ള ഇച്ഛാശക്തിയാണ് നാം എത്രമാത്രം കർമ്മനിരതരാവുന്നുവോ അത്രയും നമുക്ക് വിജയം നേടാം. തെറ്റിനെ അംഗീകരിക്കാനുള്ള മനസ്ഥിതിയാണിതിനാവശ്യം. തിരുത്താനുള്ള വിനയം നമുക്കാ മനസ്ഥിതിയിൽ നിന്നും സൃഷ്ടിച്ചെടുക്കാം.

### രോഷത്തിന്റെ വിത്തുകൾ പാകിയതാര്?

മനുഷ്യൻ മനുഷ്യത്വത്തെ ചോദ്യം ചെയ്യുന്നു, അനാദരിക്കുന്നു, പരസ്പരം രക്തം ചീന്തുന്നു. മതം അതിന് കാരണമാവുന്നതിന്റെ മൂലകാരണമെന്ത്? നമ്മുടെ ചിന്ത അധികം കടന്നുവരാത്ത അല്ലെങ്കിൽ നാം കണ്ടില്ലെന്നു നടിക്കാൻ ശ്രമിക്കുന്ന ആ യാഥാർത്ഥ്യമെന്ത്? നമുക്കിടയിൽ രോഷത്തിന്റെ വിത്തു പാകാൻ ശ്രമിക്കുന്നവർ നമ്മുടെ ജീവിതത്തെ നിർവ്വചിക്കാൻ ശ്രമിക്കുന്നതെന്ത്കൊണ്ട്? സാമ്രാജ്യത്വ വിധേയത്വം ഏതാണ്ടെല്ലാ മേഖലകളിലും ഫാഷനായിരിക്കുന്ന ഈ കാലത്ത് അവരെങ്ങനെ വിജയിച്ചു എന്ന് പഠനവിധേയമാക്കുമ്പോൾ തെളിയുന്ന ചിത്രം ഈ രാജ്യത്ത് വർഗ്ഗീയ ലഹളകളുടെയും സംഘർഷങ്ങളുടെയും അതിഭീകരമായ നേർരേഖയാണ്. മതത്തെ വിദഗ്ദ്ധമായ രീതിയിൽ പ്രകോപന വാക്കുകളിലൂടെ അണികൾക്കെത്തിക്കുന്നതിൽ സാമ്രാജ്യത്വ കഴുകന്മാർ വിജയിച്ച്കൊണ്ടിരിക്കുന്നു. അവർ തങ്ങളുടെ ഭീഷണി സാമ്രാജ്യത്ത ജനങ്ങൾ തിരിച്ചറിയരുത്. അതിനവർ കണ്ടത് ഈ രാജ്യത്തെ ഏറ്റവും നല്ല പോംവഴി 'മതം' തന്നെ ഉപയോഗിക്കുക എന്നതാണ്. കാരണം ഭാരതത്തിന്റെ അസ്തിത്വം മതദർശനങ്ങളുടെ ശക്തമായ സ്വാധീനത്തിൽ സൃഷ്ടിക്കപ്പെട്ടതാണ്.

### രാജ്യം തകരാതിരിക്കാൻ

ചിന്തകൾക്ക് മാർഗ്ഗഭ്രംശം സംഭവിക്കുക സ്വാഭാവികമാണ് മനുഷ്യന്റെ ചരിത്രം തന്നെ ചിന്തയുടെ മാർഗ്ഗഭ്രംശം നിമിത്തം തുടങ്ങുന്നതാണ് അല്ലെങ്കിൽ ആദവും ഹവ്വയും ഈ മനുഷ്യവർഗത്തെ പ്രതിനിധീകരിക്കില്ലല്ലോ? അതെ തെറ്റ് പ്രകൃതി വിരുദ്ധമാവുന്നില്ല മറിച്ച് അതംഗീകരിക്കപ്പെടുമ്പോൾ തടയാൻ ശ്രമിക്കാതിരിക്കുമ്പോൾ രാജ്യം കനത്ത വില നൽകേണ്ടിവരുന്നു. വർഗ്ഗ വർണ്ണ മത ജാതി വ്യവസ്ഥിതിയിൽ നമുക്ക് പ്രതീക്ഷയുടെ പുതുനാമ്പുകൾ വിരിയിക്കണമെങ്കിൽ തെറ്റ് തെറ്റായ് കാണാനുള്ള മനസ്ഥിതിയുണ്ടാവണം.

ലോകത്ത് ദർശനങ്ങളും സംസ്കാരങ്ങളും സംസ്കൃതികളും
രാജ്യങ്ങളും സമൂഹവു[illegible]
എപ്പോഴെല്ലാം തകർക്കപ്പെട്ടിട്ടു[illegible]
അതിന്റെ മൂലകാരണം തെറ്റു[illegible]
തിരുത്താൻ അവർ തയ്യാറാവു[illegible]
താണ് ഈയൊരു ഘട്ടത്തിൽ [illegible]
ത്രത്തിന്റെ ഇന്നലെകളിൽ [illegible]
ഴ്ചയ്ക്ക് തയ്യാറാവാത്ത ഒരു [illegible]
ത്തിന് മുന്നിൽ നിന്ന്കൊണ്ട് [illegible]
ത്തിന്റെ നിറഞ്ഞ സാന്നിദ്ധ്യങ്ങ[illegible]
പണ്ഡിറ്റ് ജവഹർലാൽ നെഹ്റു
മൗലാനാ അബ്ദുൾകലാം ആസാ[illegible]
ശ്രീ രാജഗോപാലാചാര്യ എന്നിവ[illegible]
സാക്ഷിനിർത്തി [illegible]
ജാമിഅ മില്ലിയ്യയുടെ [illegible]
ജൂബിലി സമ്മേളനത്തിൽ [illegible]
ഇൻഡ്യൻ രാഷ്ട്രപതി [illegible]
ഹുസൈൻ നടത്തിയ പ്രസം[illegible]
നമുക്ക് ശിരസാ വഹിക്കാം [illegible]
വികാരാധീനനായ് തുടങ്ങുന്നു [illegible]
സ്പര വിദ്വേഷത്തിന്റെ [illegible]
ഉയരുന്ന ഇന്നത്തെ സാഹചര്യ[illegible]
ത്തിൽ, ഈ രാജ്യത്ത് സ[illegible]
ത്തിന്റെ പൂന്തോട്ടം നട്ടുപിടിപ്പി[illegible]
എന്ന നമ്മുടെ പരിശ്രമം [illegible]
ശ്രാന്താണ് വിദ്വേഷങ്ങൾക്കിട[illegible]
നയും സന്തുലിതത്വവു[illegible]
പുഷ്പങ്ങൾ എങ്ങനെ [illegible]
നാണ്? മൃഗങ്ങളെക്കാളും [illegible]
തിച്ച നാം മാനവ സംസ്കാ[illegible]
എങ്ങനെ കെട്ടിപ്പടുക്കും [illegible]
ളുടെ ലോകത്ത് മനുഷ്യ[illegible]
എങ്ങനെ പിടിച്ചുനിർത്താനാവു[illegible]
ഈ വാക്കുകൾ ചിലപ്പോൾ [illegible]
തായി തോന്നാം എന്നാൽ [illegible]
നമുക്കു ചുറ്റും നടക്കുന്ന [illegible]
കാരങ്ങൾ ഈ വാക്കുകളുടെ
ഗൗരവം വർദ്ധിപ്പിക്കുന്നു.

തീ ആരാണ് കത്തിച്ചത് എ[illegible]
നെയാണ് കത്തിച്ചത് എന്ന് [illegible]
ഗവേഷണങ്ങൾ നടത്താതെ [illegible]
മല്ലിൽ തീ കത്തിക്കൊണ്ടിരി[illegible]
അതിനെ അണയ്ക്കാൻ [illegible]
ശ്രമിച്ച്കൊണ്ടിരിക്കുക ഈ [illegible]
മാണോ ആ സമൂഹമാണോ [illegible]
ക്കേണ്ടത് എന്ന് ചിന്ത[illegible]
സന്ദർഭമല്ലിത് മനുഷ്യ[illegible]
മൃഗീയജീവിതമോ എന്താണ് [illegible]
തെന്ന് തീരുമാനിക്കേണ്ട [illegible]
ത്



സൗമ്യ സി.പി
I[st] BSc Physics

# നോവ്



ഞാൻ നടക്കുന്നു ജന്മാന്തരങ്ങളിൽ
എന്നെ മറന്നുവോ നീ ?
അകലുന്ന ദ്വാരകവീഥിയിൽ മിഴി നട്ടിരിക്കും
വിരഹിണിയാം രാധയാണ് ഞാൻ
എന്തിനോ? എന്തിനോ? അറിയില്ല !
ഞാനെന്റെ നീറും നൊമ്പരങ്ങളെല്ലാം
എന്നിൽ മാത്രം കരുതി വെച്ചു
എൻ മനസ്സൊരു തിരിനാളമായിതാ
ജീവിതാഗ്നിയിൽ ഹവിസ്സ് പോലെ
ഏതോ ശരത്കാലസന്ധ്യയിൽ
കനിവൂറും മനസ്സുകൾ തൻ
സ്നേഹമന്ത്രങ്ങളെല്ലാം നിരസിച്ച്
വെറുമേകാന്തപഥികയായ്
ഈ വഴിയലഞ്ഞു ഞാൻ
എവിടെയോ പൂക്കുന്നുണ്ടെ
എനിക്കായൊരു തണൽ മരം
അതിൽ വിരിയും പൂവും ഫലങ്ങളും
ഇനി മുതൽ എന്റേത് മാത്രം
എന്നും നിനക്കായ് ഞാനെന്റെ
മനസ്സിന്റെ വാതിൽ തുറന്നിരുന്നു
രാത്രിയുടെ അന്ത്യയാമങ്ങളിൽ
എന്നു നിനക്കായ് കുറച്ചു നിമിഷങ്ങൾ
ആ നിമിഷങ്ങളിലോർത്തു ഞാൻ
ജന്മങ്ങളായറിഞ്ഞില്ല നിന്നെ ഞാൻ
ഒരു മൺചിരാതു പോൽ
നീ എന്നിൽ അലിഞ്ഞിരുന്നല്ലോ!
നിന്നെ കാണാതെ കാണാതെ
ജന്മാന്തരങ്ങൾ ഞാനലഞ്ഞു
നീയെന്നാത്മാവിനുള്ളിൽ മയങ്ങി
എന്തിനെന്നെ വിളിച്ചു നീ വീണ്ടും?
ഒടുവിലൊരു നാൾ ഞാനെൻ
അകക്കണ്ണുകൾ തുറക്കവേ,
കണ്ടു നിന്നെ ഞാൻ
തെരുവിലൊരു കോണിൽ
ദൈന്യവും മിഴിയിണകളും
വാടിത്തളർന്ന മുഖവുമായങ്ങനെ
മനസ്സിൽ താളഭംഗങ്ങളും
ഉരുകുന്നൊരെൻ മനസ്സിന്റെ
നോവുമിതാ നിനക്കായ് സമർപ്പിക്കുന്നു ഞാൻ



# ഇ.എം.എസ്. സാഹിത്യത്തിലും സംസ്ക്കാരത്തിലും



ജിതേഷ്.പി.വി
IIIrd B.Com

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക പഠനങ്ങളും, ആധുനികോത്തര ഉൾക്കാഴ്ചകളും പൊതുജീവിത സംസ്കാരത്തിലും, അധികാരഘടനയിലും നിർണായക പങ്കു വഹിക്കുന്നതായി കാണാം. തൊഴിലാളി വർഗ്ഗസോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അവയുടെ ചുക്കാൻ പിടിച്ചിരുന്നവർ കല, സംസ്കാരം, സാഹിത്യം എന്നീ മേഖലകളിലും സ്വാധീനം ചെലുത്തിയിരുന്നവരായിരുന്നു എന്ന യാഥാർത്ഥ്യം കാണാം. സാമൂഹ്യഘടനയുടെ പുനരുജ്ജീവനത്തിനും, മാറ്റങ്ങളിലും അവർ നിർണായക പങ്കുവഹിച്ചിരുന്നു. അത്തരം കലാസാംസ്കാരിക പശ്ചാത്തലമുള്ള ചരിത്രനായകൻമാരെ നാം മറ്റുള്ളവരെക്കാൾ ഓർക്കുന്നു. അത്തരത്തിലൊരാളാണ് ഇ.എം.എസ്. ഇ.എം.എസ്. രാഷ്ട്രീയപഥങ്ങളിൽ മാത്രം തിളങ്ങിയ നായകൻ മാത്രമായിരുന്നില്ല. ചരിത്രവിമർശകനും, ഒരു നല്ല ഭരണകർത്താവും, മികച്ച സംഘാടകനും, സാംസ്കാരിക നായകനുമായിരുന്നു.

വിദ്യാർത്ഥി കാലഘട്ടത്തിൽ തന്നെ സാമൂഹ്യ പരിഷ്കരണപ്രവർത്തനങ്ങൾക്ക് ഇ.എം.എസ്. തുടക്കം കുറിച്ചിരുന്നു. 1932-ൽ അദ്ദേഹത്തിന് 23 വയസ്സുള്ളപ്പോൾ തന്നെ ഒരു പ്രസിദ്ധ സാമൂഹ്യപരിഷ്കർത്താവിന്റെ നോവലിന് ആമുഖമെഴുതിയതു മുതൽ ഇ.എം.എസ്. സാഹിത്യവിമർശകൻ എന്ന നിലയിൽ അറിയപ്പെട്ടു തുടങ്ങി.

സൈദ്ധാന്തികനായിരുന്ന ഇ.എം.എസ്. പുരോഗമന സാഹിത്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും, മാതൃകകളെക്കുറിച്ചും മാതൃഭൂമി വാരികയിൽ നിരന്തരം എഴുതിക്കൊണ്ടിരുന്നു. മലയാളത്തിൽ മാർക്സിസ്റ്റ് വീക്ഷണത്തിലുള്ള സാഹിത്യവും, കലാവിമർശനവും എങ്ങനെയായിരിക്കണമെന്ന് ആദ്യമായി എഴുതിയത് ഇ.എം.എസ്. തന്നെയാണ്. കേസരി ബാലകൃഷ്ണപിള്ള, ജോസഫ് മുണ്ടശ്ശേരി, മഹാകവി വള്ളത്തോൾ തുടങ്ങിയവർ ഇ.എം.എസിന് പിന്തുണ നൽകിയിരുന്നു. കേരളത്തിൽ സാംസ്കാരികമായ ഉയിർത്തെഴുന്നേൽപ്പിലേക്ക് ഇത് നയിച്ചു. മലയാളസാഹിത്യത്തിലും കലകളിലും ഒരു നവയുഗപിറവിക്ക് ഇത് കാര... 1951-ൽ കെ.പി.എ.സി. രൂപീകരിച്ചപ്പോൾ ഇ.എം.എസ് ആയി... മാർഗ്ഗദർശിയും, താത്വികാചാര്യനും. തോപ്പിൽ ഭാസിയുടെ '...ങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം കെ.പി.എ.സി. വിലക്... മായി തന്നെ അരങ്ങിലെത്തിച്ചു. നൂറുകണക്കിന് വേദികളി... യകരമായി അവതരിപ്പിച്ച ശേഷമാണ് അന്നത്തെ സർക്കാ... നാടകം നിരോധിച്ചത്. എന്നാൽ ഇ.എം.എസിന്റെ നേതൃ... വ്യാപകമായ പ്രതിഷേധങ്ങളുയർന്നപ്പോൾ സർക്കാർ നിരോ... പിൻവലിക്കുകയും, നിരോധിക്കാനുപയോഗിച്ച ആ നിയമം ... എടുത്തുകളയുകയും ചെയ്തു.

1967-ൽ രണ്ടാം തവണയും മുഖ്യമന്ത്രിയായപ്പോൾ 'ദേശാ... നിപത്രവും വാരികയും കേന്ദ്രീകരിച്ച് എഴുത്തുകാരുടെ ഒരു ... ടനയുണ്ടാക്കി. 'ദേശാഭിമാനി സ്റ്റഡി സർക്കിൾ' എന്ന് അറി... ഈ സംഘത്തിന് ഇ.എം.എസ് തന്നെ പുസ്തകരൂപത്തിൽ ... ഫെസ്റ്റോയും എഴുതി. 1970-കളുടെ അവസാനം ഈ ... കാരസംഘടന പുനരുജ്ജീവിപ്പിക്കപ്പെട്ടു. 'ദേശാഭിമാനി ... സർക്കിൾ' പുരോഗമന കലാസാഹിത്യ സംഘമായി ... ച്ചു. വൈലോപ്പിള്ളി അതിന്റെ അധ്യക്ഷനായി. ഇന്ന് ... ഏറ്റവും വിശാലമായ, ക്രിയാത്മകമായ കലാ-സാഹി... യാണിത്. കേരളത്തിൽ നിരവധി കലാ സാഹിത്യ ... സ്ഥാപനങ്ങൾ സ്ഥാപിച്ചത് ഇ.എം.എസ്. മുഖ്യമന്ത്രി...

ത്താണ് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കേരള ലളിതകലാ അക്കാദമി, സംഗീത നാടക അക്കാദമി തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഇതിനുദാഹരണങ്ങളാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ ഒന്നര ദശാബ്ദക്കാലം ഇ എം എസ് സമകാലീന ഗ്രന്ഥങ്ങളെക്കുറിച്ച് സ്ഥിരം പംക്തി എഴുതിയിരുന്നു. കവിതയും, വിമർശനവും, നോവലും, ചെറുകഥയും, ചരിത്രവുമെല്ലാം ഇ എം എസ് വിലയിരുത്തി.

എഴുത്തും പ്രവർത്തിയും ഒരാളിൽ ഒന്നിച്ചു നിൽക്കുന്നത് ചരിത്രത്തിൽ അത്യപൂർവ്വമാണ്. അത്തരം അപൂർണ്ണ സംയോജനമായിരുന്നു ഇ എം എസ്. തൊഴിലിനും വേതനത്തിനും, മണ്ണിനും ജീവിതമാർഗ്ഗത്തിനും വേണ്ടിയുള്ള സമരം പോലെ പ്രധാനമാണ് ഒരു പുതിയ സംസ്കാരത്തിനും, ജനകീയ സാഹിത്യത്തിനും വേണ്ടിയുള്ള സമരമെന്ന് ഇ എം എസ് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ആ ഗുരുവര്യന്റെ കാല്പാടുകൾ പിന്തുടർന്ന് ആ പാരമ്പര്യം ഉൾക്കൊണ്ടു കൊണ്ടല്ലാതെ കലാസാഹിത്യ ലോകത്തിന് മുന്നേറാൻ കഴിയില്ല.


ഇ എം എസ് എന്ന മൂന്നക്ഷരം ഇരുപതാം നൂറ്റാണ്ടിന്റെ കേരള ചരിത്രത്തിൽ ലാളിത്യത്തിന്റെയും സത്യസന്ധതയുടെയും, പര്യായപദങ്ങളാവുകയും ഗുണപരമായ സാമൂഹിക രാഷ്ട്രീയമാറ്റങ്ങളുടെ വക്താവും പ്രയോക്താവുമെന്ന നിലക്ക് പകരംവെക്കാനില്ലാത്ത യുഗപുരുഷന്റെ പ്രതീകമായി ചരിത്രത്തിൽ സ്വയം അടയാളപ്പെടുത്തുകയും ചെയ്തു.

ഇ എം എസ് സത്യത്തിന്റെ നേർക്ക് കാലത്തെ സാക്ഷിനിർത്തി സംവദിച്ചപ്പോൾ നമുക്ക് ലഭിച്ചത് മഹത്തായ ശക്തിമൂല്യങ്ങളാണ്. അവയാകട്ടെ അനുഭവത്തിന്റെ തീഷ്ണജ്വാലയിൽ ഉരുകി പരുവന്നതും. 1997 - ൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞപ്പോൾ ഇ എം എസിന്റെ ജീവിതയാത്ര ഒരു നൂറ്റാണ്ട് തികയാൻ പതിനൊന്ന് വർഷങ്ങളെ അവശേഷിക്കുന്നുണ്ടായിരുന്നുള്ളു. എണ്ണിപ്പറഞ്ഞാൽ 89 വയസ്സ്.

അദ്ദേഹം തന്നെ തന്റെ മരണപത്രത്തിൽ കുറിച്ചുവച്ചതുപോലെ ആദ്യത്തെ പത്തു വർഷമൊഴിച്ച് ബാക്കിയുള്ള ജീവിതകാലം മുഴുവൻ ജാതി ജന്മി മേധാവിത്വമെന്ന സാമൂഹ്യവ്യവസ്ഥിതിയുടെ വേരറുക്കാൻ വേണ്ടിയുള്ള വിപ്ലവപ്രസ്ഥാനം വളർത്താൻ ശ്രമിച്ചു. ചൂഷണരഹിതമായ സാമൂഹ്യവ്യവസ്ഥ ഇന്ത്യയിൽ കൊണ്ടുവരാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.



ഇ എം എസ് ഇനി ഓർമ്മ മാത്രമോ? ജീവൽ സാഹിത്യപ്രസ്ഥാനം മുതലിങ്ങോട്ട് അന്ത്യശ്വാസം അടങ്ങുവോളം വായനയുടെയും ചിന്തയുടെയും ലോകത്ത് തലങ്ങും വിലങ്ങും സഞ്ചരിച്ച ഈ ശക്തി ജ്യോതിസ്സിന് എങ്ങനെയാണ് മരണത്തോട് സന്ധിയാകാനാവുക? ഇല്ലെന്ന് തന്നെ വേണമല്ലോ നമുക്ക് കരുതാൻ.

ഫോട്ടോഗ്രാഫി രംഗത്ത് അത്യാധുനിക
സാങ്കേതിക വിദ്യ ങ്ങളിലും നിമിഷങ്ങൾക്കുള്ളിൽ
കളർ ഫോട്ടോഗ്രാഫിയുടെ നൂതന ശൃംഖല....
ഡിജിറ്റൽ സിസ്റ്റം......

ഷൈനി ഡിജിറ്റൽ സ്റ്റുഡിയോ

പഴയ ബസ്റ്റാന്റ്, ഇരിട്ടി, Ph: 2491661



അഞ്ജലി ...
I BSc Physics



# വേട്ട

രമ ദേവീനാമം ചൊല്ലിക്കൊണ്ടേയിരുന്നു. ദേവീ നാമം ചൊല്ലിയാൽ ദേവി അവളുടെ രക്ഷയ്ക്കെത്തുമെന്ന വിശ്വാസം അവൾക്കു നൽകിയത് അവളുടെ അമ്മൂമ്മയാണ്. രമ അത്രവലിയ ഈശ്വരവിശ്വാസിയൊന്നും ആയിരുന്നില്ല. എന്നിട്ടു കൂടി അവസാന ആശ്രയം എന്ന നിലയിൽ അവൾ ദേവീ നാമം ഉരുവിടാൻ തുടങ്ങി. ഇന്നെങ്കിലും തനിക്കവനിൽനിന്നും രക്ഷനേടണം. താൻനൽകിയ ശരവേഗം വർദ്ധിക്കാൻ അവൾ തന്നെ തൂവലുകൾ പിടിപ്പിച്ചുകൊടുത്ത അമ്പുകളിൽ ഇരുട്ടിലെവിടെയോ മറഞ്ഞു നിന്ന് അവൻ വിഷം പുരട്ടുകയാവും. അവൾ ശ്വാസമടക്കിപ്പിടിച്ചു. എവിടെ നിന്നെങ്കിലും അവന്റെ പതിഞ്ഞ കാലൊച്ച കേൾക്കുന്നുണ്ടോ? ഇല്ല ! അവൾ ഉറപ്പു വരുത്തി. അപ്പോഴാണ് അവളക്കാര്യം ഓർത്തത് പതിഞ്ഞസ്വരത്തിലാണെന്ന് താൻ കരുതുന്ന അവന്റെ കാലൊച്ചകൾ ഇതുവരെയും താൻ കേട്ടിരുന്നില്ലല്ലോയെന്ന്. എങ്കിലും അവളുടെ ഹൃദയത്തിൽ ആഴത്തിലുള്ള മുറിവുകൾ സൃഷ്ടിക്കുവാൻ അവനു കഴിഞ്ഞു. രമ പിന്നെയുമോർത്തു. അത് അവളാണോ അവനാണോ എന്ന് തനിക്കറിയില്ല. അവൻ തന്നെയാവും കാരണം ഇത്രയും ആഴത്തിലുള്ള മുറിവുകൾ സൃഷ്ടിക്കുവാൻ ഒരു സ്ത്രീഹൃദയവും കൂട്ടുനിൽക്കില്ല. ഇന്നലെ അവൻ സമ്മാനിച്ച മുറിവുകളിൽ നിന്നും രക്തം പൊടിയുന്നുണ്ട്. അതിന്റെ വേദനയിൽ അവൾ നീറിക്കൊണ്ടേയിരുന്നു. അത് പുതിയ മുറിവായിരുന്നില്ല വളരെ മുമ്പു തന്നെ ധാരാളം അമ്പുകൾ അവിടെ വന്നു തറച്ചിരുന്നു. പക്ഷെ ഇന്നലെ അമ്പ് വന്നുകൊണ്ടത് അതേസ്ഥാനത്തുതന്നെയായിരുന്നു. ചില സ്വപ്നങ്ങൾ ആവർത്തിക്കപ്പെടുന്നതാണെന്ന്. അല്ലെങ്കിൽ നമ്മുടെ ലോകത്തിന്റെ ചില മുഖങ്ങൾ ... യാൽ പിന്നെ ആ സ്വപ്നം മാറ്റുവാൻ പ്രയാസമാണെന്ന വസ്തുത അവൾ മനസ്സിലാക്കിയതും അപ്പോൾ മാത്രമാണ്.

ആ സ്വപ്നത്തെക്കുറിച്ച് ഒന്നുകൂടെയോർത്തെടുക്കുവാൻ അവൾ ശ്രമിച്ചു. ആ വലിയ കെട്ടിടത്തിന്റെ മുകളിൽ കയറി നിന്നപ്പോഴും ആ കുട്ടിയുടെ കണ്ണുകളിൽ ജീവിത പ്രതീക്ഷകളുടെ തിളക്കം രമ കണ്ടു. അവിടെ നിന്നുമവൾ താഴെക്കെടുത്തുചാടി. പക്ഷെ അദൃശ്യകരങ്ങൾ അവളെ പിന്നിൽ നിന്നും അവളെ തള്ളിയതുപോലെ രമയ്ക്ക് തോന്നി. താഴെ കോൺക്രീറ്റു പതിച്ച നിലത്തു വന്നു വീണ അവളിൽ നിന്നും രക്തം ഒരു മലവെള്ളപ്പാച്ചിൽ പോലെ നാലുപാടേക്കും ഒഴുകിക്കൊണ്ടേയിരുന്നു. ആ രക്തത്തിൽ നിന്നും അവൾ ഉയിർത്തെഴുന്നേറ്റു. അപ്പോൾ അവൾ ഒരു വെളുത്തകോട്ടു ധരിച്ചിരുന്നതായും കഴുത്തിൽ ഒരു സ്റ്റെതസ്കോപ്പ് തൂക്കിയിട്ടതായും രമ കണ്ടു. അവളുടെ കണ്ണിൽ പ്രതീക്ഷയുടെ കിരണങ്ങളപ്പോഴും തങ്ങി നിൽക്കുന്നുണ്ടായിരുന്നു. പിന്നീടവൾ ഭൂമിയു... വലുതായി അവളുടെ മുടിയവൾ അഴിച്ചിട്ടിരുന്നു. അവളുടെ ശുദ്ധിതെളിയിക്കുവാൻ ആരുടെ രക്തം കൊണ്ടാണവൾ ഇതണിയിക്കേണ്ടിയിരുന്നതെന്ന് രമ ചിന്തിച്ചു. ...യേറെ തന്റെ പ്രതീക്ഷകളും, ഒരു കുടുംബത്തിന്റെ ...ങ്ങളും പേറി ഒരു കുഞ്ഞുപ്രാവിനെപോലെ പിടഞ്ഞ ... അവളുടെ രക്തം വാർന്നു; ബാക്കി നിന്ന ...പ്പോലും തന്റെ സമൂഹം വെറുതെ വിട്ടില്ലല്ലോ എന്ന ...ച്ചപ്പോൾ ആ മുറിവുകളിലെ വേദന ഒന്നു കൂടി ...ക്കുന്നത് രമ അറിഞ്ഞു.

ഇന്നു താനുറങ്ങാതെ കിടക്കും ... തന്നെ ആക്രമിക്കാൻ കഴിയുമോന്നാർക്കാൻ ...

ത്തിനെതിരെ യുദ്ധം ചെയ്യുവാൻ ആരംഭിച്ചു. മറ്റൊരു മുറിവിൽ നിന്നും അപ്പോഴേക്കും രക്തം വാർന്നൊഴുകുവാൻ തുടങ്ങി. അവൻ വന്നില്ലെങ്കിലും അവനുണ്ടാക്കിയ മുറിവുകൾ ഉണങ്ങാതെ തന്നിലെല്ലാകാലത്തും അവശേഷിക്കുകയും അവ തന്നെ വേദനിപ്പിച്ചു കൊണ്ടേയിരിക്കുകയും ചെയ്യുമെന്നുള്ള സത്യം ഭാമയിൽ നടുക്കം സൃഷ്ടിച്ചു.

അതുമൊരു പെൺകുട്ടിയായിരുന്നു. അല്ലെങ്കിലും എല്ലായ്പ്പോഴും സമൂഹത്തിന്റെ ബലിമൃഗങ്ങളിൽ കൂടുതലും സ്ത്രീ ജനങ്ങളാണല്ലോ? ആ കുട്ടി ഒരു പ്രകാശത്താൽ വലയം ചെയ്യപ്പെട്ട ഇരുണ്ട ദ്വീപുപോലെ, ഒരു വലിയ വെളിച്ചത്തിനു മധ്യത്തിലായി കാണപ്പെട്ട ഇരുളിന്റെ നിഴലിൽ നില്ക്കുകയായിരുന്നു. പെട്ടെന്ന് ആ വെളിച്ചത്തിൽ നിന്നും നിറപ്പകിട്ടാർന്നകരങ്ങൾ നീണ്ടുവന്നു. അവയ്ക്കെല്ലാംതന്നെ പൂച്ചകളുടേതുപോലെ ആരും കാണാതെ സൂക്ഷിക്കുവാൻ കഴിയുന്ന വളഞ്ഞു കൂർത്ത നഖങ്ങളുണ്ട്. അതിനാലാവണം അവ അവളുടെ ശരീരത്തിൽ മുറിവുകൾ സൃഷ്ടിയ്ക്കുവാൻ തുടങ്ങിയപ്പോൾ മാത്രമേ അവൾക്കവയെ തിരിച്ചറിയുവാൻ കഴിഞ്ഞുള്ളൂ. അവ അവളെ മാന്തിക്കീറി അവളുടെ ശരീരത്തിലെല്ലാം തന്നെ വലിയ വലിയ മുറിവുകൾ സൃഷ്ടിച്ചു. രക്തത്തിൽ കുളിച്ച അവൾ അവിടെ തളർന്നു വീണു. ആ ശരീരം ഒന്നു പിടഞ്ഞതുപോലെ തോന്നി പിന്നീടു നിശ്ചലമായി. അപ്പോൾ നാലുപാടു നിന്നും ഒരു കുഞ്ഞിന്റെ കരച്ചിൽ മുഴങ്ങുന്നുണ്ടായിരുന്നു. അതൊരു പെൺകുഞ്ഞാവണം. വെളിച്ചത്തിൽ നിന്നും പിന്നെയും കരങ്ങൾ നീണ്ടുവന്നു പക്ഷെ അവയുടെ നഖങ്ങൾ പുറത്തേക്ക്വന്നില്ല. അവ തമ്മിൽ കലഹിക്കുവാൻ തുടങ്ങി. കുറച്ചുസമയത്തെ കലഹത്തിന് ശേഷം അവയും അപ്രത്യക്ഷമായി. അപ്പോഴും ആ കുഞ്ഞുകണ്ഠത്തിൽ നിന്നും പുറപ്പെടുന്ന ശബ്ദം അവിടെ



മുഴങ്ങുന്നു ണ്ടായിരുന്നു. പിന്നീട് പലപ്പോഴും പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പ്രത്യക്ഷപ്പെട്ട ചില മുഖങ്ങൾക്കെല്ലാം തന്നെ ആ പെൺകുട്ടിയുടെ ഛായ ഉണ്ടായിരുന്ന കാര്യം ഭാമ ഓർത്തു.

ഭാമ പിന്നെയുമോരോന്നാലോചിച്ചുകൊണ്ടേയിരുന്നു. ഇന്ന് ഉറങ്ങുവാൻ പാടില്ല. ഇന്നെങ്കിലും അവനിൽ നിന്നും തനിക്ക് രക്ഷനേടണം. പക്ഷെ അപ്പോഴും അവളുടെ ഹൃദയത്തിലെ മുറിവുകളിൽ നിന്നും രക്തം പൊടിഞ്ഞുകൊണ്ടേയിരുന്നു. അന്ന് താൻ കണ്ടത് തന്നെ തന്നെ ആയിരുന്നില്ലേ? തന്റെ കയ്യിൽ ഒരു വലിയ വസ്തു താൻ സൂക്ഷിച്ചിരുന്നു. ക്രമേണ അതിന്റെ നിറം മങ്ങുവാൻ തുടങ്ങി. പിന്നെ അവയിൽ പൂപ്പൽ വളർന്നു കൊണ്ടേയിരുന്നു. എന്തായിരിക്കുമതെന്ന് ഭാമ വളരെനാൾ ആലോചിച്ചു. മാസങ്ങൾ കഴിഞ്ഞാണ് അവ തന്റെ ചിന്തകളും അറിവുകളുടെ വെളിച്ചവുമായിരിക്കാം എന്ന വസ്തുത ഭാമ കണ്ടുപിടിച്ചത്. പിന്നീടുള്ള ദിവസങ്ങൾ അവൾ ചിന്തിച്ചത് അറിവുകളിൽ നിന്നു താൻ ആർജ്ജിക്കേണ്ടിയിരുന്ന ബോധത്തെപ്പറ്റിയായിരുന്നു. എന്താണത്? മൂന്നു വയസ്സുമുതൽ താൻ പഠിച്ച ഒരു ക്ലാസിലും അത്തരമൊരു വിഷയമോ അദ്ധ്യായമോ അവൾക്ക് പഠനവിഷയമായിരുന്നില്ല. ആ വിഷയത്തിൽ അവൾക്ക് പ്രത്യേക കോച്ചിംഗുകളോ ട്യൂഷനോ അവളുടെ രക്ഷിതാക്കൾ നൽകിയതുമില്ല. എന്നിട്ടും എല്ലായ്പ്പോഴും അത് അവളിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചു കൊണ്ടേയിരുന്നു. പക്ഷെ ആ അസ്വസ്ഥതകൾ അവളിൽ തന്നെ ജനിക്കുകയും അവളിൽ തന്നെ മരിക്കുകയും ചെയ്തു.

ഭാമ ഇപ്പോഴും ഉറങ്ങാതെ കിടക്കുകയായിരുന്നു. അവൾ ശ്വാസമടക്കിപ്പിടിച്ചു ശ്രദ്ധിച്ചു. അവന്റെ കാലൊച്ച കേൾക്കുന്നുണ്ടോ? ഇല്ല ! അവൾ ദീർഘമായൊന്നു നിശ്വസിച്ചു. ഉറക്കം അവളെ പതിയെ തലോടുവാൻ തുടങ്ങിയോ? അവൾ ഉറക്കത്തെ ആട്ടിയോടിച്ചു. ഇന്നെങ്കിലും അവൻ വരാതെ നോക്കണം. കാരണം ഭാമ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടതും. എന്നാൽ അതിലുമേറെയായി വെറുത്തതും ഭയന്നതും അവനെ ആയിരുന്നു. ഭാമ വീണ്ടും ശ്വാസമടക്കിപ്പിടിച്ചു. ഇരുളിൽ എവിടെ നിന്നെങ്കിലും ഒരു പതിഞ്ഞ കാലൊച്ച കേൾക്കുന്നുണ്ടോ? ●

# വിടപറയും മുമ്പേ....




ഷിജു പി.കെ
(Ist BSc. Physics)


ഈ പടികാമണിതൻ സൂചി
നിലച്ചിടുവാൻ സമയമായില്ല പോലും
മരവിച്ച മിഴിനീർ ചിത്രങ്ങൾ,
കാറ്റുകൊള്ളുമന്നാലിയാത്മരോദനങ്ങൾ
കർമ്മം മറക്കും വികലമാം കൈകളും
ചരിത്രം പ്രസംഗിച്ചു തളരുന്നു
അറ്റുപോയ വേരുകൾ പിന്നെയും മുറിഞ്ഞുതുടങ്ങുന്നു
ആസന്നമൃതിയിൽ ഞരമ്പിൻ കാഹളം
അന്ത്യയാത്രയായ് ഒരു വഴി തുഴയുന്നു
തിരികെയെത്താത്തൊരാ മൺകുന്നിൽ
ഇനിയുമീ കാലത്തിൻ കല്ലറയിലൊ-
തുങ്ങാനൊരുങ്ങുന്നൊരു ദേഹം ഒളിഞ്ഞിരിപ്പൂ
അമൃതൂട്ടും കരങ്ങളാലിനിയെന്തു ചെയ്‌വൂ
മാനസവീണയിൽ ഒരു സ്വരങ്ങളുണരും
കരിമുകിലുകൾക്കുമിതമാം അമരത്തിൽ
ശയിച്ചിടുവാനിനിയൊരുകാലം കാത്തുനിൽപ്പൂ
വരവേൽക്കയാണീ ശ്മശാനമൂകമാം മൗനവും
തീരങ്ങളാകും ചില്ലുജാലകവും
എത്രനാളിനിയില്ലയീമാലിംഗനത്തിലമരാൻ
ഇന്നു ഞാനോർക്കുന്ന കാതരസത്യങ്ങൾ
അന്നു മുലപ്പാലൂട്ടിയൊരെൻ മാതാവിൻ കരുതലും
അരുമയെന്നോതാതെയെന്നെ ഞാനാക്കിയെൻ താതനും
ഇളമുറിയാതൊരാ കാല്പനികവസന്തത്തിൻ
മൗനമെഴുതാൻ കൊതിച്ചെന്നോടൊട്ടിനിന്നോ
എൻ പ്രാണസഖിതൻ വിരഹവും
എന്റെ സ്നേഹബാഷ്പങ്ങളേറിയുമെൻ സുഹൃത്തുക്കളും
താമസത്തിനൊരു താമസം
ഞാനിന്നിനേരമില്ലാ നേരത്തെ സ്നേഹിക്കുന്നു
ഇവരിന്നെൻ സ്വപ്നം കുടികൊള്ളുന്നു
ഈ മാറിലുറ്റിയില്ലായിരുന്നെങ്കിൽ
ചേതനയറ്റുപിടയുന്നൊരാ പ്രപഞ്ചപക്ഷിതൻ രോദനം
അസ്തമിക്കുവാൻ വെമ്പുന്നൊരീ സൂര്യനും
ഉറക്കമാണെങ്കിലും ഉറക്കത്തിനായ്
ഈ നേരമെരിക്കലും ഇരുട്ടില്ലായിരുന്നെങ്കിൽ...

# നോവ്




ഷിജിന.കെ.കെ
(IIIrd BCom.)


ജാലകമിഴികൾ അടഞ്ഞുവോ
കാറ്റിന്റെ മംഗളസ്പർശം അലിഞ്ഞുവോ
മാന്തളിർ പൊഴിയുമീ ഉഷ്ണ വേഗങ്ങളിൽ
മാനസം പിന്നെയും വെന്തുനീറുന്നുവോ
മൗന രാഗങ്ങളിൽ കാത്തൊരാപ്രണയവും
മാത്ര നേരമെൻ നെഞ്ചിൽ വിങ്ങുന്നുവോ
മഴനൂലിഴപോകിയ സ്വപ്നവും കിനാക്കളും
മാനത്ത് പിന്നെയും ബാഷ്പമായ് നിന്നുവോ
പാതിരാമുല്ലയും പാരിജാതങ്ങളും
പ്രാണന്റെ പിന്നിൽ പൊലിയുന്നുവോ
നൊമ്പരത്തിപ്പൂക്കൾ വാടി വീഴുമ്പോഴും
നോവായി പിരിയുവാൻ കാത്തുനിൽക്കുമ്പോഴും
മൂകമാം നോവിൽ വിങ്ങുമെൻ പ്രാണനും മൗനരാഗങ്ങളു
ചിറകുതളരുമൊരു ശലഭമായി കടലിന്നു മീതെ
പാറി വീഴുന്നുവോ





# വേനൽക്കാഴ്ചകളിലൂടെ...



രഞ്ജിത് പി.വി
II nd B.Com

ക്യാംപസ്സിലെ മുഴുവൻ നാടകപ്രേമികൾക്കും വേണ്ടി....

ഒരു പറ്റം കർഷകരുടെ വിയർപ്പിന്റെ, ചെളിയുടെ മണമുള്ള 'വേനൽക്കാഴ്ചകൾ' അവരുടെ..... മോഹങ്ങളുടേയും മോഹഭംഗങ്ങളുടേയും 'വേനൽക്കാഴ്ചകൾ'. നാട്ടിപ്പാട്ടിന്റെയും നാടൻകലകളുടെയും 'വേനൽക്കാഴ്ചകൾ'. മണ്ണിനെ കൊല്ലുന്ന, ലാഭക്കൊതിപൂണ്ട 'കങ്കാണി'മാരുടെ ചതിയുടെ 'വേനൽക്കാഴ്ചകൾ'. ഒടുവിൽ, സർവ്വനാശത്തിന്റെ ചോരയുറ്റുന്ന കൊലകയറിന്റെ 'വേനൽക്കാഴ്ചകൾ'.

ഇതിനെല്ലാം പുറമെ, കൗമാരം വിട്ട ഒരു പറ്റം പിള്ളേർക്ക് ഒന്നിനോടുതോന്നിയ പ്രണയത്തിന്റെ തീക്ഷ്ണമായ ആവിഷ്ക്കാരത്തിന്റെ 'വേനൽക്കാഴ്ചകൾ' അവരുടെ......സഹനത്തിന്റെയും, വൈജാത്യങ്ങളുടെയും അവസ്ഥാന്തരങ്ങളുടെ 'വേനൽക്കാഴ്ചകൾ' ഒടുവിൽ ശുഭപര്യവസായിയായ ഒരു നാടകക്യാമ്പിന്റെ, സ്നേഹം നിറഞ്ഞ ഊഷ്മളതയുടെ 'വേനൽക്കാഴ്ചകൾ'.

ഇക്കഴിഞ്ഞ യൂനിവേഴ്സിറ്റി കലോത്സവത്തിൽ തെരുവുനാടക മത്സരത്തിൽ ഒന്നാമതെത്തിയത് 'വേനൽക്കാഴ്ചകൾ' എന്ന നാടകമായിരുന്നു. ഒട്ടേ അത്ഭുതത്തോടെ പറയട്ടെ ആ നാടകം അവതരിപ്പിച്ചത് ഈ കോളജിലെ ചിലരായിരുന്നു.

2005 ജനുവരി 31, ആ തിങ്കളാഴ്ചയായിരുന്നു. ഞങ്ങൾ ഏഴുപേർ, 'ഇപ്രാവശ്യം കോളജിൽ നിന്നും തെരുവു നാടകത്തിന് യൂണിവേഴ്സിറ്റി കലോത്സവത്തിലേക്ക് കൊണ്ടുപോകാൻ ഫണ്ട് അനുവദിക്കാം' എന്ന ആർട്ട്സ് സെക്രട്ടറി സന്ദീപ് പി.വി യിൽ നിന്നും കിട്ടിയ ഉറപ്പിൻ മേൽ ചെടിക്കുളം എന്ന ഗ്രാമത്തിൽ സംഘടിപ്പിച്ച നാടക ക്യാമ്പിലേക്ക് യാത്രയായത്. കുടിയേറ്റജനതയുടെ അസാമാന്യമായ മനക്കരുത്തിന്റേയും അദ്ധ്വാനത്തിന്റെയും പ്രതീകമായ ചെടിക്കുളം ഗ്രാമത്തിലെ റബ്ബർ തോട്ടങ്ങൾക്കിടയിലൂടെ ബസ് സഞ്ചരിക്കുമ്പോൾത്തന്നെ കേളുവും ബിനോയിയും അരുണും 'വെടി' പറച്ചിൽ ആരംഭിച്ചു. നാടകത്തിന്റെ സംവിധായകനായ ജിനോ ജോസഫ് ബസ്സിൽ ഉണ്ടായിരുന്നതിനാൽ ക്യാമ്പിലേക്കുള്ള വഴി കണ്ടെത്താൻ ബുദ്ധിമുട്ടിയില്ല.

ചെടിക്കുളം ബസ് സ്റ്റോപ്പിൽ നിന്നും ഒന്ന്-രണ്ട് കിലോമീറ്റർ അകലെയുള്ള ഒരു വീട്ടിലായിരുന്നു ക്യാമ്പ്. അപരിചിതമായവഴിയിൽ ഇരുട്ട് മൂടിയതിനാൽ ആ വീട്ടിലെത്താൻ ഞങ്ങൾ ഓട്ടോയെ ആശ്രയിച്ചു. ഓട്ടോക്കാരൻ ഞങ്ങളെ വീട്ടുവളപ്പുവരെ എത്തിച്ചു. നിശബ്ദമായ, ആ അന്തരീക്ഷത്തിൽ വന്നിറങ്ങിയപ്പോൾ ഞാൻ ചുറ്റുപാടും ഒന്നു നോക്കി അപ്പോൾ അകലെ നിന്നും 'രവീന്ദ്ര' സംഗീതത്തിൽ വന്ന ഒരു റേഡിയോഗാനം എന്നെ ആകർഷിച്ചു......

"ഞാനറിയാതെ നിൻ പുഞ്ചിരിത്തുമ്പിൽ....

കൗതുകമുണരുകയായിരുന്നോ......"

അരണ്ട വെട്ടത്തിൽ ദൂരെനിന്നു തന്നെ



ആ വീടുകണ്ടപ്പോൾ ഒരുപാട് പുതുമയും പ്രത്യേകതകളുമൊക്കെത്തോന്നി. ഒരു ഫലകത്തിൽ കുരിശുചിഹ്നത്തോടൊപ്പം 'മറിയം മെമ്മോറിയൽ 1963 മാർച്ച് 31' എന്നെഴുതിയിട്ടുണ്ട്. 50 കളുടെ അവസാനത്തിലോ 60 കളുടെ ആദ്യമോ മലബാറിലേക്കു കുടിയേറിയ ഒരു 'ഇച്ചായൻ' പണികഴിപ്പിച്ചതാണ് ഈ വീട് എന്ന് അപ്പോൾ തന്നെ മനസ്സിലായി. ആശാരിമാരുടെ ഭാഷയിൽ പറഞ്ഞാൽ ആകെപ്പാടെ ഒരു 'മുഖപ്പ്' ഒക്കെയുള്ള ഒരു വീട്. വീടിനു പുറമെ രണ്ടു മുറികളുള്ള 'ഔട്ട് ഹൗസ്' ഉണ്ടായിരുന്നു. എന്നാലും ഞങ്ങൾക്ക് വീട്ടിലെ ഒരു മുറിയും അടുക്കളയും മാത്രമേ ഉപയോഗിക്കാനുള്ള അനുവാദമുണ്ടായിരുന്നു.

ആ രാത്രിയിൽ തന്നെ സംവിധായകനായ ജിനോയേയും നാടകത്തിന്റെ അണിയറ പ്രവർത്തകരായ അനീഷിനേയും ജിജോ കലാസംവിധായകനായ ഹരിയേയും ഞങ്ങൾക്ക് പരിചയപ്പെടുത്തി. 'വേനൽക്കാഴ്ചകൾ' എന്ന തെരുവുനാടകത്തെപ്പറ്റിയും അതിലെ കഥാപാത്രങ്ങളെക്കുറിച്ചും, അവരുടെ സ്വഭാവത്തെപ്പറ്റിയും ജിനോ പറഞ്ഞു തന്നു. 'തൊമ്മിച്ചൻ' ഒരു കർഷകനാണ്, മണ്ണിന്റെ മണവും നാടൻപ്പാട്ടിന്റെ ഈരടികളും നെഞ്ചിലേറ്റി നടക്കുന്ന ഒരു അറുപതുകാരൻ. ഇച്ചായന് എപ്പോഴും തിരക്കാണ്. മാനം കറുക്കുമ്പോൾ നിലം ഉഴുത് വിത്തെറിയണം, കാളകളെ നോക്കണം ഭക്ഷണകൊതിയനായ 'ശങ്കര'നെ വഴക്കു പറയണം, മടിയനായ പുത്രൻ 'സണ്ണിക്കുഞ്ഞി' നു മേൽ തൊമ്മിച്ചന്റെ കണ്ണെത്തിയില്ലെങ്കിൽ അവൻ വല്ല പണിയും എടുക്കുമോ?...തൊമ്മിച്ചന്റെ എല്ലാ സ്വപ്നങ്ങളുടേയും തുടക്കവും ഒടുക്കവും മൂത്തപുത്രൻ 'അലക്സ് കുഞ്ഞാ'ണ്. പഠിപ്പുകഴിഞ്ഞ് അലക്സ് കുഞ്ഞ് നാട്ടിൽ വന്നാൽ, തന്റെ ജീവനും ജീവിതവുമായ കൃഷിഭൂമിയും കാർഷികോപകരണങ്ങളും അവന് സമ്മാനമായി കൊടുക്കാൻ തൊമ്മിച്ചൻ വല്ലാതെ ആഗ്രഹിച്ചിരുന്നു. അലക്സ് കുഞ്ഞ്, തന്റെ ഭൂമിയെ പൊന്നുപോലെ നോക്കുമെന്നും, അവൻ അതിൽ പണിയെടുത്ത് തന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കുമെന്നും തൊമ്മിച്ചൻ സ്വപ്നം കണ്ടു. എന്നാൽ പരിഷ്ക്കാരിയായ അലക്സുകുഞ്ഞ്, ബ്ലേഡുകാരൻ 'ആൽഫ്രഡു' മായിച്ചേർന്ന് തൊമ്മിച്ചന്റെ കൃഷിഭൂമിയും നീരുറവകളും വെട്ടി നിരത്തി ഫ്ളാറ്റുകളും ബിസിനസ്സ് കോംപ്ലക്സുകളും പണിയുന്നു.


അങ്ങനെ ഭൂമിയുടെയും വെള്ളത്തിന്റെയും അവകാശം കർഷകരിൽ നിന്നും ലാഭക്കൊതിപൂണ്ട ഹൈടെക്ക് കാട്ടാളൻമാരുടെയും ബഹുരാഷ്ട്ര കുത്തകകളുടെയും കൈകളിലെത്തുന്നു. കുടിനീർ കിട്ടാതെ 'തൊമ്മിച്ച'നടക്കമുള്ളവർ തൊണ്ട പൊട്ടി മരിക്കുന്നു.

വർഷങ്ങൾ കടന്നുപോയി...... വെള്ളവും കൃഷിഭൂമിയും അപൂർവ്വ വസ്തുക്കളായി. അപ്പോൾ പുതിയ ഒരു വിപ്ലവ തലമുറ ഉടലെടുക്കുന്നു. ആ പുതിയ തലമുറ, കുടിനീരിന്റെ കുളിർമയും, നെൽക്കതിരിന്റെ നൈർമ്മല്യവും തങ്ങൾക്ക് നഷ്ടപ്പെടുത്തിയ ബഹുരാഷ്ട്രകുത്തകകളെ തിരിച്ചറിയുന്നു. മണ്ണിൽ രാസവും എന്ന വിഷം കുത്തിനിറച്ച് മണ്ണിന്റെ ചോര ഊറ്റിയ നിണക്കുടിയൻമാരെ അവർ 'കൈകാര്യം' ചെയ്യുന്നു. അങ്ങനെ പഴയ ആ സൗരഭ്യം നിറഞ്ഞ കാലത്തേക്ക് മടങ്ങിപ്പോകാൻ വിളംബരം ചെയ്തുകൊണ്ട് നാടകത്തിന് 'തിരശ്ശീല' വീഴുന്നു.

ഈ അടുത്ത ദശകങ്ങളിൽ 'നാടകം' എന്ന കലാരൂപത്തിന്റെ അവതരണ ഘടനയിൽ വന്ന വ്യത്യാസത്തിന്റെ ആകെകൂടിയുള്ള ഒരു പുതിയപതിപ്പാണ് 'തെരുവുനാടകങ്ങൾ'. പേരു സൂചിപ്പിക്കും പോലെ തന്നെ സജ്ജീകരിച്ച സ്റ്റേജോ മറ്റ് സൗകര്യങ്ങളോ തെരുവുനാടകങ്ങൾ അവതരിപ്പിക്കുന്നതിന് ആവശ്യമില്ല. അവിടെ സെറ്റിങ്ങിന്റെ ആർഭാടതയോ മൈക്ക് പോലുള്ള ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സപ്പോർട്ടോ ഇല്ല. അഭിനയം, അത് മാത്രമാണ് തെരുവുനാടകത്തിന്റെ സൗന്ദര്യം. അത് നാച്ചറലാകണം. നാടകീയത മുറ്റിനില്ക്കണം. കവിതകളും പാട്ടുകളും സംഗീത-വാദ്യോപകരണങ്ങളുടെ ഉപയോഗവുമാണ് തെരുവുനാടകത്തിന്റെ മറ്റൊരു പ്രത്യേകത. തെരുവുനാടകത്തിൽ പ്രേക്ഷകനും അഭിനേതാക്കളും തമ്മിലുള്ള അകലം വളരെ കുറവാണ്. അഭിനേതാവിന് പ്രേക്ഷകരോട്







ഒരാൾ ഒരു സാമൂഹ്യ പ്രവർത്തനത്തിൽ സമൂഹികമായ പുരോഗമനത്തിൽ ഒരു സാധാരണക്കാരൻ ജീവിത സമ്പ്രദായ വിഷയങ്ങളുമായി ബന്ധപ്പെട്ട ചെയ്യുന്നത് ജനകീയ പ്രവർത്തനങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടെ സമീപിക്കാൻ ... കലയും പുരോഗമനത്തിൽ "ജീവിതത്തിന്റെ പരിച്ഛേദമാണ് കല. നാടകം" എന്ന അഭിപ്രായക്കാരനായ ... "സഫ്ദർ ഹാശ്മി" എന്ന നാടക കലാകാരനെക്കുറിച്ച് പറയാതെ ഒരു പഠനം തെരുവുനാടകത്തെപ്പറ്റിയുള്ള ഈ ലേഖനം പൂർണ്ണമാകില്ല. ... നാടകപ്രവർത്തനത്തെ ... ആരാധന ... കുറിച്ച് ഓർക്കാനുള്ളു. ഇന്ത്യപ്രസ്ഥത്തിലെ അധികാരത്തിന്റെ ഇടനാഴികളിൽ നടക്കുന്ന രാഷ്ട്രീയ ജീർണ്ണതയ്ക്കും ഫ്യൂഡലിസത്തിനുമെതിരെ തെരുവുനാടകമെന്ന ശക്തമായ മാധ്യമം ഉപയോഗിച്ച് അദ്ദേഹം ജനങ്ങളെ ബോധവാൻമാരാക്കി. അതിൽ അസ്വസ്ഥരായ രാഷ്ട്രീയക്കോമരങ്ങൾ ഹാശ്മിക്കെതിരെ ഭീഷണിമുഴക്കി. എന്നാൽ അത് വകവെക്കാതെ ഹാശ്മി തന്റെ കലാപ്രവർത്തനം തുടർന്നു കൊണ്ടേയിരുന്നു. തെരുവിൽ വച്ചു തന്നെ ഹാശ്മിയുടെ ജീവനെടുത്താണ് കൊലവെറി പൂണ്ട രാഷ്ട്രീയ രാക്ഷസന്മാർ ഇതിനെതിരെ പ്രതികരിച്ചത്. തെരുവുനാടകപ്രസ്ഥാനം ഇത്രമാത്രം ജനകീയമാകുന്നതിൽ ഹാശ്മിയുടെ പങ്കു വലുതാണ്.

ക്യാമ്പിലെ ദിവസങ്ങളെക്കുറിച്ച് പറയട്ടെ.......

ഞങ്ങളുടെ അന്നത്തെ ക്യാമ്പിലെ ദിവസങ്ങൾ അത്ര സന്തോഷത്തോടെ ഓർക്കാനില്ല. ഒരുപാട് പ്രയാസങ്ങളുടെയും ദുഃഖങ്ങളുടെയും ദിവസങ്ങളായിരുന്നു അവ. ഞങ്ങൾക്ക് കോളേജിൽ നിന്ന് നാടകത്തിലേക്കുള്ള ഫണ്ട് മാത്രമേ തരപ്പെടുത്തിയെടുക്കാൻ കഴിഞ്ഞുള്ളൂ. മൈംഷോയും ഞങ്ങളുടെ ഇനമായതിനാൽ അതു പഠിക്കുന്നതിനും ക്യാമ്പിലെ ഞങ്ങളുടെ 'വട്ടച്ചിലവി'നും ഞങ്ങൾ തന്നെ ഫണ്ട് സ്വരൂപിക്കേണ്ടി വന്നു. ഞങ്ങളെല്ലാവരും തന്നെ ഇടത്തരകുടുംബത്തിൽ നിന്നുള്ളവരായതിനാൽ അതിനും പരിധി ഉണ്ടായിരുന്നു. നാടകത്തിന്റെ അണിയറപ്രവർത്തകരിൽ ഒരാളായ ജിജോയ്ക്ക് ആയിരുന്നു ഞങ്ങളുടെ ഭക്ഷണത്തിന്റെ ചുമതല. ഫണ്ട് പരിമിതിമൂലം ഉള്ള വിഭവങ്ങൾ ഉപയോഗിച്ച് ഞങ്ങളെ ഊട്ടിയ ജിജോയ്ക്ക് ഞങ്ങൾക്കുള്ള കടപ്പാട് അറിയിക്കട്ടെ. ഉറക്കത്തിന്റെ കാര്യവും 'തഥൈവ' തന്നെ, കാരണം പായ കുറവായിരുന്നു. ആ വീട്ടിൽ നിന്ന് കുറച്ചകലെയാണ് പ്രസിദ്ധമായ ആറളം ഫാമും ആറളം പുഴയും. വേനലായതിനാൽ പുഴയിൽ നീരൊഴുക്ക് കമ്മിയായിരുന്നു. എന്നാലും ഞങ്ങളുടെ കുളി പുഴയിൽ നിന്നായിരുന്നു. കോഴിക്കോട് ഭാഷയിൽ പറയട്ടെ 'ഒന്നിനും' 'രണ്ടിനും' ഞങ്ങളുടെ ആശ്രയം ആറളം ഫാമിന്റെ അരികായിരുന്നു.

രാവിലെ 7 മണിക്ക് തുടങ്ങുന്ന നാടക റിഹേഴ്സൽ രാത്രി 12-1 മണി വരെ നീളും. ദിവസം അഞ്ച്-ആറ് റിഹേഴ്സലെങ്കിലുമെടുക്കും. കൂടെ മൈമെഷോയുടെ പരിശീലനവും. 'അഭിനയം' എന്ന കഴിവ് ഞങ്ങൾക്ക് ദൈവം വളരെ പിശുക്ക് കാട്ടിയാണ് തന്നത്. വളരെവളരെ കുറച്ചുമാത്രം. അതുകൊണ്ടു തന്നെ 'വേനൽക്കാഴ്ചകൾ' എന്ന നാടകത്തിലെ കഥാപാത്രങ്ങളെ അതിന്റെ പൂർണ്ണമായ ആത്മാംശം ഉൾക്കൊണ്ട് അവതരിപ്പിക്കാൻ ഞങ്ങൾ നന്നേ പ്രയാസപ്പെട്ടു. നാടകസംഭാഷണത്തിലെ ക്രിസ്റ്റ്യൻ-കുടിയേറ്റ ടച്ച് ഉൾക്കൊള്ളാൻ ഞങ്ങൾ നന്നായി അദ്ധ്വാനിക്കേണ്ടിവന്നു. അല്ലെങ്കിലും ഒരു പാശ്ചാത്യ ചിന്തകന്റെ അഭിപ്രായത്തിൽ "അദ്ധ്വാനമാണ്, പ്രതിഭയെക്കാൾ കൂടുതൽ ഓടുന്ന വണ്ടി". നാടക റിഹേഴ്സൽ കഴിഞ്ഞാൽ ഞങ്ങളേഴുപേരും ഔട്ട് ഹൗസിന്റെ വരാന്തയിൽ നിരന്നിരിക്കും. അപ്പോൾ നാടകത്തിന്റെ അണിയറ പ്രവർത്തകരിലൊരാളായ അനീഷ് 'തെറിയഭിഷേകം' തുടങ്ങും. റിഹേഴ്സലിലെ ഞങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് ഞങ്ങളെ നാണം കെടുത്തും. നാടകത്തിൽ ഉപയോഗിക്കുന്ന കാളവണ്ടിയും (സെറ്റിംഗ് അല്ല) കലപ്പയുമടക്കമുള്ള ഉപകരണങ്ങളെ തൃക്കരിപ്പൂരുവരെ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ കോസ്റ്റും ക്യാമ്



ദിനങ്ങളിലെ ഞങ്ങളുടെ 'വട്ടച്ചിലവു' മായിരുന്നു ഞങ്ങൾക്കു മുന്നിലെ പ്രധാന പ്രശ്നം. രണ്ടുമൂന്നു ദിവസങ്ങളായപ്പോൾ തന്നെ ഞങ്ങളെല്ലാവരും തളർന്നു. ഞങ്ങളിലെ ആവേശമൊക്കെ തണുത്തു തുടങ്ങി. പിറ്റേന്നു തന്നെ നിസ്സാർ കോളേജിൽ പോയി ഫൈനാർട്സ് സെക്രട്ടറി സന്ദീപിന്റെ കൈയ്യിൽ നിന്നും 300 രൂപ എങ്ങനെ ഒക്കെയോ ഒപ്പിച്ചെടുത്തു. വട്ടച്ചിലവിന്റെ കാര്യത്തിൽ ആകാശ് ഞങ്ങൾക്ക് വല്ല്യ ആശ്വാസമായി തോന്നി. ക്യാമ്പ് ദിനങ്ങളിലെ ഞങ്ങളുടെ പ്രധാന ഹോബി അത്താഴത്തിനുമുൻപുള്ള 'വെടി പറച്ചിൽ' ആയിരുന്നു. ക്യാമ്പിലെ എല്ലാവരും ഔട്ടുഹൗസിനു മുൻപിലിരുന്ന് വിവിധവിഷയങ്ങളിൽ സംവാദത്തിൽ ഏർപ്പെടും. സിനിമ, കമ്മ്യൂണിസം, പ്രണയം, വർഗ്ഗീയത തുടങ്ങിയ വ്യത്യസ്ഥ വിഷയങ്ങൾ ഞങ്ങൾക്കിടയിലൂടെ കടന്നു പോയി. M.G ക്യാമ്പസ്സിൽ നാടകകലയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ചും ഞങ്ങൾ ചർച്ചചെയ്തു. എന്തുകൊണ്ടോ ആർട്സ് ഡേ കളിൽ സിനിമാറ്റിക് ഡാൻസ്, ഫാഷൻഷോ തുടങ്ങിയ അഭിനവചേഷ്ടകൾ കഴിഞ്ഞ് സമയമുണ്ടെങ്കിൽ നാടകം നടത്താം എന്ന രീതിയാണ് എല്ലാവർഷവും ആ രീതിക്ക് ഒരു വ്യത്യാസം ഇക്കൊല്ലം കണ്ടു ഈ രണ്ടു 'കലാ പരിപാടി' കളും ഇക്കൊല്ലം ഒഴിവാക്കുകയും മികച്ച ഒരു നാടകമത്സരം സംഘടിപ്പിക്കപ്പെടുകയും ചെയ്തു ഈ വർഷം.

ആ ശനിയാഴ്ച വൈകുന്നേരം ഞങ്ങളെല്ലാവരും വീട്ടിൽ പോയി വന്നതിന്റെ സന്തോഷത്തിലായിരുന്നു. മൈംഷോയുടെ റിഹേഴ്സൽ നടന്നുകൊണ്ടിരിക്കെ രണ്ടാളുടെ ഉയരത്തിൽ നിന്ന് 'കിണ്ണ' നൊന്ന് വീണു. അത് അത്ര കാര്യമാക്കിയില്ലെങ്കിലും രാത്രി അവന്റെ കൈക്ക് നീരു വരുന്നു. നാടകത്തിന്റേയും മൈമിന്റെയും എന്റ് റിഹേഴ്സൽ പോലും നിശ്ചയിച്ച സമയത്തുള്ള



ഈ 'വീഴ്ച്ച' , ഞങ്ങളെ വല്ലാതെ പരിഭ്രാന്തരാക്കി. കാര്യങ്ങൾ ഞങ്ങളുടെ കൈയ്യിൽ നിന്നും വിട്ടുപോയ അവസ്ഥയായി. 'അല്ലെങ്കിലും ഈ കിണ്ണന് കുറച്ച് എടുത്തുചാട്ടം കൂടുതലാ..' ഞാൻ മനസ്സിൽ പറഞ്ഞു. ക്യാമ്പിലെ ആരും തന്നെ മിണ്ടാട്ടമില്ല. ആകെ ഒരു ശ്മശാനമൂകത ഇതുവരെ ഉള്ള ദുശകുനങ്ങൾ ഉച്ചസ്ഥായിലെത്തിയ പോലെ.. 'കാര്യമായി വല്യ പ്രശ്നമൊന്നുമില്ല, ചെറിയ ഉളുക്കുമാത്രം' എന്ന് വൈദ്യർ പറഞ്ഞപ്പോഴാണ് ശ്വാസം നേരെവീണത്. അന്ന് ഞങ്ങൾ ഒരു തവണ പോലും നാടകം ചെയ്തു നോക്കിയില്ല. ട്രാൻസ്പോർട്ടേഷൻ കോസ്റ്റിന്റെ കാര്യത്തിൽ സന്ദീപും നിമലും ഇടപെട്ട് സഹായിച്ചതുകൊണ്ട് ഞങ്ങൾക്ക് ഒരു ജീപ്പിൽ ഉപകരണങ്ങൾ കൊണ്ടുപോകാം എന്ന് ധാരണയാക്കി.

ഒടുവിൽ, ഓനൻചേട്ടന്റെയും ജോർജ്ജ്ചേട്ടന്റെയും സാന്നിധ്യത്തിൽ ഞങ്ങൾ പൂർവ്വാധികം ഭംഗിയോടെ ഞങ്ങളുടെ നാടകത്തിന്റെ 'എന്റ് റിഹേഴ്സ'ലും പൂർത്തിയാക്കി. നേരത്തെതന്നെ ആറളം പുഴയിൽ പോയി കുളിച്ച് ഭക്ഷണവും കഴിച്ച് ഓനൻ ചേട്ടന്റെ വീട്ടിൽ നിന്ന് തൽക്കാലത്തേക്ക് ഞങ്ങൾ എടുത്ത പ്ലേറ്റും മറ്റ് സാധനങ്ങളും തിരിച്ച് കൊണ്ടുകൊടുത്ത്, ഞങ്ങളെല്ലാവരും ഡ്രസ്സ് ചെയ്ത്, ജീപ്പിനു വേണ്ടി കാത്തുനിന്നു. അപ്പോഴാണ് വർഷങ്ങൾക്കുമുൻപ് ഒരു കാമുകി ദുർമരണത്തിന് കീഴടങ്ങിയ വീട്ടിലാണ് ഞങ്ങൾ ഇത്രയും നാൾ താമസിച്ചത് എന്ന് 'വിവേക്' പറഞ്ഞത്. അത് ശരിയായാലും, കള്ളമായാലും, പ്രണയിനിയായ ആ പാവം ആത്മാവിന് നിത്യശാന്തിനേർന്നുകൊണ്ട് ഞങ്ങൾ അവിടെനിന്നും ഇറങ്ങി. ഓനൻ ചേട്ടന്റേയും ജോർജ്ജ് ചേട്ടന്റേയും അനുഗ്രഹവും വാങ്ങി ജീപ്പിൽ കയറുമ്പോൾ ഞങ്ങളെല്ലാവരും തികഞ്ഞ ആത്മവിശ്വാസത്തിലായിരുന്നു. അങ്ങനെ 7 ദിവസം കൊണ്ട് ഞങ്ങൾക്ക് 7 വർഷത്തെ ജീവിതാനുഭവങ്ങൾ തന്ന നാടകക്യാമ്പിന് തിരശ്ശീല വീണു. എന്നാലും ചീനച്ചട്ടിയിൽ കട്ടൻ കാപ്പിവച്ചതും വിശന്ന് കത്തിയിട്ടും, എണ്ണ ഒഴിക്കാത്ത (എണ്ണ ഇല്ലായിരുന്നു) ഉപ്പുമാവ് 'എനിക്ക് ഇത് വേണ്ട' എന്ന് പറഞ്ഞ് എന്റെ നേർക്കു നീട്ടിയ നിസ്സാറിന്റെ മുഖത്ത് മിന്നിമാഞ്ഞ അഭിനയമല്ലാത്ത, ദയനീയഭാവവും മനസ്സിൽ നിന്ന് മായില്ല... ഒരിക്കലും.

മുഖാമുഖം

# വേറിട്ടകാഴ്ച്ചകളുമായി.....



അക്ഷരജ്ഞാനം അർത്ഥശൂന്യമാക്കപ്പെട്ട ആധുനിക ടെലിവിഷൻ രംഗത്ത്...., എല്ലാം സ്പോൺസേർഡ് പ്രോഗ്രാമുകളാക്കപ്പെടുന്ന സമകാലിക ചാനൽ യുഗത്തിൽ.... 'വേറിട്ടക്കാഴ്ചകളിലൂടെ,'........ സാമൂഹ്യപാഠത്തിലൂടെ സാധാരണക്കാരന്റെ 'ഹൃദയദുഃഖങ്ങളും' പ്രതിഷേധങ്ങളും രേഖപ്പെടുത്തിയ വി.കെ.ശ്രീരാമൻ. ചലച്ചിത്രനടൻ, എഴുത്തുകാരൻ, ടെലിവിഷൻ പ്രവർത്തകൻ എന്നീ നിലകളിൽ തന്റേതായ സാന്നിധ്യം അടയാളപ്പെടുത്തിയ വി.കെ.ശ്രീരാമനുമായി നിമൽ, ഷൈബിന്, ജിതേഷ്, വിവേക് എന്നിവർ നടത്തിയ അഭിമുഖം.

? സിനിമയിലേക്കുള്ള കടന്നുവരവിനെക്കുറിച്ച്?

തികച്ചും യാദൃശ്ചികമായിട്ടുള്ള ഒന്നായിരുന്നു സിനിമയിലേക്കുള്ള എന്റെ പ്രവേശനം. ചെറുപ്പത്തിൽ കലാരംഗത്ത് പ്രവർത്തിച്ചിട്ടുള്ള പാരമ്പര്യമൊന്നുമുണ്ടായിരുന്നില്ല. പിന്നെ സിനിമാരംഗത്തുള്ള പലരുമായി എനിക്ക് സൗഹൃദമുണ്ടായിരുന്നു.

? 'ഇപ്പോൾ താങ്കൾ സിനിമാരംഗത്ത് സജീവമല്ല...' എന്നാൽ 'വേറിട്ടക്കാഴ്ചകൾ' 'സാമൂഹ്യപാഠം' എന്നീ ടെലിവിഷൻ പ്രോഗ്രാമുകളിലൂടെ ടെലിവിഷൻരംഗത്ത് സജീവമാവുന്നതിന്റെ കാരണമെന്താണ്?

സിനിമയുടെയും ടെലിവിഷന്റെയും ലോകം തികച്ചും വിഭിന്നമാണ്. സിനിമയുടേത് കാല്പനികതയുടെയും സങ്കല്പങ്ങളുടെയും, കെട്ടിചമച്ച കഥകളുടെയും ലോകമാണ്... എന്നാൽ ടെലിവിഷനിൽ ഞാൻ ചെയ്യുന്ന പ്രോഗ്രാമുകൾ അത് 'സാമൂഹ്യപാഠമായാലും' 'വേറിട്ടക്കാഴ്ച്ചകളായാലും' റിയാലിറ്റിയുമായി നേർക്കുനേർ നിൽക്കുന്ന പ്രോഗ്രാമുകളാണ്. അത് സാമൂഹ്യാവസ്ഥകളെ കൂടുതലായി പ്രേക്ഷകന്റെ മുന്നിലേക്ക് കൊണ്ടുവരുന്നു; എന്നു ഞാൻ കരുതുന്നു, അതുതന്നെയാണ് ഇത്തരം പരിപാടികളിൽ സജീവമാകുന്നതിന്റെ കാരണം.

? 'വേറിട്ടക്കാഴ്ച്ചകളിലെ' വേറിട്ട വ്യക്തിത്വങ്ങളുടെ കണ്ടെത്തലുകളെക്കുറിച്ച്?

ആദ്യമൊക്കെ കുറെ ആളുകളെ നേരിട്ടും പറഞ്ഞുകേട്ടുമൊക്കെയായി അറിയാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ പത്തിരുപതോളം പേർ നമ്മുടെ മനസ്സിലുണ്ടായിരുന്നു. ഒരുപക്ഷേ പുറത്തിറങ്ങി നടക്കുന്നവർക്കും യാത്രകൾ ചെയ്യുന്നവർക്കും 'മനുഷ്യജീവിതവും' ഇത്തരം 'വേറിട്ട വ്യക്തിത്വങ്ങളും' കൗതുകം തരുന്നൊന്നാണ്. നാട്ടിൻപ്പുറങ്ങളിലൊക്കെ പല കഥകളും പറഞ്ഞുകേൾക്കാറില്ലേ..... ആ കഥകളിലെ ആളുകളെ അന്വേഷിക്കാറുണ്ട്. ചിലപ്പോഴൊക്കെ കണ്ടെത്താറുമുണ്ട്. പലപ്പോഴും അവരെ സമൂഹം ഭ്രാന്തന്മാരായിട്ടൊക്കെയാണ് കാണാറുള്ളത്. പക്ഷേ എനിക്കു തോന്നുന്നത് ഇങ്ങനെ വ്യത്യസ്തമായ ജീവിതചര്യകളുള്ളവരാണ് പലപ്പോഴും ചരിത്രത്തെ തന്നെ മാറ്റിക്കുറിച്ചിട്ടുള്ളത്. ഉദാഹരണമായിട്ട് പറയുകയാണെങ്കിൽ മാർക്സിന് സ്വന്തം മക്കൾക്ക് ഭക്ഷണം മേടിച്ചുകൊടുക്കാൻ കഴിയാത്ത കാലത്ത് ബെർലിൻ യൂണിവേഴ്സിറ്റിയിൽ നിന്നും മറ്റുമുള്ള വലിയ ഓഫറുകൾ വേണ്ടെന്ന് വച്ചിട്ടുണ്ട്...... അവരെല്ലാം സാമൂഹിക മാറ്റത്തിനു വേണ്ടി പോരാടിയിട്ടുള്ളവരാണ്. ഇങ്ങനെ വിദ്യാഭ്യാസമുള്ള ഒരാൾ കുടുംബം പുലർത്താതെ അലഞ്ഞു നടന്നാൽ നമ്മളവരെ ഭ്രാന്തനെന്നോ സുഖമില്ലാത്തവനെന്നോ ഒക്കെ വിളിക്കാറുണ്ട്. മാർക്സ് പിന്നീട് ലോകത്തിന്റെ വ്യവസ്ഥിതിയെ മാറ്റിക്കുറിക്കുകയുണ്ടായി. അയാളുടെ കാലത്ത് അയാളൊരു പരാജയമായിട്ടാണ് കണ്ടിരുന്നത്. അതുപോലെതന്നെയാണ് മുഹമ്മദ് നബിയും. ഒരുപക്ഷേ ഇത്തരത്തിലുള്ള വ്യക്തിത്വങ്ങളായിരിക്കും കാലഘട്ടത്തിന്റെ ഗതികളെ തന്നെ മാറ്റിക്കുറിച്ചിട്ടുണ്ടാവുക. ഇത്തരം ആളുകളോട് സാമ്യമുള്ള വ്യക്തിത്വങ്ങളെയാണ് 'വേറിട്ടക്കാഴ്ച്ചകളിലൂടെ' കാണുന്നത്. അവർക്കിടയിൽ ഒരാളായി മിക്കും ചിലപ്പോൾ മാർക്സായിട്ട് വരിക, വേറൊരാളായിരിക്കും നബ യായിട്ട് വരിക.

ഇത്തരം ആൾക്കാരാണ്, ഇത്തര വ്യത്യസ്തതകളാണ് സമൂഹത്തിന്റെ മൊത്തത്തിലുള്ള അതിന്റെ പ്രധാന പ്പെട്ട 'അച്ചുതണ്ടായിട്ടോ' അല്ലെ ങ്കിൽ ഒരു 'ഹബ്ബായിട്ടോ' ഒക്ക പ്രവർത്തിച്ചിട്ടുള്ളത് ഇത്തരം വ്യത്യ സ്തതകളാണ്, വൈചിത്ര്യങ്ങളാണ് എന്നെ വേറിട്ടക്കാഴ്ച്ചകൾ ചെയ്യ വാൻ പ്രേരിപ്പിച്ചത്. എന്നാൽ അന്ന് ഒരു പ്രോഗ്രാമായിട്ട് ചെയ്യാൻ അന്നത്തെ ചാനലുകളൊന്നും തയ്യാ റായിരുന്നില്ല. പലപ്പോഴും ചാനലു കൾ വിദേശചാനലുകളുടെയും പ്രോഗ്രാമുകളുടെയും പിന്നാലെപ്പാ യുകയാണ്. എന്നാൽ പിന്നീട് കൈരളി ചാനൽ എന്നെ 'വേറിട്ടക്കാ ഴ്ച്ചകൾ' ചെയ്യാൻ ക്ഷണിക്കുകയാ യിരുന്നു.

? വേറിട്ടക്കാഴ്ച്ചകളുടെ 'പുസ്ത കരൂപവും' 'ദൃശ്യരൂപവും' തമ്മി ലുള്ള വ്യത്യാസമെന്താണ്?

വ്യത്യാസമെന്തെന്ന് ചോദിച്ചാ ഓരോ മനുഷ്യന്റെയും 'ബാക് ഹിസ്റ്ററിയുണ്ടല്ലോ' - ഭൂതകാലച ത്രം, അവരുടെ സ്വപ്നങ്ങൾ, അ രുടെ കാഴ്ച്ചകൾ, ചിന്തകൾ ഇ

സമൂഹത്തിനു
നേരെ രണ്ടുകണ്ണുകളും
തുറന്നു പിടിക്കുക.
സമൂഹത്തിലെ പ്രശ്ന
ങ്ങൾ മനസ്സിലാക്കു
കയും പ്രതികരിക്കു
കയും ചെയ്യുക.
വാക്കിലും പ്രവൃത്തി
യിലും വ്യക്തിത്വം
കാത്തുസൂക്ഷിക്കുക......
അത്രമാത്രം.

യൊന്നു ശരിയായി അവതരിപ്പിക്കാൻ വിഷ്വൽ മീഡിയായിലൂടെ സാധിക്കുകയില്ല. അവരുടെ മാനസിക വിചാരങ്ങളെ വിഷ്വലിൽ അവതരിപ്പിക്കുക പ്രയാസമാണ്. അവരുടെ പൂർവ്വാനുഭവങ്ങളെയും ചരിത്രങ്ങളെയും കളർഫുള്ളായി അവതരിപ്പിക്കാൻ എഴുത്തിലൂടെ സാധിക്കും. എന്നാൽ 'വേറിട്ടക്കാഴ്ച്ചകൾ' ചെയ്യുമ്പോൾ ചിലത് വിഷ്വൽ മീഡിയായിൽ പവർഫുള്ളായി തോന്നിയിട്ടുണ്ട്.

? സാമൂഹ്യപാഠത്തിന്റെ സാമൂഹ്യപ്രസക്തിയെക്കുറിച്ച്?

പലപ്പോഴും സാമൂഹിക പ്രശ്നങ്ങൾ സ്റ്റുഡിയോയ്ക്ക് അകത്ത് വെച്ച് ചർച്ച ചെയ്യുന്ന രീതിയാണുള്ളത്. അതിൽ നിന്നു വ്യത്യസ്തമായി പ്രശ്നബാധിത പ്രദേശത്തു വച്ച് സാധാരണക്കാരായ നാട്ടുകാർ പറയുന്ന അഭിപ്രായങ്ങൾ അവതരിപ്പിക്കുകയാണ് സാമൂഹ്യപാഠത്തിലൂടെ ചെയ്യുന്നത്. പലപ്പോഴും വളരെ പവർഫുള്ളായി സാമൂഹിക പ്രശ്നങ്ങൾ വിലയിരുത്തുവാനും ചർച്ച ചെയ്യുവാനുമുള്ള വേദി സാമൂഹ്യപാഠത്തിലൂടെ ലഭിക്കുന്നുണ്ട്.

? എഴുത്തിന്റെ മേഖലയിൽ താങ്കളുടെ താത്പര്യങ്ങൾ?

എഴുത്തിനോട് എനിക്ക് നല്ല താത്പര്യമുണ്ട്. വാസ്തവത്തിൽ 'വേറിട്ടക്കാഴ്ച്ചകൾ' എഴുതി തുടങ്ങിയപ്പോഴാണ് സീരിയസ്സായിട്ട് എഴുത്തിനെ കാണണമെന്ന് തോന്നിയത്. പക്ഷെ എന്തെങ്കിലും വ്യത്യസ്തമായിട്ട്, ആരും പറയാത്ത രീതിയിലുള്ളത് ചെയ്യണമെന്നു തോന്നി. അങ്ങനെ വേറിട്ടക്കാഴ്ച്ചകൾ എഴുതി. കഥയെഴുതുന്ന പോലെയല്ലിത്, നമ്മളെ സംബന്ധിച്ച് യാഥാർത്ഥ്യങ്ങളാണിത്.

? 'ചലച്ചിത്ര നടൻ', 'ടെലിവിഷൻ പ്രവർത്തകൻ' 'എഴുത്തുകാരൻ' എന്നീ നിലകളിൽ താങ്കളുടെ സാന്നിധ്യം അറിയിച്ചു കഴിഞ്ഞു. ഇവയിൽ ഏതു മേഖലയോടാണ് കൂടുതൽ താത്പര്യം തോന്നിയിട്ടുള്ളത്?

മൂന്നു മേഖലയും ഇഷ്ടമാണ്. എങ്കിലും എഴുത്തിനോടാണ് കൂടുതൽ താത്പര്യം.

? മലയാള സിനിമ 'നിലവാര തകർച്ചയിലൂടെയും' പ്രതിസന്ധികളിലൂടെയും കടന്നുപോകുന്നു എന്ന അഭിപ്രായം ഉയർന്നു കേൾക്കുന്നു എന്താണ് മലയാള സിനിമയുടെ യഥാർത്ഥ പ്രതിസന്ധി?

ഒരു പരിധിവരെ, നല്ല സിനിമകൾ ഉണ്ടാകുന്നില്ല എന്നതാണ് മലയാള സിനിമയുടെ പ്രതിസന്ധി. സിനിമയെക്കുറിച്ച് ശരിയായ ധാരണയില്ലാത്ത നിർമ്മാതാക്കളും സംവിധായകരുമൊക്കെയാണ് പ്രതിസന്ധിയുടെ കാരണക്കാർ. അതുപോലെ വിജയിക്കുന്ന സിനിമയുടെ അതേ പാറ്റേണിൽ സിനിമകളുടെ പ്രമേയങ്ങൾ ആവർത്തിക്കപ്പെടുന്നതാണ് പ്രതിസന്ധിക്കു കാരണമാകുന്ന മറ്റൊരു വസ്തുത. ഉദാഹരണമായി പറയുകയാണെങ്കിൽ 'ബോബി' എന്ന ഹിന്ദി ചിത്രത്തിന്റെ ആവർത്തനങ്ങൾ പല ഭാഷകളിലായി നൂറുകണക്കിന് ഉണ്ടായിട്ടുണ്ട്.

? ക്യാംപസിനോട് എന്താണ് പറയാനുള്ളത്?

സമൂഹത്തിനു നേരെ രണ്ടുകണ്ണുകളും തുറന്നു പിടിക്കുക. സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുക. വാക്കിലും പ്രവൃത്തിയിലും വ്യക്തിത്വം കാത്തുസൂക്ഷിക്കുക...... അത്രമാത്രം.





വിവേക് പി
I st BSc. Maths

അവൻ നടന്നുകൊണ്ടേയിരുന്നു.... നിലാവറിയാതെ, കാറ്ററിയാതെ, മരം കോച്ചുന്ന ഡിസംബറിന്റെ തണുപ്പിനെപോലുമറിയാതെ....

പക്ഷേ, വിശപ്പും ദാഹവും എരിഞ്ഞടങ്ങി മരുപ്പറമ്പായിമാറിയ സ്വന്തം ശരീരത്തിൽ നിന്നും 'ജീവന്റെ' ദേശാടനപക്ഷികൾ പറക്കാൻ ചിറകുയർത്തി നിൽക്കുന്നത് നിസ്സഹായതയോടെയാണെങ്കിലും അവന് അറിയാൻ കഴിയുന്നുണ്ടായിരുന്നു.

ശീതീകരിച്ച മുറികൾക്കുള്ളിൽ ഗ്ലോബൽ വില്ലേജുകളൊരുക്കി പരക്കം പാഞ്ഞ അത്ഭുത സന്തതികളുടെ മെട്രോനഗരം എന്നന്നേക്കുമായി ശൂന്യമായികഴിഞ്ഞിരുന്നു. തെരുവുകളിൽ ദുർഗന്ധം വമിക്കുന്ന ദുഷിച്ച സംസ്കാരത്തിന്റെ ഉച്ചിഷ്ടങ്ങൾ മാത്രം ബാക്കിയായി.



ഒരിക്കലും അവസാനിക്കാത്ത, ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ആ ക്യൂവിൽ അവനും പ്രതീക്ഷയോടെ ഒതുങ്ങിനിന്നു. അവിടെനിന്ന എല്ലാവരുടെയും കൺകളിൽ നിർവികാരത കെണിയുമൊരുക്കി കാത്തുനിൽക്കുന്നുണ്ടായിരുന്നു അങ്ങ്, ആ നിരയുടെ മുൻപിൽ അധികാരികൾ മനുഷ്യർക്ക് വിലയിടുന്നുണ്ടായിരുന്നു. അവൻ മുന്നോട്ടു നടന്നുകൊണ്ടിരുന്നു. കാത്തുനിന്നു തളർന്നും കുഴഞ്ഞുവീണും മരിച്ച പലരുടെയും ജഡങ്ങൾ അവിടവിടെയായി അഴുകിതുടങ്ങിയിരുന്നു. ചീഞ്ഞളിഞ്ഞ ശവങ്ങളുടെ പഴുപ്പും ചോരയും പലരും മോന്തികുടിക്കുന്നുണ്ടായിരുന്നു.



ഒടുവിലവൻ ഏറ്റവും മുന്നിലെത്തി. കുനിഞ്ഞിരുന്ന അധികാരികൾ അവനെയൊന്നു നോക്കുകപോലും ചെയ്തില്ല. അവരുടെ ശരീരമാകെ 'നഗത'കൊണ്ട് മൂടിയിരുന്നു. പുറമെ കാണാൻകഴിഞ്ഞ മുഖത്തെ തൊലിക്ക് ഭയപ്പെടുത്തുന്ന വെളുപ്പുനിറമായിരുന്നു.



ഒന്നാമതിരുന്നയാൾ അവനോടു ചോദിച്ചു;

"നിന്റെ ജാതിയേതാണ്?"

അവൻ ഒച്ചാനിച്ചുനിന്നുകൊണ്ട് ഉത്തരം പറഞ്ഞു.

"അടിമ"

അയാൾ അവനെ മുൻപ്പോട്ടു കടത്തിവിട്ടു.

രണ്ടാമത്തെയാൾ: "നിന്റെ അച്ഛൻ ആരാണ്?"



# "ആ പട്ടികൾക്ക് വാലുകളുണ്ടായിരുന്നില്ല!"

"ചാവേർ"

"എവിടുത്തെ?"

"അധികാരത്തിന്റെ"

"അമ്മയുടെ ജോലി?"

"വേശ്യ"..........

............................................................

ചോദ്യങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അവൻ ഓരോ ചോദ്യങ്ങൾക്കും ശരിയുത്തരങ്ങൾ നൽകി അവരെ സന്തോഷിപ്പിച്ച് മുന്നോട്ടു നീങ്ങി. ഒടുവിൽ ഏറ്റവും പ്രധാനിയെന്നു തോന്നിയ ഓഫീസറുടെ മുന്നിൽ അവൻ ചെന്നുനിന്നു. അയാൾ ക്രൂരമായൊന്നു അടക്കികൊണ്ട് അവന്റെ മുഖത്ത് ആഞ്ഞു തുപ്പി. അവൻ ദയനീയമായൊന്നു പുഞ്ചിരിച്ചു.

"അവസാനത്തെ ചോദ്യം, നിന്റെ വർഗ്ഗമേതാണ്?"

ഉത്തരം "തെരുവുപട്ടി"

അയാൾ സ്നേഹത്തോടെയവനെ ചേർത്തുപിടിച്ച് അകത്തേക്കു കൊണ്ടുപോയി. വഴിയിൽ, ചോദ്യങ്ങൾക്കു മുന്നിൽ തോൽക്കുകയും, സഹിക്കാൻ കഴിയാതെ പ്രതികരിക്കുകയും ചെയ്തവരെ കൊന്നും വെട്ടിയും തറച്ചും ചങ്ങലയ്ക്കിട്ടും കൂട്ടിയിട്ടിരിക്കുന്നത് അവന് കാണാൻ കഴിയുമായിരുന്നു.

അവനെപോലെയുള്ള തെരുവു നായ്ക്കൾ ആർത്തിപൂണ്ടു നിറഞ്ഞുന്ന, ദുർഗന്ധം വമിക്കുന്ന മാലിന്യകൂമ്പാരങ്ങൾ അയാൾ അവനു കാണിച്ചുകൊടുത്തു. അവൻ 'പരീക്ഷ'കളെല്ലാം വിജയിച്ചിരിക്കുന്നു. വിശപ്പുകൊണ്ട് ഭ്രാന്തുപിടിച്ച അവൻ ആ ഉച്ചിഷ്ടങ്ങളുടെ കൂമ്പാരങ്ങളിലേക്ക് കുരച്ചുകൊണ്ടെടുത്തുചാടി......








സന്ദീപ് പി.വി
III BSc. Comp. Science

അപവർത്തനം

ഉറങ്ങിക്കിടക്കുമ്പോൾ
വാക്പയറ്റിന്റെ കണ്ണുചിമ്മലുകൾക്കുള്ളിൽ
സ്വാതന്ത്ര്യത്തിന്റെ പാതിയും
സംരക്ഷിക്കുന്ന വർണ്ണവേലിയിൽ
അധികാരത്തിന്റെ വളവിൽ
അറുകൊലി ചോന്നു വീണു
ഉടഞ്ഞു പോയി
വാക്കുകൾ സ്വാതന്ത്ര്യമാണ്
ചരിത്രമാണ്
അപവർത്തനം കൊണ്ടിട്ടുള്ള
സംസാരിക്കുന്നവർക്ക്
ചുടുകാറ്റുകളിൽ
ചേരിച്ചിത്രങ്ങളിൽ
ഉണർത്തിപ്പാട്ടിലെ തിരമാലകൾക്ക്
ഒപ്പം...





റിജു ഇയ്യപ്പള്ളി
II[nd] BSc. Physics

# നീതിബോധത്തിന്റെ നിയന്ത്രണച്ചരടുകൾ

"വിമർശനം ജനാധിപത്യത്തിന്റെ അവകാശമാണ്. ആ അവകാശം വിനിയോഗിക്കേണ്ടത് ഏതൊരു പൗരന്റെയും കടമയാണ്. പൗരധർമ്മം ജനാധിപത്യവ്യവസ്ഥയിൽ മറ്റ് ഏത് ധർമ്മത്തേക്കാൾ വിലപിടിപ്പുള്ളതാണ്. ഭീരുത്വം കൊണ്ടോ അവസരവാദം കൊണ്ടോ അതിൽ നിന്ന് നമുക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല"

\- ലോർഡ് ഒടങ്കിൽ

പ്ലാച്ചിമടയിലെ (ഒരു ദേശത്തിന്റെ) പ്രകൃതിയുടെ അസന്തുലിതാവസ്ഥയിലേക്ക് (മരണത്തിലേക്ക്) വഴിയൊരുക്കി, കുപ്പികളിൽ (ബോധമണ്ഡലങ്ങളിൽ) വിഷം നിറച്ച് വിൽപ്പന നടത്തുന്നവർക്ക് ജലം ഊറ്റിയെടുക്കാനുള്ള പ്രവർത്തനാനുമതി നൽകുന്ന ജനാധിപത്യ വ്യവസ്ഥയിലെ നീതി, അനീതിയുടെ സീമയില്ലാത്ത ഗർത്തങ്ങളിലേക്ക് വീഴുന്ന കാലം ചില വിലയിരുത്തലുകൾ ആവശ്യപ്പെടുന്നു. ജലചൂഷണത്തിന്റെ ലോകമാതൃകകൾ അണക്കെട്ടുകളിൽ നിന്നാണ് രൂപം പ്രാപിച്ചത്. അവ ഭൂമിയുടെ ജീവനാഡികളെ മലീമസമാക്കി, ആവാസവ്യവസ്ഥയെ അനാരോഗ്യമുള്ളതാക്കി മാറ്റുന്നു. അത് നിർധനന്റെ ഭൂമിയും ജലവും (ജീവിതാവശ്യങ്ങളും) ധനികന് കവർന്നെടുക്കാനുള്ള അധികാരം/ഉപാധികളായി തീരുന്നു.

എല്ലാം കച്ചവടവൽക്കരിക്കപ്പെടുന്ന സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ കാലത്ത്, ജലം കച്ചവടത്തിന്റെ കഴുകൻ കണ്ണുകളിൽ അരക്ഷിതമാണെന്ന സൂചനയാണ് പ്ലാച്ചിമട നൽകുന്നത്. പ്ലാച്ചിമടയിലെ ജനതയുടെ ധീരമായ ചെറുത്തുനിൽപ്പും അവരുടെ പ്രശ്നങ്ങളും അവഗണിച്ച്, പഞ്ചായത്തിന്റെ അധികാരങ്ങൾ നിരാകരിച്ചുകൊണ്ട്, കോടതി ജീവജലത്തിന്റെ നഗ്നമായ കച്ചവടത്തിന് നിയമപരമായ സംരക്ഷണം നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇതോടൊപ്പം ഡൽഹി ഹൈക്കോടതിയിൽ ചേരിനിർമ്മാർജ്ജനത്തിനെതിരെ സമർപ്പിച്ച ഹർജിയുടെ തീർപ്പും കൂട്ടിവായിക്കപ്പെടണം. "സർക്കാരിന്റെ കൈവശമുള്ള ഭൂമിയിൽ താമസിക്കാൻ തുടങ്ങിയവരെ വികസനത്തിന്റെ ഭാഗമായി മാറ്റുമ്പോൾ അവർക്ക് ഭൂമി നൽകണം എന്നു പറയുന്നത് പോക്കറ്റടിക്കാരന് പാരിതോഷികം നൽകണം എന്നു പറയുന്നതുപോലെയാണ്." ഇവിടെ വികസനം എന്നത് ആരുടെ വികസനമാണെന്ന ചില അടിസ്ഥാനപ്രശ്നങ്ങൾ ഉളവാക്കുന്നതാണ്.

പ്ലാച്ചിമടയുമായി ബന്ധപ്പെട്ടുണ്ടായ വിധിയോളം ഭീകരമാണ് (ഭയാനകമാണ്) സൂര്യനെല്ലി കേസിന്റെ വിധി. ഒരു പെൺകുട്ടിയുടെ സ്വപ്നങ്ങളും (യാഥാർഥ്യങ്ങളും) ജീവിതവും കൊത്തിപറന്ന കഴുകൻമാരെ സ്വതന്ത്രമായി വിഹരിക്കാനനുവദിച്ച കോടതിയുടെ ധാർമികത അർഹിക്കുന്നുമല്ല ചീഞ്ഞിരിക്കുന്നത് (ദുർഗ്ഗന്ധമുണ്ടാക്കുന്നത്). 40 ദിവസത്തിനകം 35 പേരുടെ ലൈംഗികവേഴ്ചയ്ക്ക് സ്വമേധയാ ഒരു 16 വയസ്സുകാരി തയ്യാറായി എന്നതാണ് കോടതിയുടെ വേദനാജനകമായ കണ്ടെത്തൽ. പ്രതികളിൽ ഒരാളൊഴികെ എല്ലാവരെയും വെറുതെവിടുന്ന കറുത്തകാലത്തെ നെറികേടുകളാണ് സംരക്ഷിക്കപ്പെടുന്നത്.

അരുന്ധതിറോയിയുടെ എതിരെഴുത്തിന്റെ സർഗ്ഗാത്മകതയെ അരിഞ്ഞ



# നീതിബോധത്തിന്റെ നിയന്ത്രണച്ചരടുകൾ

വിധിത്താൻ കോടതിയലക്ഷ്യത്തിന്റെ വാളുപയോഗിച്ച് നീതിപീഠം പറഞ്ഞത് ശ്രദ്ധിക്കുക. "സ്ത്രീ എന്ന നിലയിൽ ഒരു ദിവസത്തെ പ്രതീകാത്മക തടവ്" ഈ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്ന സ്ത്രീവിരുദ്ധതയുടെ ആഴം എത്രയാണ്. ഈ വിധികളെയെല്ലാം പിന്നിലാക്കുന്ന പ്രാകൃതമായ കണ്ടെത്തലാണ് ഭൻവാരി കേസിന്റേത്. "ഒരു അവർണ്ണസ്ത്രീയെ ഒരു സവർണ്ണൻ ബലാൽക്കാരം ചെയ്യുമെന്ന് വിശ്വസിക്കാവുന്നതല്ല." ഇത് കേവലം കോടതി വിധികളുടെ വാക്കുകളിലെ പദങ്ങളുടെ പ്രശ്നമല്ല, ലോകം മുഴുവൻ സ്ത്രീത്വം നേരിടുന്ന പ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുവിരലാണ്. ഇത്തരത്തിലുള്ള വിധികളിലൂടെ കോടതി നിർമ്മിച്ചെടുക്കുന്ന (വളർത്തുന്ന) കാഴ്ചപ്പാടിന്റെ ദിശാനിർണ്ണയം നടത്തുമ്പോൾ ആരുടെ താൽപ്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത് എന്നു വ്യക്തമാവും. സംസ്കാരത്തെ കുറിച്ചുള്ള ശരിയായ ബോധം (സ്വത്വം) നഷ്ടമാവുമ്പോൾ പ്രതിഷേധത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും വേരുകൾ നഷ്ടമാവുകയാണ്, (അവയെ ഉണക്കിക്കൊല്ലാനാണ് ശ്രമിക്കുന്നത്).

നീതിപീഠത്തിന്റെ വർഗസ്വഭാവം രൂപം കൊള്ളുന്നത് ബ്രൂണോയുടെ കാലത്തിനും മുന്നെയാണ്. അന്നു മുതൽ ഇന്നു വരെ അടിസ്ഥാനപരമായി വർഗസ്വഭാവത്തിന് മാറ്റമുണ്ടായിട്ടില്ല. അടിമകളെപ്പോലെ തൊഴിലെടുക്കേണ്ടിവന്നവർ, 8 മണിക്കൂർ ജോലി എന്ന ജീവിതാവശ്യത്തിന്റെ കാഹളം വിളി മുഴക്കിയപ്പോൾ ഗവൺമെന്റ് ഏജൻസികൾ നടത്തിയ ആക്രമണത്തെ വിപരീതമാക്കി, മതിയായ തെളിവുകളില്ലാതെ ചിക്കാഗോയിലെ തൊഴിലാളി നേതാക്കൻമാരെ കൊലയ്ക്കു കൊടുത്തതും, ഭഗത്സിംഗിനും കൂട്ടർക്കും, കയ്യൂരിലെ ധീരവിപ്ലവകാരികൾക്കും വധശിക്ഷ നടപ്പാക്കുന്നതിന്റെയും ചേതോവികാരം ഒന്നായിരുന്നു. കോടതിയുടെ വർഗസ്വഭാവത്തിന്റെ ചോര പൊടിയുന്ന ചരിത്രത്തിലെ ചില സംഭവങ്ങളാണ് ഇവ. ഈ വർഗസ്വഭാവം എല്ലാതലങ്ങളിലും സ്വാധീനിക്കുന്നു. അതുകൊണ്ട് നിലനിൽക്കുന്ന വ്യവസ്ഥയെ പുരോഗമനപരമായി മാറ്റുക എന്ന ദൗത്യം കോടതിക്ക് ഏറ്റെടുക്കാനാവുന്നില്ല. ജുഡീഷ്യൽ ആക്റ്റിവിസം ശക്തിയാർജ്ജിച്ച 1970 കളിൽ ഇന്ത്യൻ കോടതികളിലെ വ്യവഹാരങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം വളർന്നുവന്നു. എന്നാൽ ആശാവഹമല്ലാത്ത തരത്തിലാണ് 1990 കൾക്കുശേഷം കോടതി മാറിയത്. മാറുന്ന ലോക കാഴ്ച്ചപ്പാടിനോടും സാമ്പത്തിക ആധിപത്യസ്വഭാവത്തോടും സമരസം പ്രാപിക്കുന്ന (പ്രതിവിപ്ലവകരമായ) പ്രവണതകൾ വർദ്ധിച്ചത് കോടതിയെ ജനപക്ഷത്തുനിന്നകറ്റി. അതുകൊണ്ടാണ് അഡ്വ.ജനാർദ്ദനക്കുറുപ്പിനെപോലുള്ളവർ ഇത് ജുഡീഷ്യൽ റിയാക്റ്റിവിസം (Judicial reactivism) നടക്കുന്ന കാലമാണെന്നു പറഞ്ഞത്. പരാതികൾ പോസ്റ്റ്കാർഡിലയച്ചാലും പരാതിയായി പരിഗണിക്കുന്ന കാലം പോയി, പത്രവാർത്തകളിൽ കാണുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ കോടതി കണ്ടതായി ഭാവിക്കുന്നില്ല, ഇങ്ങനെ ജുഡീഷ്യൽ റിയാക്റ്റിവിസം ശക്തി പ്രാപിക്കുകയാണ്.

തെരുവുകളിലുയർന്ന മുദ്രാവാ



കൃങ്ങളാണ് നിയമങ്ങളുടെ ചരിത്രം എന്ന വസ്തുതയാണ് കോടതി മറന്നുപോവുന്നത്. മാനേജ്മെന്റിനും കോളേജ് അധികാരികൾക്കും വിദ്യാർത്ഥികളുടെ സംഘടിത പ്രവർത്തനങ്ങൾ (രാഷ്ട്രീയ പ്രവർത്തനം) നിയന്ത്രിക്കാൻ അധികാരം നൽകുന്നതിലൂടെ മൗലികാവകാശത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുകയാണ് കോടതി ചെയ്തത്. സെക്രട്ടറിയേറ്റിനു മുന്നിൽ സമരം ചെയ്യാൻ പാടില്ലെന്നും, തലസ്ഥാന നഗരിയിൽ പ്രകടനങ്ങൾ തടയുമ്പോഴും, ജനാധിപത്യത്തിന്റെ നഗ്നമായ ലംഘനമാണ് നടക്കുക (പക്ഷെ ഇത് അസാധ്യമാണ്). ജീവനക്കാരുടെയും തൊഴിലാളികളുടെയും പണിമുടക്കവകാശം നഷ്ടമാവുമ്പോൾ, അവരുടെ കൈയ്യിലെ ഏറ്റവും ശക്തിയാർന്ന ആയുധമാണ് നഷ്ടമാവുക. (ആവനാഴിയിലെ അവസാനത്തെ ആയുധം). ജീവനക്കാരുടെയും തൊഴിലാളികളുടെയും ജീവൽപ്രശ്നങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങൾക്ക് പരിഹാരം ഉയർന്നുവന്നത് ഭരണകൂടത്തിന്റെ ഔദാര്യത്തിൽ അല്ല, നിയമങ്ങൾ പിറവിയെടുക്കുന്നതിന്റെയും കാരണം പോരാട്ടങ്ങൾതന്നെയാണ്.


ആത്മഹത്യാമുനമ്പിൽ നിന്നും വിദ്യാർത്ഥികളെ രക്ഷിക്കാൻ സഹപാഠികൾ ഇറങ്ങിത്തിരിക്കുമ്പോൾ, അവരെ 'ശക്തമായി നേരിടണം' എന്നാണ് കോടതിയുടെ തിട്ടൂരം. തെരുവുകൾ യുദ്ധക്കളങ്ങളാവുമ്പോൾ കോടതി ആരുടെ പക്ഷത്തായിരുന്നു. "തെറ്റിദ്ധരിക്കരുത് ഇത് ജനാധിപത്യ വിരുദ്ധമാണ്" എന്ന് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരെ പോലുള്ളവർ തുറന്നെഴുതുമ്പോൾ, "നീതി പണത്തിനു വേണ്ടിയുള്ളതാണെന്ന" പി.സജിയുടെ വാക്കുകൾ ആഴത്തിലുള്ള ചർച്ചകൾ ആവശ്യപ്പെടുന്നു.

മോഹിനിജയിൻ കേസിന്റെ വിധിയിലൂടെ പരമോന്നത നീതിപീഠം ജീവിക്കാനുള്ള അവകാശം പോലെ പഠിക്കാനുള്ള അവകാശവും മൗലികാവകാശമാണെന്ന് പ്രഖ്യാപിച്ചു. അറിവ് സമ്പന്നർക്കായി പരിമിതപ്പെടുത്തുന്നതും കോടതി വിമർശിച്ചു. ഭരണഘടനയിലെ നിർദ്ദേശകതത്വവും മൗലികാവകാശവും പരസ്പര പൂരകമാണെന്ന് ചൂണ്ടികാട്ടി 14 വയസ്സുവരെയുള്ളവർക്ക് വിദ്യാഭ്യാസം നൽകാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതാണെന്ന് വ്യക്തമാക്കി. പക്ഷെ ആഗോളവൽക്കരണ സാമ്പത്തിക നയത്തിന്റെ ഭാഗമായി കമ്പോള കണക്കുകൂട്ടലിന്റെ ലാഭത്തിന്റെ വശങ്ങൾ (Credit side) മാത്രം പരിശോധിക്കുന്നവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 'സ്വാശ്രയം' എന്ന ഓമനപ്പേരിൽ വളർന്നുവന്നു. തീക്ഷ്ണമായ പ്രശ്നങ്ങൾ നിരന്തരം സൃഷ്ടിച്ച് അവ സാമൂഹിക കാലാവസ്ഥയിലുണ്ടാക്കിയ പ്രശ്നങ്ങൾ വളരെ വലുതാണ് (പ്രത്യേകിച്ച് കേരളം പോലുള്ള സംസ്ഥാനത്ത്) കോടതി പൂർണ്ണമായുംജനപക്ഷവും നന്മകളും മറക്കുന്ന കാഴ്ചയാണ് റ്റി.എം.എ.പൈ കേസിന്റെ വിധിയിലൂടെ നാം കണ്ടത്.

ഉണ്ണികൃഷ്ണൻ കേസിന്റെ വിധിയുടെ എല്ലാ നന്മയും കറുത്ത കോട്ടിന്റെ നീതിബോധം ധനികനു വേണ്ടി കവർന്നെടുത്തു. അറിവ് ഒരു പൊതുനന്മയല്ല എന്നാണ് കോടതി നിർവ്വചിച്ചിരിക്കുന്നത്. ആഗോളവൽക്കരണ-ഉദാരവൽക്കരണ നയ നടപ്പിലാക്കുക വഴി വികസനത്തിന്റെ വേഗം കൂടും എന്നാണ് വിധി പ്രകാശപ്പെടുന്നത്. ഒരു വൈരുദ്ധ്യപൂർണ്ണമായ നിർദ്ദേശം ഇങ്ങനെയാണ്, "സ്വാശ്രയസ്ഥാപനങ്ങൾ ലാഭമുണ്ടാക്കാൻ പാടില്ല, ന്യായമായ മിച്ചം ഉണ്ടാക്കാവുന്നതാണ്." ഇതിലൂടെ മറനീക്കി പുറത്തുവരുന്നത് കോടതിയുടെ നഗ്നമായ മൂലധനതാൽപ്പര്യ സംരക്ഷണമാണ്. മിച്ചവും ലാഭവും എന്താണെന്ന് വ്യക്തമാക്കാൻ കോടതിക്ക് ബാധ്യതയുണ്ട്.

കോടതിയുടെ കാഴ്ചപ്പാട് പ്രതിവിപ്ലകരമായ പ്രവണതകളുടെയും മൂലധനശക്തികളുടെയും സംഹാരത്തിന് ഉതകുന്നതാണ് എന്ന ധാരണ പരക്കെ അംഗീകരിക്കപ്പെടുകയാണ് സാധാരണക്കാരന് കോടതിയിൽ ഉണ്ടായിരുന്ന വിശ്വാസം നഷ്ടമായി കൊണ്ടിരിക്കുന്നു. മൂലധന വ്യാപനം ലോകത്താകെ സീമകളില്ലാതെ കടന്നുകയറുമ്പോൾ, സാമൂഹിക സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന മേഖലകളിൽ നിന്നുള്ള സർക്കാരിന്റെ പിൻമാറ്റം കൂടുതൽ കൂടുതൽ 'മനുഷ്യരെ' ദുർ ങ്ങളുടെ വഴികളിൽ ഇറക്കിവിട്ടിരിക്കുകയാണ്. ഇതിന് കോടതി പിൻബലം നൽകുന്നു.

ഇന്നത്തെ കോടതി / ആഗോളവൽക്കരണകാലത്തെ കോടതി മ യില്ലാതെ മൂലധനതാൽപ്പര്യസംരക്ഷണം (ഇടപെട്ടുകൊണ്ടോ / ഇടപെടാതെയോ) നടത്തി, ജനാധിപത്യ അവകാശങ്ങളെ കവർന്നെടുക്കു തുടങ്ങിയവ വഴി അരാഷ്ട്രീയവൽക്കരിക്കപ്പെട്ട / പ്രതികരണമില്ലാത്ത അമിതവിധേയത്വം പുലർത്തു പരാന്നഭോജികളായ ഒരു സമൂഹത്തെ സൃഷ്ടിച്ച്, അവർക്ക് ഇഷ്ടമില്ലാത്തവരെ / എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യാനാണ് ശ്രമിക്കുന്നത് ■





# ശ്രീനിയെന്ന താരം

മലയാള സിനിമയിലെ ഹാസ്യത്തിന് താളബോധം നൽകുന്നതിൽ മുഖ്യപങ്കു വഹിച്ച പ്രശസ്ത സിനിമാതാരം ശ്രീനിവാസനെ മാഗസിനു വേണ്ടി ഇന്റർവ്യൂ ചെയ്യുന്നതിന് ഞങ്ങൾ മട്ടന്നൂരുള്ള അദ്ദേഹത്തിന്റെ ബന്ധുവീട്ടിൽ ചെന്നെങ്കിലും തിരക്കുകൾ കാരണം ഒരു ഇന്റർവ്യൂവിന് അദ്ദേഹത്തിന് സമയമുണ്ടായിരുന്നില്ല. താരജാഡക ളൊന്നുമില്ലാത്ത......... സാധാരണക്കാരുടെ പ്രതിനിധി എന്നു തോന്നിക്കുന്ന ശ്രീനിവാസനോടൊത്തുള്ള നിമിഷത്തിന്റെ ആവേശമാകാം അദ്ദേഹത്തെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിച്ചത്

ചായക്കടയെന്നു കരുതി ബാർബർ ഷോപ്പിൽ കയറിയ വൃദ്ധൻ ബാർബറോട്: ഇവിടെയെന്തൊക്കെയുണ്ട്?

ബാർബർ: കട്ടിംഗും ഷേവിംഗും

അപ്പോൾ വൃദ്ധൻ: രണ്ടും ഓരോ പ്ലേറ്റു പോരട്ടെ

വടക്കുനോക്കിയന്ത്രത്തിലെ നായകൻ തളത്തിൽ ദിനേശൻ തന്റെ ഭാര്യയായ ശോഭയോട് പറയുന്ന ഈ ഫലിതം കേട്ട് ദിനേശന്റെ ഭാര്യ ശോഭ ചിരിച്ചില്ലെങ്കിലും മലയാളി സമൂഹം മുഴുവൻ ചിരിച്ചു. ഈ രംഗം മലയാളി അവന്റെ ഹൃദയത്തിൽ മായ്ക്കാത്ത ഒരു ഏടായി എന്നും സൂക്ഷിച്ചു. ഒപ്പം ഈ രംഗത്തിന്റെ സ്രഷ്ടാവായ ശ്രീനിവാസനെയും.

മലയാള സിനിമയിൽ എക്കാലവും ഓർമിക്കപ്പെടുന്ന ഒരു പിടി ചിത്രങ്ങൾ സംഭാവന ചെയ്തിട്ടുള്ള ചലച്ചിത്ര പ്രവർത്തകനാണ് ശ്രീനിവാസൻ. കഥ, തിരക്കഥ, സംഭാഷണം, സംവിധാനം, അഭിനയം തുടങ്ങിയ സിനിമയിലെ പ്രധാന മേഖലകളിലെല്ലാം തന്റേതായിട്ടുള്ള സംഭാവനകൾ നൽകുവാൻ ശ്രീനിവാസന് കഴിഞ്ഞിട്ടുണ്ട്. ആദ്യകാലത്ത് സീരിയസ്സ് സിനിമയുടെ വക്താവായിട്ടാണ് സിനിമയിലെത്തിയതെങ്കിലും പിന്നീട് ഹാസ്യരസപ്രധാനമായ മുഖ്യധാരാ സിനിമയുടെ ഭാഗമായി തീരുകയായിരുന്നു ശ്രീനിവാസൻ. എങ്കിൽതന്നെയും ആക്ഷേപഹാസ്യത്തിലൂടെ സമൂഹത്തിന്റെ ചെയ്തികളെ വിമർശിക്കുന്നതിൽ അദ്ദേഹം ഒരിക്കലും പിശുക്കു കാട്ടിയിട്ടില്ല.

കണ്ണൂർ ജില്ലയിലെ പാട്യം സ്വദേശിയായ ശ്രീനിവാസന് ചെറുപ്പംതൊട്ടേ വായനയിൽ താല്പര്യമു

തയ്യാറാക്കിയത് : നിഖിൽ, കൃഷ്ണപ്രസാദ്, രാകേഷ്, വിവേക്

President
P.C. Rahooph

Ph: 0490 2472438

**Kannur District**
**NRI's Welfare Co-op. Society**
**Ltd. No.C. 1549**

Mattannur, Kannur- 670 702,
E-mail: nricop@rediff.com
A Creative Banking Concept

വിശ്വോത്തര ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ
വിശ്വസനീയമായതിലും വിലക്കുറവിൽ............

**Electro Corniche**

T.K. Complex,House of Electronics
Thalassery Road, Mattannur
Ph: 0490 2471877

ണ്ടായിരുന്നു. സ്കൂൾ വിദ്യാഭ്യാസകാലത്ത് താൻ വായിച്ച പുസ്തകങ്ങളാണ് ഇന്ന് തനിക്ക് എന്തെങ്കിലും എഴുതുവാൻ സാധിക്കുന്നുവെങ്കിൽ അതിന് കാരണമായിട്ടുള്ളത് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. ചുറ്റുമുള്ള ജീവിത സാഹചര്യങ്ങളാവാം ഒരുപക്ഷേ അദ്ദേഹത്തെ ഒരു മികച്ച നടനും എഴുത്തുകാരനുമൊക്കെയായി മാറ്റിയത്.

കോളേജ് പഠനകാലഘട്ടത്തിൽ തന്നെ അദ്ദേഹം അഭിനയത്തോട് താത്പര്യം പ്രകടിപ്പിച്ചിരുന്നു. കോളേജിലും നാട്ടിലുമെല്ലാം നാടകങ്ങളിൽ ശ്രീനിവാസൻ സജീവസാന്നിധ്യമായിരുന്നു. തന്റെ ഗുരുനാഥനായ അബുനമ്പ്യാരുടെ പ്രേരണ നിമിത്തം അദ്ദേഹം ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. പിന്നീട് 'മണിമുഴക്കം', 'സംഘഗാനം' തുടങ്ങിയ ചിത്രങ്ങളിലൂടെ സീരിയസ്സ് സിനിമകളുടെ വക്താവായി മാറുകയും ചെയ്തു. സീരിയസ്സ് സിനിമാക്കാരുടെ ബുദ്ധിജീവി ജാഡകളോടു യോജിക്കാൻ കഴിയാതിരുന്ന ശ്രീനിവാസൻ പിന്നീട് മുഖ്യധാരാ സിനിമയുടെ നിറങ്ങളുടെ ലോകത്തേക്ക് കടന്നുചെല്ലുകയായിരുന്നു.

ശ്രീനിവാസൻ സിനിമകൾ ഹാസ്യത്തിന് ഒരു പുത്തൻ പരിവേഷം നൽകി. അക്കാലംവരെ കോമഡി ചെയ്യുന്നതിന് ഒരു പറ്റം ഹാസ്യനടന്മാർ സിനിമയിലുണ്ടായിരുന്നു. അവർ മാറിമാറി ഒരേതരം വേഷങ്ങളിൽ പല സിനിമകളിൽ പ്രത്യക്ഷപ്പെട്ടു. ഇവർക്ക് സിനിമയിൽ അധസ്ഥിത വർഗ്ഗത്തിന്റെ പരിവേഷമായിരുന്നു ഉണ്ടായിരുന്നത്. അക്കാലത്തെ ഹാസ്യത്തിന്റെ നിലവാരവും വളരെ താഴ്ന്നതായിരുന്നു. ശരിയായ ആസൂത്രണമോ കഥാപശ്ചാത്തലമോ ഇല്ലാതെയായിരുന്നു ഹാസ്യരംഗങ്ങൾ സൃഷ്ടിച്ചിരുന്നത്. ഹാസ്യനടന്മാർ തന്നെയായിരുന്നു ഇത്തരം ഹാസ്യരംഗങ്ങളുടെ സ്രഷ്ടാക്കളും. എന്നാൽ ഇത്തരം രീതികളെ തിരുത്തിക്കുറിക്കുന്നതായിരുന്നു ശ്രീനിവാസന്റെ രംഗപ്രവേശം. ആക്ഷേപഹാസ്യത്തിലൂടെ, സമൂഹത്തിനു നേരെ നടത്തിയ വിമർശനങ്ങളായിരുന്നു ശ്രീനിവാസന്റെ രചനകൾ. ശ്രീനിവാസൻ ചിത്രങ്ങളിൽ സന്ദർഭത്തിനനുസരിച്ച് കഥാപാത്രങ്ങളെല്ലാം ഹാസ്യതാരങ്ങളാവുന്നു. ഏച്ചുകെട്ടിയ ഹാസ്യരംഗങ്ങൾ ശ്രീനിയുടെ ചിത്രങ്ങളിൽ ഉണ്ടായിരുന്നില്ല. ജീവിതപ്രശ്നങ്ങളിൽ പെട്ട് ഉഴലുന്ന നായകന്മാർ പലപ്പോഴും തങ്ങൾ തന്നെയാണെന്ന് പ്രേക്ഷകന് അനുഭവപ്പെടുന്നു.

**ശ്രീനിവാസന്റെ രചനകൾ**

ശ്രീനിവാസൻ എന്ന ചലച്ചിത്രപ്രവർത്തകൻ ഏറ്റവും കൂടുതൽ ശ്രദ്ധേയനാവുന്നത് അദ്ദേഹത്തിന്റെ രചനകളിലൂടെയാണ്. എഴുത്തുകാരനെന്ന നിലയിൽ ശ്രീനിയുടെ വളർച്ചയ്ക്ക് നിമിത്തമായത് പ്രിയദർശനുമായുള്ള കണ്ടുമുട്ടലാണ്. പ്രിയദർശനും ശ്രീനിവാസനും ചേർന്ന് വ്യത്യസ്തങ്ങളായ നിരവധി ചിത്രങ്ങൾ ചെയ്തെങ്കിലും ശ്രീനിവാസൻ - സത്യൻ അന്തിക്കാട് കൂട്ടുകെട്ടിന്റെ നിലവാരം നേടുവാൻ ആ ചിത്രങ്ങൾക്ക് സാധിച്ചിട്ടില്ല. നാടോടിക്കാറ്റ്, പട്ടണപ്രവേശം, ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റ്, വരവേൽപ്പ്,



സന്ദേശം, വടക്കുനോക്കിയന്ത്രം, ചിന്താവിഷ്ടയായ ശ്യാമള, മിഥുനം, വെള്ളാനകളുടെ നാട്, തലയണ മന്ത്രം, ഉദയനാണ് താരം എന്നിവയാണ് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ രചനകൾ.

സമൂഹത്തിന്റെ എല്ലാ മേഖലകളിലുള്ളവരും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളായിട്ടുണ്ട്. അധ്യാപകരും, ബാർബറും, വെളിച്ചപ്പാടും, പള്ളീലച്ചനും, രാഷ്ട്രീയക്കാരനും, ഗൂർഖയും, കള്ളനും, സഖാവുമെല്ലാം ശ്രീനിയുടെ കഥാപാത്രങ്ങൾ ആവുമ്പോൾ അവരെല്ലാം പ്രേക്ഷകമനസ്സിൽ എന്നും സ്ഥാനംപിടിക്കുന്നു. ശ്രീനിയുടെ കഥാപാത്രങ്ങൾ ഒരിക്കലും അല്പായുസ്സുള്ള നിഴൽരൂപങ്ങൾ ആയിരുന്നില്ല. ഒരു ചെറിയ കഥാപാത്രത്തിനുപോലും അവരുടേതായ വ്യക്തിത്വവും സ്വഭാവ സവിശേഷതകളുമുണ്ട്. അതുതന്നെയാണ് ശ്രീനിവാസന്റെ കഥാപാത്രങ്ങൾ അനശ്വരമായി തീരുവാനുള്ള കാരണം.

ശ്രീനിവാസന്റെ രചനകളുടെ മറ്റൊരു പ്രത്യേകത ഒട്ടിച്ചുവച്ചതുപോലുള്ള രംഗങ്ങളാണ് അതിഭാവുകത്വം നിറഞ്ഞ രംഗങ്ങൾ ശ്രീനിവാസന്റെ തിരക്കഥകളിൽ കാണാൻ കഴിയില്ല. രംഗങ്ങളിലെ വ്യത്യസ്തതയും നേർത്ത നർമ്മത്തിന്റെ സാന്നിധ്യവും രംഗങ്ങളെ മിഴിവുറ്റതാക്കുന്നു. ഹൃദയസ്പർശികളായ ഒട്ടേറെ രംഗങ്ങൾ നാം ശ്രീനിവാസൻ ചിത്രങ്ങളിൽ കണ്ടു. 'വരവേല്പി'ലെ നായകന്റെ തിരിച്ചുപോക്ക്, 'സൻമനസ്സുള്ളവർക്ക് സമാധാന'ത്തിലെ നായകന്റെ വീട് ജപ്തി ചെയ്യുന്നത്, തുടങ്ങിയ കഥാസന്ദർഭങ്ങൾ പ്രേക്ഷകനെ നൊമ്പരപ്പെടുത്തുന്നു. കാരണം ശ്രീനിയുടെ കഥകൾ പ്രേക്ഷകന്റെ കഥകളാണ്. അതിലെ കഥാപാത്രങ്ങൾ പലപ്പോഴും പ്രേക്ഷകന്റെ പ്രതിരൂപങ്ങൾ തന്നെയാവുന്നു. ഇതുതന്നെയാണ് ശ്രീനിവാസന്റെ കഥാപാത്രങ്ങളുടെ വ്യത്യസ്തത.

**ശ്രീനിവാസൻ - സംവിധായകന്റെ റോളിൽ**

ചിന്താവിഷ്ടയായ ശ്യാമള, വടക്കുനോക്കിയന്ത്രം എന്നീ ചിത്രങ്ങൾ ശ്രീനിവാസൻ എന്ന ചലച്ചിത്രപ്രവർത്തകന്റെ കിരീടത്തിലെ പൊൻതൂവലുകളാണ്. മലയാളത്തിലെ എല്ലാ കാലത്തെയും മികച്ച ചിത്രങ്ങൾക്കിടയിൽ ഈ രണ്ടു ചിത്രങ്ങൾക്കും ശ്രദ്ധേയമായ സ്ഥാനം തന്നെയുണ്ട്. ഈ രണ്ടു ചിത്രങ്ങളും കലാപരമായി മികച്ച നിലവാരം പുലർത്തുന്നതും അതോടൊപ്പം തന്നെ മികച്ച സാമ്പത്തികനേട്ടം നേടിയതുമാണ്. കഥാസന്ദർഭങ്ങളിലെ ആക്ഷേപഹാസ്യമാണ് ഈ ചിത്രങ്ങളുടെ പ്രധാന സവിശേഷത. അടുക്കും ചിട്ടയോടും കൂടിയ കഥാസന്ദർഭങ്ങളും കുറിക്കുകൊള്ളുന്നതും ഹാസ്യം തുളുമ്പുന്നതുമായ സംഭാഷണങ്ങളും അവസാനം സമൂഹത്തിന് നൽകുന്ന സന്ദേശവും എല്ലാംകൊണ്ടും ഈ രണ്ടു ചിത്രവും വ്യത്യസ്തവും എല്ലാ കാലഘട്ടങ്ങളിലും പ്രസക്തമാണ്. കണ്ണൂരിന്റെ പശ്ചാത്തലത്തിലുള്ള ഒരു ചിത്രം സംവിധാനം ചെയ്യണമെന്നുള്ള ആഗ്രഹം ശ്രീനിവാസൻ മനസ്സിൽ സൂക്ഷി

ക്കുന്നുണ്ട്. അങ്ങനെയൊരു ചിത്രം സംഭവിക്കുകയാണെങ്കിൽ അത് മലയാള സിനിമയ്ക്ക് വലിയൊരു മുതൽക്കൂട്ട് തന്നെയായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

**ശ്രീനിവാസനെന്ന നടൻ**

തനിക്കു കിട്ടുന്ന കഥാപാത്രങ്ങളെ തന്റേതായ രീതിയിൽ മികവുറ്റതാക്കുവാൻ ശ്രീനിവാസന് സാധിക്കാറുണ്ട്. അതിഭാവുകത്വം തീരെ ഇല്ലാതെ സാധാരണക്കാരായ കഥാപാത്രങ്ങളെ ശ്രീനിവാസൻ അവതരിപ്പിക്കുമ്പോൾ പ്രേക്ഷകർ ആ കഥാപാത്രങ്ങളെ സ്വീകരിക്കുന്നു. 'പഞ്ചവടിപ്പാലത്തിലെ' 'വികലാംഗനും', 'നാടോടിക്കാറ്റിലെ' 'സി.ഐ.ഡി'യും, 'കാലാപാനിയിലെ' 'തടവുകാരനും' ശ്രീനിയുടെ ശ്രദ്ധേയമായ ചില കഥാപാത്രങ്ങളാണ്. പലപ്പോഴും ശ്രീനിവാസന്റെ നെഗറ്റീവ് റോളുകളാണ് കൂടുതലും ആളുകൾ സ്വീകരിക്കുന്നത്. തേന്മാവിൻ കൊമ്പത്തിലെ 'അപ്പക്കാള', മറവത്തൂർ കനവിലെ 'മരുത്', ഗോളാന്തര വാർത്തയിലെ റൗഡിയായ 'കാരക്കൂട്ടിൽ ദാസൻ', മേഘത്തിലെ രജനിയുടെ ആരാധകനായ 'കാണ്ടർ' തുടങ്ങിയ ശ്രീനിയുടെ നെഗറ്റീവ് ടച്ചുള്ള കഥാപാത്രങ്ങളോട് പ്രേക്ഷകർക്ക് ഒരിക്കലും നീരസം തോന്നാറില്ല. കാരണം ശ്രീനിവാസന്റെ വില്ലൻ കഥാപാത്രങ്ങൾ പലപ്പോഴും നിസ്സഹായരാണ്. നടനെന്ന നിലയിൽ ശ്രീനിവാസൻ കൂടുതൽ ശ്രദ്ധേയനാക്കപ്പെട്ടേക്കാവുന്ന ഒരു വേഷമാണ് 'ചിതറിയവരിൽ' ശ്രീനി ചെയ്യുന്നത്. പലപ്പോഴും 'അധഃസ്ഥിതൻ' എന്ന കാരണത്താൽ അവഗണിക്കപ്പെടുന്ന ഒരു ഹരിജൻ യുവാവിന്റെ ഹൃദയനൊമ്പരങ്ങളാണ് ശ്രീനിയുടെ കഥാപാത്രത്തി



ലൂടെ വ്യക്തമാക്കിയതെന്നും

ശ്രദ്ധേയമല്ല എന്ന കാര്യത്തെ

തള്ളിക്കളയാതെ അങ്ങനെയുള്ള

ചിത്രങ്ങളാണ്

മയ്ക്ക് താൻ നൽകിയ

സംഭാവന എന്നു

നുള്ള ആർജ്ജവം

നാനു മാത്രമേ ഉള്ളൂ

പ്പോഴും കഥ പോലും

ക്കാതെ എന്തു വേഷ

കെട്ടാൻ തയ്യാറാകുന്ന

സിനിമയിലെ നടീനട

ശ്രീനിവാസന്റെ പാഠ

മാക്കിയിരുന്നുവെങ്കിൽ

സിനിമ എന്നേ രക്ഷപ്പെ

മലയാള ചലച്ചിത്രങ്ങളിൽ ഹാസ്യത്തിന് വ്യത്യസ്ത

ഭാവബോധവും നൽകിയത് ശ്രീനിവാസനാണ്. ശ്രീനിവാസന്റെ രചനകൾ സാമൂഹ്യ പ്രസക്തിയുള്ളവയും സമൂഹത്തിലെ പ്രശ്നങ്ങൾക്കു നേരെ തിരിച്ചുവച്ച കണ്ണാടിയുമാണ്. അവ നൽകുന്ന സന്ദേശം ശ്രദ്ധേയങ്ങളാണ്. പലപ്പോഴും മലയാള സിനിമയുടെ കുഞ്ചൻനമ്പ്യാർ എന്ന വിശേഷണത്തിന് അർഹനായിത്തീരുകയാണ് മലയാളിയുടെ സ്വന്തം ശ്രീനി. ●


# ഗ്രെയ്സ് ബുക്സ്

ന്യൂ ബസ്സ് സ്റ്റാന്റ്, ഇരിട്ടി

Ph: 2491178, Mob: 9447519187

സ്കൂൾ,കോളേജ് പുസ്തകങ്ങൾ ഗൈഡുകൾ, കമ്പ്യൂട്ടർ പുസ്തകങ്ങൾ, മെഡിക്കൽ, എഞ്ചിനിയറിംഗ്, MCA, MBA, സിവിൽ സർവ്വീസ് എൻട്രൻസ് മത്സര പരീക്ഷ ഗൈഡുകൾ, പേപ്പറുകൾ, ഓൾസീസൺ ആശംസകാർഡുകൾ, ആർട്സ് ആന്റ് സ്പോർട്സ് മെറ്റീരിയൽസ്, സ്കൂൾ-ഓഫീസ് സ്റ്റേഷനറി, അക്കൗണ്ട് ബുക്കുകൾ, എല്ലാത്തരം ഫോറങ്ങളും N.B.S. D.C കറന്റ് ബുക്സ് എന്നിവയുടെ പ്രസിദ്ധീകരണങ്ങൾ, ഗവ. പ്രസിദ്ധീകരണങ്ങൾ V പബ്ലിക്കേഷൻസ്, സ്കൂൾ മാസ്റ്റർ, വിദ്യാഭ്യാസ മാസിക, ഇന്ത്യാടെലിഫോൺ കാർഡ് മുതലായവയുടെ ഇരിട്ടിയിലെ അംഗീകൃത ഏജൻസി.

ഞങ്ങളുടെ സഹോദര സ്ഥാപനങ്ങൾ

**അറ്റ്ലസ് ബുക്സ്**
N.P.റോഡ് ഇരിട്ടി, ഫോൺ. 2491016

**ആന്റോസ് ഫേൻസി &സ്റ്റേഷനറി**
N.P. റോഡ്, ഇരിട്ടി, ഫോൺ. 2494069

# സ്വപ്നം

നിന്റെ ഓർമ്മകളെ തേടുന്ന പകലിലും
നാളെ വിടരുവാൻ കാക്കുന്ന മൊട്ടുകളെ
ഓരോരോ സ്വപ്നങ്ങൾ വാതിൽപ്പടികളിൽ
ആർദ്രമായ് പിടയുന്നതിനാവാം
ഒരു പവിഴപ്പാതിൽ മഴിത്തുള്ളിൽ
വരുന്നതി ഞാനീ ഷീതൾ ഛായിൽ
ഒരു മഞ്ഞുതുള്ളിതൻ പരിശുദ്ധിയോടൊപ്പം
അമ്മ പകർന്നൊരു സ്നേഹമറിഞ്ഞു ഞാൻ
ഉമ്മറത്തിൽ ചടുലമാർന്നൊരാ ഞാനും
വഴിമാറുന്നു തീവ്രമാകുംപ്രിയനായി
അറിയുന്നൊരാന്റെ കടമിഴികളെ
വെയിലിന്റെ ചൂടേറ്റ് വാടുന്നതും
തന്റെ വിരലുകളെ തൊട്ടുതടവുന്നുവോ
സ്വപ്നങ്ങളെ ചേർത്ത് ചേരുന്നതും
എങ്കിലും കാത്തു ഞാൻ വിശ്വവീഥിയിൽ
ഉള്ളുള്ള ജീവിത യാത്രകളെ
എന്നോടൊപ്പം ഞാനറിഞ്ഞവർ സ്നേഹത്തിൽ
തണലേകുന്ന സ്വപ്നങ്ങളെ
തെറ്റിനെ വെല്ലാൻ തനിച്ചു ഞാൻ ഒരുമാ
രക്തമേകും തെരുവീഥികളും
അവരുടെ ചോരയും സ്വാതന്ത്ര്യത്തിൽ
നേടി ഞാനൊന്ന് തണലിനായ്
അസ്വാതന്ത്ര്യത്തിൻ അനിവാര്യതയിൽ
കരങ്ങളോട് ചേർത്തു നീ
ഹിമശൈലത്തിൻ മടിയിൽ നിൻ
പ്രണയത്തിന്റെ പ്രവാഹമായ്
കാർമേഘത്തിലൊളിക്കും ദീപമിൻ
വെണ്മയേകുന്നു നീ
മിഴികളിലെങ്ങും തെളിയുന്നു നിറവും
പാടാൻ വന്ന കിനാവുകളും
പവിഴമല്ലിപ്പൂവിലും തേനിൻ
തുള്ളികളിൽ ഞാനറിയും
സ്വപ്നത്തിലെങ്ങും ഞാനറിയുന്നു തേടും
നിറമേകും നിൻ നാളെയും
ഉണരുന്ന രാവിലും തേടുന്നവർക്കും
നല്ലൊരു നാളെതൻ കാഴ്ചകളെ




സെബിൻ കുമാർ
I^st BSc. Physics


*With best Compliments from*

GROUP

# K.K. Tourist Home

A.C.& Non AC Rooms & Conference Hall Available
Iritty 670 703- Kannur Dist.
Ph: 2493 468 , 2493 729.

**A unit of KK Group of Companies**



രാകേഷ് .കെ
1st BSc Maths



# അരണ്ട വെളിച്ചം

ഒടുവിൽ കൃത്യസമയത്ത് തന്നെ കൃത്യനിർവ്വഹണ സേനയെത്തി. അവർ ഇൻക്വസ്റ്റ് എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നതും ചിലർ തന്നെ ചൂണ്ടിക്കാട്ടുന്നതും കുതുകലെയിരുന്നവൻ കണ്ടു

ആ ശവം ഒഴുകിക്കൊണ്ടിരിക്കുയാണ്. ഏതാണ്ട് ഒരു മണിക്കൂറോളം അത് ഏവരുടെ ഉറക്കം കെടുത്തിക്കൊണ്ട് ഒഴുകുകയാണ്. ആരോ പോലീസിനെ അറിയിച്ചിട്ടുണ്ടെന്ന് പറഞ്ഞെങ്കിലും ആരും എത്തിയില്ല. മരിച്ചവൻ അതിഥിയായ് സ്വർഗം തേടുമ്പോൾ ദേഹം വെറുമൊരു പ്രതിമയായ് ഉപചാരങ്ങളൊന്നുമില്ലാതൊഴുകുന്നു.

ജനക്കൂട്ടം അവന്റെ ചിന്തകളുടെ ചേതോവിഹാരങ്ങളിൽ സ്പർശിച്ചപ്പോൾ, അവന്റെ നിദ്രയും മരണമടഞ്ഞു കഴിഞ്ഞിരുന്നു. എവിടെനിന്നോ ഒരു മണിമുഴങ്ങുന്നുണ്ടായിരുന്നു......

ഒടുവിൽ ജനക്കൂട്ടത്തെ വകഞ്ഞു മാറ്റുമ്പോൾ ചേതനയറ്റ ആ ശരീരം അനങ്ങുന്നുണ്ടായിരുന്നു. ഒരുപക്ഷെ ജലത്തിനുപോലും കരുണതോന്നി തട്ടിവിളിക്കുന്നതായിരിക്കും.

ചേതനയറ്റ മനുഷ്യരുടെ പിടയുന്ന മരിക്കാത്ത സ്വപ്നങ്ങൾ പിന്നെയും ബാക്കിയായ്.

എവിടെയോ കണ്ടുമറന്ന മുഖം പരിചയം പുതുക്കാനെന്ന പോലെ പുഞ്ചിരിക്കുന്ന അനാഥപ്രേതം അവനെ മാടിവിളിച്ചു. അതിനെ വലിച്ചിഴച്ച് കരയ്ക്കടുപ്പിക്കുമ്പോൾ നീന്തലറിയില്ല എന്ന സത്യവും അവിടെ മരിച്ചു.

ഏതോ പഴകി ജീർണ്ണിച്ച കോട്ടയുടെ കവാടത്തിനരികെ നിൽക്കുന്ന സഞ്ചാരിയുടെ ഭാവമായിരുന്നു അപ്പോഴതിന്.

നിങ്ങളിൽ കണ്ണുനീർ ബാക്കിയുണ്ടെങ്കിൽ അതിപ്പോൾ പൊഴിയൂ എന്നു പറഞ്ഞ മാർക്ക് ആന്റണിയെയറിയുന്നു. ഇവിടെ കണ്ണുനീരില്ലല്ലോ ! അതിനാൽ കണ്ണീർപെയ്ത് എന്നൊന്ന് ഉണ്ടായില്ല.

അപ്പോഴും ഓളങ്ങൾ നിലച്ചിരുന്നില്ല.

ഒടുവിൽ കൃത്യസമയത്ത് തന്നെ കൃത്യനിർവ്വഹണ സേനയെത്തി. അവർ ഇൻക്വസ്റ്റ് എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നതും ചിലർ തന്നെ ചൂണ്ടിക്കാട്ടുന്നതും കുതുകലെയിരുന്നവൻ കണ്ടു.

പോലീസ് സ്റ്റേഷൻ , നീതിയുടെ അഖണ്ഡപ്രത്യയശാസ്ത്രമുറങ്ങുന്ന തരിശുഭൂമി, അവിടെ അവന്റെ നിലവിളികളിൽ കുറ്റം ചെയ്തവന്റെ വിലാപമില്ല. കാർമുകിൽ പോലും അറയ്ക്കുന്ന കറുത്ത കുറേ ചീഞ്ഞുനാറിയ ആദർശങ്ങൾ.....

ഇവിടെയും ആരും മരിക്കുന്നില്ല

[illegible]

[illegible]

വീണ്ടും [illegible]

[illegible]

വീണ്ടും [illegible]

[illegible]

'ചന്ദ്രികയുടെ [illegible] ഒരാളും [illegible] കാണുന്ന ഈ നാടിനെ എനിക്ക് വിശ്വാസമില്ല. നിങ്ങൾക്ക് വിശ്വാസമില്ലാത്ത സംസ്കാരത്തെ നിങ്ങളെന്തിന് സ്വീകരിക്കണം?'

അവകാശമില്ലാത്ത [illegible] അവനൊന്നുമറിയില്ല

വീണ്ടും പോരാട്ടങ്ങൾ, നമുക്ക് [illegible] !

'ഇവിടെ കള്ളമില്ല ! കാരണം അതിന്റെ ഉറവ വറ്റിയിരിക്കുന്നു. ഇവിടെ നീതിയുമൊന്നില്ല, കാരണം അത് വില്പനയ്ക്കായിരിക്കുന്നു. ഇവിടെ ആത്മാഭിമാനവും ഇല്ല. അത് കരുതൽതടങ്കലിലാക്കിയിരിക്കുന്നു. ഭീരുവായി മരിക്കുന്നതിനേക്കാൾ ഒരിക്കലെങ്കിലും പൊരുതി മരിക്കുന്നതാണ്. ഇത് രാഷ്ട്രമല്ല. സ്വന്തം യുക്തിയിൽ നിന്നുതിർക്കുന്ന ആത്മാഭിമാന ബോധം.'

അധികാരത്തിന്റെ ചെവിയിലയിൽ, സുഖശീതളിമയിൽ പാവപ്പെട്ടവന്റെ നിശ്ശബ്ദതയുടെ പേരിൽ വിലപേശലുകളും [illegible] കൂട്ടുകയും ചെയ്യുന്ന ബ്യൂറോക്രാറ്റുകളും പൊളിറ്റീഷ്യൻമാരും എന്തറിയുന്നു.

എന്തൊക്കെയോ കേസുകൾ, ആരോപണങ്ങൾ, ഒടുവിൽ വീണ്ടും തെരുവോരങ്ങളിലെ പട്ടിണിയിൽ.

മനങ്ങളുടെ താലപ്പൊലികൾ സൃഷ്ടിക്കുന്ന വേലിയേറ്റം തകർക്കാനാവില്ല എന്ന് ഉദ്ഘോഷിച്ച പുണ്യവാളൻമാർക്ക് വിട.

ജീവിതത്തിന്റെ അതിർവരമ്പുകളിലെ ദാർശനികതയിലൂടെ വീണ്ടും ഒരു പ്രയാണം. മന്ത്രനാദങ്ങൾ അപ്പോഴും പുനർജനിക്കുന്നുണ്ടായിരുന്നു.

വാതിൽപടികൾക്കുള്ളിൽ കാലം ഒളിപ്പിച്ചുവച്ച സൗഭാഗ്യം എന്നേക്കുമായി തെറിച്ചുപോയി.

മെലിഞ്ഞൊരു ആത്മാവുകൾക്ക് ആനന്ദ ലഹരിയിലാവാൻ ഏതൊരു ശാസ്ത്രവും കൽപ്പിച്ചുകൊടുത്ത മണിയറ. അവിടെ അവന്റെ കാലടിശബ്ദം എന്നേക്കുമായി അവസാനിക്കുമ്പോൾ തേങ്ങിക്കരയാൻ ഈ ലോകത്ത് ആരുമുണ്ടായിരുന്നില്ല.

അവിടെ കാറ്റ് ഓളമായ് നിന്ന് ശോകമറിയിക്കുന്നുണ്ടായിരുന്നു. വാകമരം ഇലകൾ പൊഴിച്ച് ചിരിക്കുന്നുണ്ടായിരുന്നു. ഒരു കാലൊച്ച അകന്നുകൊണ്ടിരിക്കുന്നതും കേൾക്കാമായിരുന്നു. ആ രാത്രിയിലും എവിടെ നിന്നാണെന്നറിയില്ല ഒരു മണിമുഴങ്ങുന്നുണ്ടായിരുന്നു.





# നമ്മൾ

**രാത്രികൾ**

ഭൂമിയിൽ വെളിച്ചമില്ലെന്ന് പറഞ്ഞ്
പകലിന്റെ സ്വപ്നങ്ങൾ കാട്ടിത്തന്ന്
ഞങ്ങളെ ഇരുണ്ട അറകളിൽ തള്ളി

**പകലുകൾ**

വെളിച്ചവും മറ്റാർക്കൊക്കെയോ വേണ്ടി
സൃഷ്ടിക്കപ്പെട്ടതാണെന്ന് പറഞ്ഞ്
ഞങ്ങളെ കനൽക്കുമ്പാരങ്ങളിലേക്കെറിഞ്ഞു

**കോളകൾ**

ഭൂമിയിൽ വെള്ളമില്ലെന്ന് പറഞ്ഞ്
ഞങ്ങളുടെ ചോരയും വിയർപ്പും
ഊറ്റിയെടുത്തു

**അധികാരികൾ**

മുകളിലേക്ക് പടികളില്ലെന്ന് പറഞ്ഞ്
ഞങ്ങളെ ദാരിദ്ര്യത്തിന്റെ
ആഴങ്ങളിലിട്ട് പീഢിപ്പിച്ചു.

**ഞങ്ങൾ**

പ്രതിരോധത്തിന്റെ
മുഷ്ടികളുമായ് കാത്തിരുന്നു
എല്ലാത്തിനുമുത്തരമായ
വിപ്ലവത്തിനു വേണ്ടി...



ഷൈബു കെ
IInd BCom



# ഓർമ്മകൾ


ഓർമ്മകൾ പെയ്തിറങ്ങുന്ന സന്ധ്യയിൽ
താനേ തുളുമ്പി നിറയുന്നു നിൻ സ്വനം
സ്നേഹാങ്കണത്തണൽ തേടുന്ന യാത്രയിൽ
എപ്പോഴോ വേർപെട്ടുപോയി എന്നാകിലും,
കാലഭേദങ്ങൾ നാമറിയാതെയറിയാതെ,
നമ്മിൽ കൊരുത്തിട്ട ഹൃദയോഷ്മളതയായ്
എത്രോ സാന്ദ്ര സംഗീതത്തുടിപ്പുകൾ
പേറുന്നു നാമൊത്തു ചേരുന്ന മാത്രകൾ
ചില്ലുടഞ്ഞു മുറിവേറ്റൊരെൻ ഹൃത്തടം
നിൻമുഖത്തിൻ നിറക്കൂട്ട് തീർക്കവേ,
നിന്നിലൂറുന്ന നന്മകൾ എന്നാത്മാവിൻ-
മൺ ചിരാതിൽ വെളിച്ചമായ് പൂക്കുന്നു
എങ്കിലും രാക്കാറ്റിലുലയുന്നു നീ തന്ന
സ്നേഹാർദ്ര നവ്യോപഹാരം
കുഞ്ഞുപൂവുകൾ മിഴി ചിമ്മി നിന്നതാം
പാതയോരങ്ങൾ മറക്കാതിരിക്ക നീ
നാമൊരുക്കിയ വാക്കിന്റെ ചിത്രങ്ങൾ
ദൂരകാലങ്ങളിൽ മിഴിചേർത്തു വയ്ക്കുക......

ബിന്യ കെ.കെ. I. BCom



നൗഷീർ മംഗലാടൻ
II[nd] BCom

# ഇരകൾ ഉണ്ടാവുന്നത്



എൻഡോസൾഫാൻ പ്രയോഗത്തിലൂടെ ഉടലെടുത്ത ദുരിതങ്ങളും തീഷ്ണമായ വേദനകളും ചെറുക്കാനാവാതെ പിടഞ്ഞുകൊണ്ടിരിക്കുന്ന ആയിരങ്ങൾ.. മജ്ജയും മാംസവും നഷ്ടമായവർ, രക്തത്തിൽ വിഷം നിറഞ്ഞവർ, വ്രണങ്ങളിൽ പുഴുനുരിക്കുന്നവർ..... ഇവർ അനേകർ...... ഇരകൾ......

ഇരകൾ ഉണ്ടാവുന്നത് യാദൃശ്ചികതയിൽ നിന്നല്ല, മനുഷ്യത്വരഹിതമായ ആസൂത്രണങ്ങളിൽ കൂടിയാണ്. എല്ലാ ഇരകളും എല്ലാ സമയത്തും വേട്ടക്കാരന് ഭക്ഷണമാവുന്നില്ല. ഇവിടെയും ഇരകൾ സൃഷ്ടിക്കപ്പെട്ടത് ഭുജിപ്പാനല്ല. (ഗുജറാത്തിലെയും മാറാടിലെയും പോലെ). കാസർക്കോടിന്റെ പലഭാഗങ്ങളിലും, ഗ്രാമവാസികൾ തലമുറകളായി പേറേണ്ടിയിരിക്കുന്ന ദുരിതം നാഗസാക്കിയും ഹിരോഷിമയും പോലെ ഭീകരമാണ്. വിലാപങ്ങൾക്ക് വിലനൽകാത്ത ഭരണകൂടം പൗരനെ വേട്ടകാരന് കാഴ്ചവയ്ക്കുന്ന അപകടകരമായ മൗനത്തിലാണ്.

പെർളയും എൻമകജയും സർഗ്ഗയും പാഡ്രെയും ഗ്രാമങ്ങളുടെ പേര് എന്നതിലുപരി തന്റെ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുന്നതിലൂടെ വിഷം നൽകേണ്ടിവരുന്ന അനേകം അമ്മമാരുടെ നാടായാണ് ഓർക്കപ്പെടുക. ഒ.പി.ദുബൈ കമ്മീഷൻ കേന്ദ്രസർക്കാരിനെ ബോധിപ്പിച്ച കാര്യങ്ങൾ കേവലം തട്ടിക്കൂട്ടിയ ഒന്നായിരുന്നു എന്നു പറയുന്നത് ശരിയല്ല, അത് കൃത്യമായ ആലോചനയ്ക്കു ശേഷം സ്വീകരിക്കപ്പെട്ട ഒന്നാണ്. കമ്മീഷൻ പരിശോധിച്ച മൂന്ന് റിപ്പോർട്ടുകളിൽ രണ്ടും തള്ളിയതും 'കൃത്യമായ ആലോചന'യുടെ ഫലമായാണ്. ബോംബുകൾ വർഷിക്കാതെ ആയുധമേന്തിയ പട്ടാളക്കാരില്ലാതെ നടക്കുന്ന യുദ്ധം അംഗീകരിച്ചുകഴിഞ്ഞു. ഹെലികോപ്റ്ററുകളിൽ നിന്ന് തേയില 'കൊതുകുകളുടെ' അടുത്തേക്ക് ചീറ്റിവിടുന്ന എൻഡോസൾഫാൻ പതിക്കുന്ന മണ്ണും ജലവും മാരകമായ വിഷം നിറഞ്ഞവയായി തീർന്നു എന്നതുകൊണ്ട് ജീവജാലങ്ങളെ ഒന്നടങ്കം ഈ പ്രശ്നം ബാധിക്കുന്നു. ഈ ഒരു സാഹചര്യത്തിലും, എൻഡോസൾഫാൻ ഉപയോഗം അംഗീകരിക്കപ്പെടുന്നതിന് അനുകൂലമായ റിപ്പോർട്ടാണ് ഒ.പി.ദുബൈ കമ്മീഷൻ തയ്യാറാക്കിയത്.

വയറുവീർത്തവർ, ശരീരത്തോളം വളർന്ന തലയുള്ളവർ, കരയാൻപോലുമാവാത്തവർ, കാഴ്ച നഷ്ടപ്പെട്ടവർ, ക്യാൻസർ രോഗികൾ, ബുദ്ധിമാന്ദ്യം സംഭവിച്ച അപസ്മാര രോഗികൾ, വ്രണങ്ങൾ പേറുന്നവർ ഇങ്ങിനെ അനവധി രോഗങ്ങളുടെ പിടിയിലായ അനേകം 'മനുഷ്യർ' കാസർക്കോടിന്റെ ... നിറയുന്നു. മനുഷ്യർ നിർദ്ദയമായി ... ഇവിടെ ജനാധിപത്യം നിലനിൽക്കുന്നു. ... ക്കാനുള്ള അവകാശം മൗലികാവകാശമാണ് ... നുള്ള അവകാശം ഇവിടങ്ങളിൽ നഷ്ടപ്പെട്ടു ... യായ പ്രയോഗമല്ല, ഇവിടെ ജീവിക്കാനാവില്ല ... എന്നതാണ് വാസ്തവം.


പെർളയും പ്ലാച്ചിക്കരയും രണ്ടുതരത്തിലുള്ള ... ത്തിന്റെ ഭീകരത അനുഭവിക്കുന്ന ഗ്രാമങ്ങളാണ് ... സ്വതന്ത്രഇന്ത്യയിലെ ഉപരിവർഗ്ഗപുരുഷന്മാരുടെ ... ഭരണകൂടത്തിന്റെ ഇടപെടലുകളിൽ ... ജനാധിപത്യപൂർണ്ണം. പെരുമാട്ടി പഞ്ചായത്തും ... പഞ്ചായത്തും മാധ്യമങ്ങളിൽ സജീവമാകുന്ന ... ലാളിത്ത സാമ്പത്തിക അടിത്തറയിൽ ... ആഗോളവൽക്കരണത്തിന്റെ ഇരകളായിത്തീരാൻ ... ന്നവരെക്കുറിച്ച് മുന്നറിയിപ്പ് നൽകിയത് ഇവിടെ ... ഷ്യസ്നേഹികളാണ്. അവരുടെ വാക്കുകളെ ... വിരുദ്ധമെന്ന് ആക്രോശിച്ച് തള്ളിക്കള ... നാളേയ്ക്ക് ശേഷിപ്പിക്കുന്നത് എന്താണ്?

കോളക്കമ്പനികൾ പ്രതിദിനം ലക്ഷക്കണക്കിന് ജലം കുഴൽകിണറുകളിലൂടെ വലിച്ചെടുത്ത് വീര്യമാർന്ന കീടനാശിനികളാക്കിയും ഉപയോഗിക്കാവുന്ന 'കോള'ക ളാക്കി നമുക്ക് ശീതളപാനീയമായി ഉപയോഗിക്കാൻ എത്തിച്ചുതരുന്നു. അവ ആകർഷകങ്ങളായ നിരവധി പരസ്യങ്ങളിലൂടെ ക്രിക്കറ്റിന്റെ പിന്നാമ്പുറങ്ങളിലൂടെ ദേശസ്നേഹത്തിന്റെ മുഖമൂടിയണിഞ്ഞ് നമ്മെ വശ ത്താക്കി, നാമറിയാതെ നാം അവരുടെ ചൂഷണത്തിന്റെ ഇരകളാവുകയാണ്, നാമവരുടെ ആയുധങ്ങളായി പരി വർത്തിക്കപ്പെടുകയാണ്. ഇന്ത്യയിൽ വിവിധ സംസ്ഥാ നങ്ങളിൽ കോളകൾ കീടനാശിനിയായി ഉപയോഗിക്ക പ്പെടുകയും, അതിന്റെ വിജയം വാർത്തകളിൽ നിറയു കയും ചെയ്ത നേരത്താണ് ജനം ഇതിന്റെ വീര്യത്തെ കുറിച്ച് ബോധമുള്ളവരായിതീരുന്നത്.


ജലം വിലകൊടുത്തുവാങ്ങുമ്പോൾ സസ്യങ്ങൾക്കും പക്ഷി-മൃഗാദികൾക്കും ആരാണ് വെള്ളം നൽകുന്നത്, അങ്ങിനെ ഒരു വാക്ക് അബദ്ധത്തിൽ പോലും ജലം വിൽപ്പന ചെയ്യപ്പെടുന്നവർ പറയുന്നില്ല. മനുഷ്യന് പണം നൽകിയാൽ അത്യാവശ്യമായ ജലം പോലും ലഭിക്കുന്നില്ല. പിന്നെ എന്തിനെയാണ് മറ്റുള്ള കാര്യ ങ്ങൾ അന്വേഷിക്കുക... അതായത് ചെറുത്തുനിൽപ്പ് ഉയർന്നുവന്നില്ലെങ്കിൽ പെരിയാറും, പ്ലാച്ചിമടയും നമുക്കു ചുറ്റും വളർന്നുകൊണ്ടേയിരിക്കും. അവിടെ നിന്നും ഭീ കര യുദ്ധചിത്രങ്ങൾ പോലെ മനുഷ്യർ മരിച്ചുവീഴും, നിശബ്ദരായും അവരിൽ ആരും നമ്മളിൽ നിന്നും വിഭി ന്നരായിരിക്കില്ല.

ഇരകൾ ഉണ്ടാവുന്നത്, വേട്ടക്കാരന്റെ വഴികൾ മന സ്സിലായിട്ടും അവയെ ഇല്ലായ്മചെയ്യാതിരിക്കുമ്പോഴാ ണ്, പ്രതികരണത്തിന്റെ ആയുധങ്ങളായി നാം മാറി യില്ലെങ്കിൽ ഇരകളായി വേട്ടക്കാരന്റെ വഴിയിൽ നാം അവസാനിക്കും. ഇരയായി വീഴാൻ മനസ്സില്ലാത്തവർ ഉയർന്നുവരണം, അത് നാളെയെക്കുറിച്ച് എന്തെങ്കിലും നമുക്ക് ആലോചിക്കാൻ പോലും ആവശ്യമാണ്

# പ്രാണന്റെ സ്വപ്നമേ നിന്നെപ്പോലെ



ജിതേഷ്.കെ
Lect. in Computer Science



മഴമേഘം തേടും വേഴാമ്പൽപോലെ.....
മഴനൃത്തമാടും മയിലുപോലെ.

കളകളം പാടുമരുവിപോലെ....
കിടക്കുന്നതും കിളിനാദംപോലെ.

സുഗന്ധം തരുമൊരു പൂവുപോലെ.....
അഴക് വിരിയും കവിതപോലെ.

നീലവാനിൽ അലയുംമുകിലുപോലെ....
നിദ്രയിൽ വിടരും(പൂ)ങ്കിനാവുപോലെ.

മാനത്തുവിരിയും താരംപോലെ....
നിലാവിൽ തളിർക്കുമമ്പിളിപോലെ.

(പൊൻ)ചെമ്പകച്ചോട്ടിലെ കാറ്റുപോലെ.....
പൂനിലാമഴയിലെ കുളിരുപോലെ.

നീന്തിതുടിക്കുന്ന മീനുപോലെ....
നീലനിലാവിന്റെയുള്ളിലെ ശോഭപോലെ.

അമ്പലമേട്ടിലെ പ്രാവുപോലെ....
അകതാരിനുള്ളിലെ താളംപോലെ.

എല്ലാം എനിക്കിന്നെന്റെ പോലെ.....
എന്റെ പ്രാണന്റെ സ്വപ്നമേ നിന്നെപ്പോലെ.



# "ആരെയോ പ്രതീക്ഷിച്ച്"



വിപിൻ
I BSc Phys

നേരം സന്ധ്യയാവുന്നു. വിജനമായ ആ തെരുവിലൂടെ കുട്ടിന് തുടുത്ത സൂര്യന്റെ ചുവന്ന കിരണങ്ങളോട് കൈകോർത്ത് അവൻ ഏറെദൂരം നടന്നു. കുരിരുട്ട് പരക്കാൻ തുടങ്ങിയിരിക്കുന്നു. രാമുവിന്റെ നടത്തത്തിനു വേഗത കൂടി. പട്ടണത്തിലെത്തിയപ്പോഴേക്കും ബസ്റ്റാന്റിൽ ആൾക്കാരെ കൊണ്ട് നിറഞ്ഞിരിക്കുന്നു. എല്ലാവരും തിരക്കു കൂട്ടുന്നു. ബസ്റ്റാന്റിന്റെ മറുവശത്ത് നിശാസുന്ദരികൾ ആരെയൊക്കെയോ പ്രതീക്ഷിച്ചുകൊണ്ട് നില്ക്കുന്നു. ഇതിലൊരാൾക്ക് തന്റെ അമ്മയുടെ ഛായയുണ്ടായിരുന്നോ?

കണ്ണുനീർത്തുള്ളികളടർന്നു വീഴുമെന്ന് തോന്നിയപ്പോൾ രാമു വീണ്ടും നടക്കാൻ തുടങ്ങി. കാലുകൾ തളരാൻ തുടങ്ങിപ്പോൾ താനൊരുപാട് ദൂരം നടന്നുകഴിഞ്ഞതായി അവനു തോന്നി. പരിചയമില്ലാത്ത സ്ഥലവും ആൾക്കാരും. വിശപ്പു സഹിക്കാതെ ഒരു പീടികത്തിണ്ണയിലിരുന്നു. തളർച്ചയും വിശപ്പും കളിക്കൂട്ടുകാരായ രാമു അറിയാതെ ഉറക്കത്തിലേക്ക് വഴുതി വീണു. തന്നെ അനാഥനാക്കിയ കാലത്തിന്റെ കറുത്ത കരങ്ങൾ ഒരു ഇരുണ്ട സ്വപ്നമായി അവന്റെ നിദ്രയ്ക്കു കൂട്ടിനെത്തി. ഓർമ്മവെച്ച കാലം മുതൽ എട്ടാം ക്ലാസുവരെ അവന്റെ ജീവിതത്തിന് വാർമഴവില്ലിന്റെ സൗന്ദര്യമുണ്ടായിരുന്നു. സ്നേഹനിധിയായ അമ്മ, തന്റെ ആഗ്രഹങ്ങൾ കുന്നോളം സാധിച്ചു തരുന്ന അച്ഛൻ. എന്നാണവരെയെല്ലാം തനിക്ക് നഷ്ടമായത്? കുന്നിന്റെ മുകളിലായി സ്വർഗ്ഗ തുല്യമായ ദിനങ്ങളെ സമ്മാനിച്ച ആ ചെറിയ മണിമാളികയായ കുടിലും അവന്റെ സ്വപ്നത്തിൽ വിരിഞ്ഞു നിന്നു. അന്നു നല്ല മഴയുള്ള ദിവസമായിരുന്നു. അമ്മയും അവനും ടൗണിലുള്ള ഒരാശുപത്രിയിൽ പനി പിടിച്ച് കിടപ്പിലായിരുന്നു. വസ്ത്രവും ഭക്ഷണവുമെടുക്കാൻ

വീട്ടിലേക്ക് പോയ തന്റെ അച്ഛൻ തിരിച്ചു വന്നില്ല
ചെരിയുന്ന മഴയിൽ തെല്ലുപരിഭ്രമത്തോടെ അച്ഛനെ
ക്ഷിച്ചിരുന്ന അമ്മയുടെ മുഖമവനിപ്പോഴും ഓർത്തു
മഴയുടെ താണ്ഡവമൊന്നു ശമിക്കാൻ ഒരു ദിവസം
വന്നു. പറയാൻ ബന്ധുക്കളൊന്നു മില്ലാത്ത രാമുവിനെ
അമ്മയേയും ആരൊക്കെയോ ചേർന്ന് വീട്ടിലെ
പാറക്കെട്ടുകളിൽപ്പെട്ട് വികൃതമായ അച്ഛന്റെ ശരീ
ലമുറയിടുന്ന അമ്മയുടെ നിസ്സഹായവസ്ഥ ഇന്നും
വിന്റെ ദുഃസ്വപ്നങ്ങളിലെ മുറിവുകളാണ്.

മുന്നോട്ടുള്ള ജീവിതം ചോദ്യചിഹ്നമായപ്പോൾ
ചര്യങ്ങൾ മുൾവേലികൾ തീർത്തപ്പോൾ, വെറിപൂണ്ട
ഹത്തിലെ ചെന്നായക്കൂട്ടങ്ങൾക്കു നേരെ മനംപാ
റിന്റെ വിശപ്പകറ്റാൻ അമ്മ തന്റെ മാംസപിണ്ഡങ്ങളെ
'പതിനഞ്ചു വർഷത്തെ പാതിവ്രത്യത്തിന്റെ പരിസമാ
. ഓരോ അത്താഴത്തിലും അമ്മയുടെ കണ്ണീരിന്റെ ഉപ്പ
ലർന്ന സ്വാദവനെന്നുമറിഞ്ഞിരുന്നു. ദിവസങ്ങൾ കഴി
തോറും അമ്മയുടെ കണ്ണിലെ തിളക്കം നഷ്ടപ്പെട്ടു
ന്നുണ്ടെന്നവനറിഞ്ഞു. എല്ലും തോലുമായ തന്റെ
യുടെ പാതികൂമ്പിയ കണ്ണുകൾ എന്നെന്നേക്കുമായട
പ്പോൾ തന്നെ സ്വീകരിക്കാൻ കാത്തുനിന്ന അനാഥ
ത്തിന്റെ കരങ്ങളിലേക്ക്. കറുപ്പിന്റെ മറവിൽ
കൾ കൊണ്ട് വെളുപ്പിന്റെ സമാധാനത്തെ തകർക്കാ
കെട്ടിയിറങ്ങുന്ന കഴുകൻമാർക്കിടയിലേക്ക്. "നാളെ
ദിനരോദനങ്ങൾ സമ്മാനിക്കുന്ന മതഭ്രാന്തൻമാർക്കി
ലേക്ക്." ........

രാമു തന്റെ സ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നു
വുപോലെ, പുഞ്ചിരിക്കുന്ന സൂര്യന്റെ കിരണങ്ങൾ
തയേറുന്നതിനു മുമ്പ് ആരെയോ പ്രതീക്ഷിച്ചു കൊണ്ട്
നടന്നകലുകയാണ്.........



മൂന്നു പതിറ്റാണ്ടിലേറെയായി മലയാള കവിതയിലെ പുരോഗമനപക്ഷത്ത് നിലപാടുകളുടെ കാർക്കശ്യവുമായി നിലയുറപ്പിച്ചിരിക്കുന്ന കവിയാണ് കുഞ്ഞപ്പ പട്ടാന്നൂർ. ചരിത്രത്തിന്റെയും രാഷ്ട്രീയത്തിന്റേയും സൂക്ഷ്മ വ്യവഹാരങ്ങളിൽ ജാഗ്രതയുടെ ഏറുമാടങ്ങളിലിരുന്ന് അധിനിവേശ സാമ്രാജ്യത്വത്തിന്റെ മനുഷ്യത്വവിരുദ്ധ പ്രത്യയശാസ്ത്രങ്ങളോട് അക്ഷരങ്ങളുടെ മൂർച്ചയിലൂടെ കലഹിച്ചുകൊണ്ടിരിക്കുന്ന കവിയുമായി രാകേഷ്, വിപിൻ, അജുഷ, നിമ്മി എന്നിവർ നടത്തിയ അഭിമുഖം.

# പ്രതിജ്ഞാബദ്ധ കവിതയിലെ യൗവ്വനം

**ചോ: കവിത നഷ്ടപ്പെടുന്ന കാലത്ത് കവിതയുടെ പ്രസക്തിയെന്താണ്?**

ജീവിതത്തിന്റെ മൂല്യവ്യവസ്ഥക്ക് എതിരെ ലോകകവിതയിൽ തന്നെ പ്രതിരോധങ്ങൾ ഉയരുന്നുണ്ട്. അക്ഷരം ആയുധമാണ് എന്നത് കുറച്ച് പഴയ ആശയമാണെങ്കിലും അക്ഷരത്തിന്റെ സായുധസാന്നിധ്യം മിക്ക ഭാഷകളിലെ കവിതകളിലും കാണാൻ കഴിയും. പ്രചരിക്കപ്പെടുന്ന നുണകളിൽ ഒന്ന് മാത്രമായി മാത്രമേ കവിത നഷ്ടപ്പെടുന്നുള്ളൂ എന്ന് പറയാൻ കഴിയൂ. കവിത നഷ്ടപ്പെട്ടാൽ ജീവിതമില്ല എന്നാണർത്ഥം. ജീവിതമുള്ള കാലത്തോളം കവിതയും നിലനില്ക്കുക തന്നെ ചെയ്യും. ഈ അടിസ്ഥാനബോധ്യത്തിന്റെ പക്ഷത്ത് നില്ക്കുന്ന കവികളിൽ ഒരാളാണ് ഞാൻ. എന്നത്തേക്കാളും കൂടുതൽ ഇന്ന് പ്രതിരോധത്തിന്റെ കവിതകൾക്ക് പ്രസക്തിയുണ്ട്. സാംസ്കാരിക അധിനിവേശത്തിനെതിരെയുള്ള ചെറുത്തുനില്പുകളാണ് കവിതകൾ. പാലസ്തീൻ കവികളും ഇംഗ്ലീഷ് ഭാഷയിലെഴുതുന്ന ആഫ്രിക്കൻ കവികളും ലാറ്റിനമേരിക്കൻ കവികളുമെല്ലാം ഇത്തരം അധിനിവേശവിരുദ്ധമായ പ്രതിരോധത്തിന്റെ ശബ്ദമാണ് അവരുടെ കവിതകളിലൂടെ കേൾപ്പിക്കുന്നത്.

**ചോ: താങ്കളെ സംബന്ധിച്ചിടത്തോളം കവിത എന്താണ്?**

സാംസ്കാരിക രാഷ്ട്രീയാവബോധത്തിന്റെ ആവിഷ്ക്കാരമാണ് എനിക്ക് കവിതകൾ. ചിന്തയുടേയും ബോധത്തിന്റേയും ഭൂതകാലത്തിന്റേയും സ്വപ്നങ്ങളുടേയും ഒരു കൂടിച്ചേരലാണ് കവിത. വാൾട്ട്ഹിറ്റ്മാൻ കവിതയെ കടലെന്ന രൂപകം (metaphor) കൊണ്ടാണ് അടയാളപ്പെടുത്തുന്നത്. മലയാളത്തിൽ വൈലോപ്പിള്ളിയും 'കവിതക്ക് ഞങ്ങൾക്ക് കടലേ മഷിപ്പാത്രം' എന്ന് പറഞ്ഞിട്ടുണ്ട്. ഓരോ കവിയുടേയും ശേഷി അനുസരിച്ചാണ് അവസ്ഥകളെ സ്വാംശീകരിച്ച് അവതരിപ്പിക്കുന്നത്. Grand Narratives....... ബൃഹദാഖ്യാനങ്ങൾ കഴിഞ്ഞു എന്നും ഇനിയെല്ലാം small things ന്റെ കാലമാണെന്നും പറഞ്ഞുപരത്തുകയാണിവിടെ. ഉറുമ്പുകളെയും പഴുതാരകളെയും കുറിച്ച് ചിലർ എഴുതുന്നു. കണ്ടൽക്കാടുകളെക്കുറിച്ച് മറ്റു ചിലരും എഴുതുന്നു. മാർക്സിസം (Marcism) വരുംകാല മാനവ ചരിത്രത്തിന്റെ ഭാഗത്തുനിന്നും സംസാരിക്കുന്നു. സ്ത്രീ ജീവിതത്തെക്കുറിച്ച് എംഗൽസ് തന്നെ എഴുതിയിട്ടുണ്ട്. മാനുഷികമായി യാതൊന്നും എനിക്കന്യമല്ല Nothing is Alien to me എന്നാണ്

മാർക്സ് തന്നെ പറഞ്ഞുവെച്ചത് കവിത സ്നേഹവും വാത്സല്യവുമൊക്കെയാണ്. ഇത് ഓരോ കവിയുടെ ശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാല്പനിക കവികളെ സംബന്ധിച്ചിടത്തോളം പ്രകൃതിയുമായി ചേർന്ന് നില്ക്കുന്ന ഒരു ബോധത്തിനപ്പുറം അവർക്ക് പോകാൻ സാദ്ധ്യമല്ല. ബാലാമണിയമ്മയുടെ കവിതകൾ മാതൃത്വത്തിന്റേയും വാത്സല്യത്തിന്റേയും ആവിഷ്ക്കാരമാണ്. ഓരോ കവിയുടേയും മുൻഗണനയും ശേഷിയും അനുസരിച്ചാണ് കവിത നിർവ്വചിക്കപ്പെടുകയോ അടയാളപ്പെടുത്തുകയോ ചെയ്യപ്പെടുന്നത്. എന്നെ സംബന്ധിച്ചിടത്തോളം തൊഴിലാളിവർഗം, അവരുടെ മോചനം, ചരിത്രം എന്നിവയെല്ലാം പ്രസക്തമായ വിഷയങ്ങളാണ്. ഇതാണ് ഞങ്ങൾ പുരോഗമന കവികളുടെ നിലപാട്. വെളിച്ചത്തിന്റെ വഴികളാണ് എന്റെ വഴി. അതുകൊണ്ട് തന്നെ പുരോഗമന കവിത നിഷേധമൂല്യങ്ങളോടുള്ള നിരന്തര പോരാട്ടമായി മാറുന്നു. കവിത ഒരു conviction ആണ്. അതുകൊണ്ട് തന്നെ കവിത പ്രതിജ്ഞാബദ്ധവുമാണ്.

**? കവിതയുടെ ഭൂപടത്തിൽ എവിടെയാണ് സ്വയം അടയാളപ്പെടുത്തുന്നത്?**

വ്യക്തിപരമായ സന്തോഷങ്ങളെയും നേട്ടങ്ങളെയും അക്കമിട്ട് പറയുന്നതിനപ്പുറം ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ മറ്റു മനുഷ്യരുടെ ഉത്കണ്ഠകളും സങ്കടങ്ങളും തൊട്ടറിഞ്ഞ് വരുംകാല സൂര്യോദയത്തിന് വേണ്ടി കവിതയിലൂടെ സഞ്ചരിച്ച ഒരാൾ എന്ന നിലയിലാണ് സാഹിത്യചരിത്രങ്ങളിൽ ഇടം തേടാനാഗ്രഹിക്കുന്നത്. വ്യക്തിപരമായ കവിതകളെ നിരാകരിക്കുന്നു. വ്യക്തിപരതയുടെ ഉറവയിൽ നിന്ന് അരുവിയായി ഒഴുകിതീർന്നു പോകുന്ന കവിതകളുണ്ട്. കൊടുങ്കാട്ടിലൂടെ ഒഴുകി ഒടുവിൽ കടലിൽ പതിക്കുന്ന കവിതകളും ഉണ്ട്. ഉറവയിൽ പിറവിയെടുത്ത് അവിടെത്തന്നെ വറ്റിത്തീരാതെ ജീവിതപക്ഷത്തു ചേർന്ന്നിന്ന് നഷ്ടപ്പെടുന്ന ജീവിതത്തിനുവേണ്ടി പൊരുതുന്ന സർഗ്ഗാത്മകതയിലാണ് ഞാൻ എന്നെ തിരിച്ചറിയുന്നത്.

**? ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം കവിത എന്തായിരിക്കും?**

മനുഷ്യ സമൂഹത്തിന്റെ പ്രിയപ്പെട്ട സാംസ്കാരിക ഈടുവെപ്പുകളുണ്ട്. ഇവയിൽ ഏറ്റവും മനോഹരമായ ഒന്നാണ് കവിത. ജനിച്ചു ജീവിക്കുന്ന സമൂഹത്തിന്റെ പരോക്ഷമോ പ്രത്യക്ഷമോ ആയ പ്രേരണകളും ആഗ്രഹങ്ങളും കവിതയിലുണ്ട്. സമൂഹത്തിന്റെ നാവായാണ് കവിത സംസാരിക്കുന്നത്. സമൂഹത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെ പരിച്ഛേദമായാണ് കവിതകൾ വിലയിരുത്തപ്പെടേണ്ടത്. സമൂഹത്തിൽ നിന്നല്ലാതെ ഒരു ദ്വീപിൽനിന്ന് ഇങ്ങനെ സംസാരിക്കാൻ പറ്റില്ല. സമൂഹത്തിന്റെ മുഖവും ഹൃദയവും അതാത് കാലത്തെ കവിതകളിൽ ഉണ്ടാവും.

**? കവിത ഇന്ന് അഭിമുഖീകരിക്കുന്ന സാമൂഹ്യസന്ദർഭത്തെക്കുറിച്ച് എന്താണ് അഭിപ്രായം?**

ഇന്നത്തെ പ്രധാനപ്പെട്ട പ്രശ്നം അധിനിവേശത്തിന്റേതാണ്. ആഗോള സാമ്രാജ്യത്വം എല്ലാ രംഗങ്ങളിലുമെന്ന പോലെ സാംസ്ക്കാരിക രംഗത്തും കവിതയിലുമെല്ലാം ഇടപെടുന്നുണ്ട്. കോളനീകരണത്തിന്റെ പുതിയ തന്ത്രങ്ങൾ ഉപയോഗിച്ച് നമ്മുടെയിടങ്ങൾ ആരോ സ്വന്തമാക്കുകയാണ്. സാംസ്കാരികമായ എല്ലാ ആവിഷ്ക്കാരങ്ങളിലും കടന്നാക്രമണത്തിന്റെ സാന്നിധ്യമുണ്ട്. ഇടം നഷ്ടപ്പെടുന്ന ആദിവാസികൾക്ക് വേണ്ടിയാണ് നർമ്മദാതീരത്ത് മേധാപട്ക്കർ സംസാരിച്ചുകൊണ്ടിരിക്കുന്നത്.

**? കലാലയ ജീവിതത്തെക്കുറിച്ച്?**

പ്രീഡിഗ്രിക്ക് മട്ടന്നൂർ കോളജിൽ വരുന്നതിന് മുൻപെ ചങ്ങമ്പുഴയുടേയും ഇടപ്പള്ളിയുടേയും കാവ്യപാരമ്പര്യങ്ങൾ ഏറെ സ്വാധീനിച്ചിരുന്നു. ബ്രണ്ണൻ കോളജിൽ എത്തിയപ്പോഴാണ് കാവ്യ സമീപനങ്ങളിൽ മാറ്റമുണ്ടായത്. കുടിപ്പ് ഉൻമത്തരായി വരുന്ന ... വർഗത്തിലെ കുട്ടികളെ ... പുരോഗമന വിദ്യാർത്ഥിപ്രസ്ഥാന... മാണ്. ശരിക്ക് വേണ്ടി പൊരുതാൻ ശേഷിയുണ്ടെങ്കിൽ ആ... പൊരുതിനില്ക്കാം എന്ന് എനിക്ക് ... ടെവെച്ചാണ് മനസ്സിലായത്. ... വ്യക്തിബന്ധങ്ങൾ അവിടെ ഉണ്ടായിരുന്നു. വലിയ വ്യക്തിത്വങ്ങൾ അവിടെ ഉണ്ടായിരുന്നു. എം.എൻ. വിജയൻ, ... എസ്. മേനോൻ, ആറ്റൂർ രവിവർമ്മ ... ഞ്ഞിയവരുടെ ചിന്തകളും സാഹിത്യ... വർത്തനങ്ങളും വലിയ സ്വാധീനം ... ക്കിയിട്ടുണ്ട്. മലയാളത്തിലെ ... ക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ ... ശ്ശേരി തുടങ്ങിയ പ്രഗത്ഭരായ കവി... കോളജിൽ ആ സമയത്ത് വന്നിരു... യുവകവികളായി വിഷ്ണു നാരായണൻ നമ്പൂതിരിയും സുഗതകുമാരിയും ... യിരുന്നു. ക്യാമ്പസ് കവികളു... ഞങ്ങൾ ചിലരും കവിയരങ്ങിൽ ... പങ്കെടുക്കുമായിരുന്നു.

**? പുരോഗമന കവിതകൾ സമൂഹത്തിലെ പ്രശ്നങ്ങളെ ജനങ്ങളിലെത്തിക്കുന്നു. വിഷ്വൽ മീഡിയകളും പ്രശ്നങ്ങൾ നേരിട്ട് ജനങ്ങളിലെത്തിക്കുന്നു. പക്ഷെ എന്താണ് വ്യത്യാസം?**

99% വിഷ്വൽ മീഡിയകളും കമേർസ്യൽ സംരംഭങ്ങളാണ് ... മന കവിതക്ക് ബദലാവാൻ ... ലിനും സാധ്യമല്ല ... മായി ഇവിടെ ഒരു ... ആവശ്യമില്ല. ചരിത്ര... ക്കുന്ന കവിതകളും ... തകളും ... നിന്നും ... നിർത്തുന്നത് ... ചാനൽ ... ങ്ങൾ മാത്രമാണ് ...



കഠ അവിടെ കേൾക്കാമെങ്കിലും ഗൗരവമുള്ള ജീവിതവീക്ഷണം മുന്നോട്ട് വെക്കുന്ന കവിതകളെ വിഷ്വൽ മീഡിയകൾ കാണാറില്ല. പൈങ്കിളിവൽക്കരിക്കപ്പെട്ട ഭാവുകത്വമാണ് മിക്ക ചാനലുകൾക്കും പഥ്യം.

**സാഹിത്യനിരൂപണം പ്രത്യേകിച്ച് കവിതാനിരൂപണം പ്രതിജ്ഞാബദ്ധ സമീപനങ്ങളെ ചരിത്രപരമായി ഉയർത്തിക്കാട്ടുന്നതിൽ വിജയിച്ചിട്ടുണ്ടോ? പ്രത്യേകിച്ചും മൗനത്തിന്റെ നാനാർത്ഥങ്ങൾ അന്വേഷിക്കുന്ന പുതിയ കാലത്ത്?**

വളരെ ഗൗരവമുള്ള ഒരു ചോദ്യമാണിത്. ഒരു കവിമാത്രം മറുപടി പറയേണ്ട ഒരു വിഷയമല്ല ഇത്. അധിനിവേശ മൂല്യങ്ങൾ നമ്മളെ അതിന്റെ തടവുകാരാക്കിമാറ്റുകയാണ്. ഇന്ന് ഒരു കോറസ് പോലെ വലതുപക്ഷമാധ്യമങ്ങളെല്ലാം ഒരുപോലെ വാഴ്ത്തുന്നത് ഒരേ ജനുസ്സിലുള്ള കവിതകളെയാണ്. ഇതിനെ 'പുതുകവിത' എന്നാണവർ വിളിക്കുന്നത്. 'പുതുകവിത' എന്ന് പറയുന്നത് ഒരു nonsense ആണ്. സമകാലിക കവിത എന്ന് പറയുന്നത് ഇന്നതാണ് എന്ന് അവർ അവസാന വാക്കായി അടയാളപ്പെടുത്തുകയാണ്. 'വായിക്ക് വന്നത് കോതക്ക് പാട്ട്' എന്നപോലെയാണ് ഈ കവിതകൾ അവതരിക്കപ്പെടുന്നത്. 'പുതിയ നിരൂപകന്' ഇതാണ് കവിത എന്ന് പറഞ്ഞ് അത് വാഴ്ത്തുകയും ചെയ്യുന്നു. 'അകവിത' അഥവാ കവിതയില്ലായ്മകളായി ഇതെല്ലാം മാറുന്നു. ചില കതിരുകൾ, ചില കനലുകൾ വേറിട്ട് നില്ക്കുകയും ചെയ്യും. നിരൂപകർ നിങ്ങളുടെ ബോധ്യങ്ങളിൽ വെള്ളം ചേർക്കുകയാണ്. അതുകൊണ്ട് ഓരോ വായനക്കാരനും നിരൂപകനായി മാറേണ്ടതുണ്ട്. അങ്ങിനെ വരുമ്പോൾ പല വമ്പൻ നിരൂപകരുടെ വ്യാജ വിലയിരുത്തലുകൾ ചോദ്യം ചെയ്യപ്പെടും. ആധുനിക സമൂഹത്തിൽ 'കിങ്കരന്റെ' പണിയേൽപ്പിച്ചു കൊടുത്തിരിക്കുകയാണ് ചിലയാളുകൾക്ക്. സാമ്രാജ്യത്വ കാലഘട്ടത്തിൽ ഓരോ പണിക്കും കൂലിയുണ്ട്. ഇത്തരം നിരൂപകപരിഷകൾ മലയാളഭാഷയെ അശ്ലീലമാക്കുകയാണ്. പുതിയ തലമുറ ഇത് തിരിച്ചറിയണമെങ്കിൽ ആർജ്ജവം കാണിക്കണം.



**വായന മരിക്കുന്നു എന്ന മുറവിളിയെ കുറിച്ച്?**

അതെല്ലാം വെറും വർത്താനമാണ്. ഉത്ക്കണ്ഠയിൽ നിന്നാണ് ഈ ചോദ്യമുണ്ടാവുന്നത്. നിശ്ശബ്ദവായനകൾക്ക് പകരമാവാൻ ഒന്നിനും കഴിയില്ല. വ്യക്തിയുടെ സത്ത മുഴുവൻ വായനയിൽ പ്രകടിപ്പിക്കപ്പെടും. അതാണ് ഒരു കൃതി വായിക്കുമ്പോൾ ഒരാളെ മറ്റെല്ലാ കാര്യങ്ങളിൽ നിന്നും മാറ്റി നിർത്തുന്നത്. നല്ല വായനക്കാരുടെ സാംസ്ക്കാരിക ഇടപെടൽ വേറിട്ടതായിരിക്കും. വായനയുടെ അനുഭൂതി അറിയുന്ന വായനക്കാർ എക്കാലത്തുമുണ്ടായിട്ടുണ്ട്. മനുഷ്യജീവിതത്തിൽ പുസ്തകങ്ങൾ നിലനില്ക്കുന്ന കാലത്തോളം വായനയും നിലനിൽക്കും.

**നെരൂദയെ കുറിച്ച്?**

നെരൂദപങ്ക് വെച്ച ഒരു മൂല്യസങ്കൽപമുണ്ട്. സ്വന്തം സങ്കടങ്ങൾക്കപ്പുറത്ത് പാലസ്തീനികളുടെ പ്രശ്നവും ഇറാഖിൽ കൊലചെയ്യപ്പെട്ടവരുടെ കാഴ്ചകളും എന്റെ കാവ്യവിഷയങ്ങളാണ്. നെരൂദ പങ്ക് വെച്ചതും അപരന്റെ നോവിന്റെ ആഴങ്ങൾ തന്നെയാണ്. അതുകൊണ്ട്തന്നെ പുരോഗമനപക്ഷത്ത് നില്ക്കുന്ന കവികളും നെരൂദയും ഒരേ തലത്തിൽ തന്നെയാണ്. എന്റെ കാവ്യ ജീവിതത്തെ രൂപപ്പെടുത്തിയ രാഷ്ട്രീയബോധം ഒരു മുദ്രാവാക്യത്തിലൂടെയാണ് ഞാനറിഞ്ഞത്. Political science എടുത്ത മുഹമ്മദലി സാറാണ് Working men of all countries unite; you have nothing to lose but chains their is a world to win എന്ന മാർക്സിന്റെ കാവ്യാത്മകവും താളാത്മകവുമായ വാക്യം പറഞ്ഞുതന്നത്. ലോകത്താകമാനമുള്ള മനുഷ്യരുടെ സാഹോദര്യത്തെപ്പറ്റിയാണ് നമ്മൾ വാചാലരാവേണ്ടത്. 'എന്റെ രാഷ്ട്രീയ കക്ഷിക്ക്' എന്ന കവിതയിൽ നെരൂദ പറയുന്നതും ഇതാണ്. 'അറിയപ്പെടാത്ത ആയിരം മനുഷ്യരുമായി നീയെനിക്ക് സാഹോദര്യം പങ്കുവെച്ചു' എന്നും 'ഇനിമേൽ ഞാൻ എന്നിൽതന്നെ അവസാനിക്കുന്നില്ല' എന്നുമാണ്.

# കാമ്പസ്





[illegible]
English Dept

**കാമ്പസ്**

ന്യായാധിപന്റെ പേനത്തുമ്പിലെ
വറ്റിയ സ്വാതന്ത്ര്യം
പതുക്കെ പതുക്കെ മെരുക്കിയെടുക്കുന്ന
ഗർജ്ജനത്തിന്റെ സിംഹമട.
നനഞ്ഞ വെടിശാല പോലെ
ധിഷണയുടെ സ്ഫോടനങ്ങളില്ലാതെ
പുതിയ നിയമങ്ങളുടെ
വേദപുസ്തകങ്ങളുരുവിടുന്ന
യൗവ്വനത്തിന്റെ ജരാനരകൾ.
പ്രതിരോധത്തിന്റെയും
പ്രതിഷേധത്തിന്റെയും
ഗജതൃഷ്ണകളിൽ അടയിരിക്കുന്ന
അധികാരത്തിന്റെ തുവൽ തോട്ടികൾ!
അകത്തളങ്ങളിൽ,
അനുഭവങ്ങളുടെ അത്ഭുതവെളിച്ചം പകർന്ന
ഭാഷയേയും സാഹിത്യത്തേയും
ജീവനോടെ കുഴിച്ചുമൂടിയ
സ്പന്ദിക്കുന്ന അസ്ഥിമാടം!
നിലപാടുകളുടെ ലബോറട്ടറികളിൽ
മനുഷ്യനെ നിർമ്മിച്ചെടുത്ത കുറ്റത്തിന്
ജീവപര്യന്തം ശിക്ഷിക്കപ്പെട്ട 'ചരിത്രം'
പരോൾപോലും കിട്ടാതെ
കാരാഗൃഹങ്ങളിൽ പിടയുന്നു.
കോറിഡോറിലെ പായാരങ്ങളിൽ
ക്ഷമാപണത്തോട് കൂടിപ്പോലും
കടന്നുവരാത്ത
ലോകകാഴ്ചകളുടെ ആശങ്കകൾ
വായ്നോക്കികളുടെ മുന്നിൽ
കെട്ടുകാഴ്ചകളുടെ വെളിച്ചത്തിൽ
പോസ് ചെയ്യുന്ന 'പെണ്ണത്തം'
അഴിഞ്ഞുവീഴുന്ന നാഗരികതയിൽ
പുളച്ചിരിക്കുന്ന ഫാഷൻ പരേഡുകൾ
സിനിമാറ്റിക് കളരിയിലെ
ക്ലാസ്സിക് ലൈംഗികമുദ്രകൾ!
കളിയരങ്ങിലെ കരിവേഷങ്ങളറിയാതെ
വിരിയുന്ന നിഷ്ക്കളങ്കതയുടെ മൊട്ടുകൾ
ചിന്തയുടെ പർവ്വതങ്ങൾക്ക് താഴെ
ഒറ്റക്കാലിൽ തപസ്സുചെയ്യുന്ന
ജ്ഞാനത്തിന്റെ കൊറ്റികൾ.
ബോധവൽക്കരണ ക്ലാസ്സുകളിൽ
വിദഗ്ദ്ധരുടെ ഉപദേശം.
'മത്സരങ്ങളുടെ കൊടുംകാലത്തിൽ
അതിജീവിക്കുന്നവനേ രക്ഷയുള്ളൂ
'Survival of the fittest.'
കാട്ടുനീതിയുടെ വിളംബരം കേട്ട്
അറവ് മൃഗത്തിന്റെ ദൈന്യതയിൽ
ഭൂമിയിലേക്ക് നോക്കിയിരിക്കുന്ന
പാവം പാവം കുഞ്ഞാടുകൾ
ഇരിക്കുന്ന കൊമ്പ് മുറിക്കുന്നവന്റെ
വീരഗാഥകൾ പാടുന്നവർക്ക്
ആത്മഹത്യയിലൊടുങ്ങുന്ന സ്വപ്നം
വെറുമൊരു കമേർസ്യൽ ബ്രേയ്ക്ക്
അവിടെ.
നെഞ്ചിൽ മുക്കിയ വിശ്വാസങ്ങളിൽ
നാളെയെക്കുറിച്ച് പറയുന്നവർ
കാപാലികരെന്ന് പറഞ്ഞ്
ഒന്നൊന്നായി പുറത്താക്കപ്പെടുന്നു.



ഷിറാസ് പി
III Bsc Physics



# നീതി സാധ്യമോ ?








നീതി എന്നത് ഒരു ആശയസംഹിതയാണ്. ഏതൊരു വ്യക്തിക്കു ലഭിക്കേണ്ടുന്ന അവകാശങ്ങളുടെയും സത്യത്തിന്റെയും ധർമ്മത്തിന്റെയും ആകെത്തുകയാണത്. അധർമ്മവും അക്രമവും അനീതിയും ഉള്ളിടത്താണ് നീതി സാധ്യമാവേണ്ടത്. പക്ഷേ ലോകം മുഴുക്കെ ഇന്ന് അനീതിയുടെ കരങ്ങളിലാണ്. അവിടെ കുറ്റവാളിയും ശിക്ഷ വിധിക്കുന്ന ന്യായാധിപനും ഒന്നാണ്. പ്രതി തന്നെ വിധി പറഞ്ഞാൽ പൂർണ്ണാർത്ഥത്തിൽ തന്നെ അനീതി സാധ്യമാണ്. ഈ ഗോളത്തിന്റെ ഏതു ദിക്കിലേക്കു തിരിഞ്ഞാലും നീതി നിഷേധത്തിന്റെ ഭൂതവും വർത്തമാനവും മാത്രമേ നമുക്കു കാണാൻ സാധിക്കുന്നുള്ളൂ.

സ്വാർത്ഥവും വ്യവസ്ഥാപിതവുമായിട്ടുള്ള ലക്ഷ്യങ്ങൾക്കു വേണ്ടി അധിനിവേശം നടത്തുന്നവരും ജനതയെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാതെ ആഡംബരത്തിൽ ജീവിക്കുന്നവരും ലോകവും ലോകക്രമവും മാറിയിട്ടും രാജാക്കന്മാരായി ഭൂമിയിൽ തുടരുന്നവരും മതം ഒരിക്കൽപോലും പറയാത്ത കാര്യങ്ങൾ മതത്തിന്റെ പേരിൽ പ്രവർത്തിക്കുന്നവരും ന്യൂനപക്ഷങ്ങളെയും തങ്ങളിൽ താഴ്ന്നവരെയും ഉന്മൂലനം വരുത്തുന്നവരുമാണ് ഈ അനീതിയുടെ വക്താക്കൾ

അമേരിക്ക എന്ന രാജ്യത്തിന്റെ സംസ്കൃതി തന്നെ അവർ പടുത്തുയർത്തിയിട്ടുള്ളത് അവിടം കഴിഞ്ഞുപോയ മഹത്തായ സംസ്കൃതികളുടെ അസ്ഥികൂടങ്ങൾ കൊണ്ടാണ്. കുടിയേറ്റക്കാർ അമേരിക്കയിലേക്ക് പലായനം ചെയ്യുകയും പതിയെ പതിയെ അവിടെ നിലനിന്ന സംസ്കൃതിയെ നാമാവശേഷമാക്കിയാണ് അമേരിക്ക ജന്മം കൊള്ളുന്നത്.

അമേരിക്കയുടെ അഭിമാനസ്തംഭമായ WTC 9/11ന് തകർത്തപ്പോൾ അത് അമേരിക്കക്ക് നേടിക്കൊടുത്തത് ഭീകരവിരുദ്ധ യുദ്ധത്തിന്റെ മറവിൽ ഒരു സുവർണ്ണാവസരമാണ്. അഫ്ഗാനിലെയും ഇറാഖിലെയും നിലങ്ങളിൽ ആണ്ടുകിടക്കുന്ന എണ്ണ നേടാനാണ് അവരുടെ താത്പര്യം.

മുല്ലാ ഉമറിനെയും ലാദനെയും പിടികൂടാനാരംഭിച്ച യുദ്ധം പക്ഷെ അമേരിക്കൻ സൈനികർ നടത്തിയത് നൂറ്റാണ്ട് പഴക്കമുള്ള സാംസ്കൃതികളുടെ നാമാവശേഷമാക്കലിലാണ്. അഫ്ഗാൻ കുന്നുകളിൽ ലാദനെയും ഉമറിനെയും അവർക്ക് ഇനിയും കണ്ടെത്താൻ സാധിച്ചില്ല എന്നത് വിരോധാഭാസമാണ്.

ഗൾഫ് യുദ്ധത്തെ തുടർന്ന് ഒരു കാലത്ത് കൂടെനിന്ന് എല്ലാ സഹായവും നൽകിയ രാഷ്ട്രങ്ങൾ ഇറാഖിനുമേൽ ഉപരോധം ഏർപ്പെടുത്തി. ലക്ഷകണക്കിന് കുഞ്ഞുങ്ങൾ പോഷകാഹാരം ലഭിക്കാതെ നരകജീവിതം നയിക്കാനാണ് അതിടവരുത്തിയത്. എണ്ണയുടെ അക്ഷയപാത്രമുണ്ടായിട്ടുപോലും ആ രാജ്യത്തെ ജനങ്ങൾ പട്ടിണികിടന്നു നരകിച്ചു മരിക്കേണ്ടിവന്നു. എണ്ണയ്ക്കു പകരം ഭക്ഷണം പദ്ധതി നടപ്പിൽ വരുത്തേണ്ടിവന്നു യു.എന്നി.ന് അവിടെ അല്പമെങ്കിലും ആഹാരം ലഭ്യമാക്കാൻ.

പ്രജകൾക്ക് ഭക്ഷണവും വസ്ത്രവും പാർപ്പിടവും നൽകാനാവാതെ പ്രതിസന്ധിയിലായിരുന്ന ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈൻ ആ സന്ദർഭങ്ങളിൽ മാരക ജൈവായുധങ്ങൾ നിർമ്മിക്കുകയാണെന്നും അവ നശിപ്പിക്കുവാൻ വേണ്ടി സദ്ദാമിനോട് യുദ്ധം ചെയ്യണമെന്ന വ്യാജരേഖയുണ്ടാക്കി അമേരിക്കയും ബ്രിട്ടനും പിന്നെ അവരുടെ വാലാട്ടികളും ചേർന്ന് അവിടെ അധിനിവേശം നടത്തി. അധിനിവേശത്തെ തുടർന്ന് ഇറാഖിന് നഷ്ടപ്പെട്ടത് മെസപ്പൊട്ടോമിയയുടെ തെളിമയാർന്ന സംസ്കാരത്തിന്റെ തിരുശേഷിപ്പുകൾ മാത്രമല്ല മറിച്ച് ലക്ഷകണക്കിന് ജീവിതങ്ങൾ കൂടിയാണ്. അധിനിവേശം ആ രാജ്യത്തിന് നൽകിയത് സ്വാതന്ത്ര്യമോ സമാധാനമല്ല, മറിച്ച് അപ്രതീക്ഷിത അക്രമങ്ങളും സഹോദരങ്ങളുടെയും തങ്ങളുടെ തന്നെയും മരണമാണ്.

സുന്നി, ശിയ, കുർദ് വിഭാഗങ്ങളെ തമ്മിലടിപ്പിച്ച് അധിനിവേശം പൂർണ്ണമാക്കാനാണ് അവർ ശ്രമിച്ചത്. പക്ഷെ രാജ്യമോചനത്തിന് അവർ ഒരുമിച്ച് നിന്ന് യാങ്കിക്കെതിരെ പോരാടി. ആ പോരാട്ടം യാങ്കി അവിടം വിടുന്നത് വരെ തുടരുകയും ചെയ്യും. ഈ പോരാട്ടത്തിന് സമാനതയുള്ളത് വിയറ്റ്നാം യുദ്ധത്തോടാണ്. യാങ്കികളുടെ സർവ്വ സന്നാഹങ്ങൾക്കുമെതിരെ ആത്മവിശ്വാസവും അടിമത്തബോധവുമില്ലാത്ത, സ്വാതന്ത്ര്യബോധമുള്ള ജനത നേടിയ വിജയമാണത്. ഗറില്ല യുദ്ധതന്ത്രങ്ങളിലൂടെ യാങ്കിയെ വിയറ്റ്നാമിന്റെ മണ്ണിൽ നിന്നും തുരത്താൻ അവർക്ക് സാധിച്ചു. വിയറ്റ്നാം ചരിത്രമായിട്ടുപോലും ആ പാഠങ്ങളൊന്നും അമേരിക്കയെ അധിനിവേശങ്ങൾ അവസാനിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നില്ല.

അമേരിക്കയുടെ ഉറ്റ കൂട്ടാളി ബ്രിട്ടൻ ധരിച്ചിരുന്നത് അവർ എല്ലാ തിരിച്ചടികളിൽ നിന്നും സുരക്ഷിതരാണ് എന്നാണ്. എന്നാൽ പോരാളികൾ സന്ദർഭം കാത്തിരിക്കുകയായിരുന്നു. ബ്ലെയർ അമേരിക്കയുടെ സ്തുതിപാഠകനായതോടെ അവിടം പോരാളികളുടെ പട്ടികയിൽ ഇടം നേടിയിരിക്കുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തത്തിന് അമേരിക്കയെക്കാളേറെ അധിനിവേശം അറിയാം. നമ്മുടെ ഇന്ത്യ മുതൽ ഒട്ടോമൻ സാമ്രാജ്യം വരെ അതിന്റെ ജീവിക്കുന്ന ഇരകളാണ്. അവർ അധിനിവേശം നടത്തിയ ഒരിടവും അതേ രീതിയിൽ നിലവിലില്ല. ഇന്ത്യയെ രണ്ടാക്കി പകുത്തു, ഒട്ടോമൻ സാമ്രാജ്യത്തെ നാമാവശേഷമാക്കി.

അധിനിവേശങ്ങളുടെ ചരിത്രം അവസാനിക്കുന്നില്ല. റഷ്യ ചെചിനിയയിൽ ചെയ്യുന്നത് സമാന്തരസ്വഭാവമുള്ളതാണ്. അസ്ലൻമസ്ഖദോവിനെ പോലുള്ള ചെചിനിയൻ മുജാഹിദീനുകളുടെ നേതാക്കന്മാരെ യമപുരിക്കയച്ചുകൊണ്ടാണ് അവർ അധിനിവേശം തുടരുന്നത്. ലോകത്തിന്റെ കണ്ണിൽ





മറ സൃഷ്ടിക്കാൻ റഷ്യ അവിടെ
ഭരണകൂടങ്ങൾ സ്ഥാപിച്ച് അ
വേശം പൂർത്തീകരിക്കാൻ ശ്ര
ന്നു.

ലോകത്ത് അനീതി വ്യാപി
മാത്രമേ ചെയ്യുന്നുള്ളൂ. യാങ്കി
അവന്റെ പങ്കാളികളും കൂടി ശ്ര
ന്നത് കൂടുതൽ പുതിയ അധി
വേശങ്ങൾക്കാണ്. ക്യൂബയെ
കൊറിയയെയും ഇറാനെയും അ
സദാ നിരീക്ഷിച്ചുകൊണ്ടിരിക്കു
വല്ല പഴുതും കിട്ടുകയാണെ
ഉടൻ അധിനിവേശം പൂർത്തി
ക്കാൻ. ക്യൂബൻ പ്രസിഡ
ഫിഡൽ കാസ്ട്രോക്കെതിരെ
ശ്രമം നടക്കാത്ത ഒരു വിദ
ന്ദർശനം പോലും അദ്ദേഹം നട
യിട്ടില്ല. ഇറാന്റെ ആണവായുധ
ക്ഷണവും പുതിയ സർക്കാ
രൂപീകരണവും യാങ്കി
ചിന്തക്ക് ഭ്രമം പിടിപ്പിച്ചിരിക്കു
അവിടെ അവരുടെ പാവയ്ക്ക്
നമായ റഫ്സഞ്ചാനിയെ പരാ
പ്പെടുത്തി യുവരക്തമായ അ
നിജാദി പ്രസിഡന്റായിരിക്കു
നിജാദി പ്രസിഡന്റായി പി
അമേരിക്കയെ സംബന്ധി
ത്തോളം പ്രശ്നമുള്ള കാ
കാരണം നിജാദി അമേരിക്ക
ശക്തമായ വിമർശകനും അ
മുന്നിൽ ഒരു വിഷയ
അല്പം പോലും വിട്ടു
ചെയ്യാത്ത യാങ്കി വിരോധി

നീതിനിഷേധത്തിന്റെ



കൊലപാതകങ്ങളുടെയും നേർപകർപ്പാണ് ഇസ്രായേൽ എന്ന ജൂത സയോണിസ്റ്റ് രാഷ്ട്രം. നാസികൾ കാട്ടികൂട്ടിയ തെറ്റുകൾക്ക് വില നൽകേണ്ടിവന്നത് ഫലസ്തീനാണെന്നത് ഏത് മാനദണ്ഡത്തിലാണെന്ന് ഇനിയും മനസിലായിട്ടില്ല. സയോണിസ്റ്റുകൾ ഫലസ്തീനികളോട് കാണിക്കുന്ന ക്രൂരതകൾക്ക് സമാനതകളില്ല. സ്വന്തം രാഷ്ട്രത്തെ സ്വതന്ത്രമാക്കുക എന്നത് അഭിമാനബോധമുള്ള ഏതൊരു വ്യക്തിയുടെയും അഭിലാഷമായിരിക്കും. അതിനുവേണ്ടി സയോണിസ്റ്റ് പട്ടാളത്തോട് അവർ പ്രയോഗിക്കുന്ന ആയുധത്തിന്റെ ഭാഷയിലാണ് അവർ പ്രതികരിക്കാറ്. അവർക്ക് സൈന്യമോ ചാരസംഘടനകളോ ഇല്ല. അത്കൊണ്ട് തന്നെ അവർ സ്വയം ചാവേറുകളാവുന്നു. ചാവേർ എന്നു പറഞ്ഞാൽ സ്വയം രക്തസാക്ഷിയാവുക എന്നതാണ്. രാജ്യസംരക്ഷണത്തിന് രക്തസാക്ഷിയാവുന്നവർ ഭീകരരും അധിനിവേശം നടത്തിയ സിയോണിസ്റ്റുകൾ മാന്യന്മാരുമാവുന്ന ലോകത്തിന്റെ പതിവു കാഴ്ച അവിടെയും ആവർത്തിക്കപ്പെടുന്നു.

ഈയിടെ അന്തരിച്ച യാസർ അറഫാത്തിനെ സിയോണിസ്റ്റ് വധിക്കാൻ ശ്രമിക്കാത്ത ഒരൊറ്റ ദിവസവും കടന്നുപോയിട്ടില്ല. വീൽചെയറിലിരുന്ന് പ്രഭാതപ്രാർത്ഥനക്ക് പോയ ഫലസ്തീനിന്റെ വീരനായ ശൈ. ഹമാസിന്റെ ആചാര്യനായ വൃദ്ധനെ മിസൈലാക്രമണത്തിൽ സയോണിസ്റ്റുകൾ കൊലപ്പെടുത്തി. സയോണിസ്റ്റുകൾ ധരിച്ചിരുന്നത് ശൈഖ് യാസീനെന്ന ഒരു വൃദ്ധന്റെ കൊലപാതകത്തോടെ ചെറുത്തുനിൽപ് പ്രസ്ഥാനത്തിന്റെ കഥ കഴിയുമെന്നായിരുന്നു. തുടർന്നു പ്രസ്ഥാനത്തിന്റെ അമരക്കാരനായ അബ്ദുൽ അസീസ് റൻതീസി സയോണിസ്റ്റുകൾ സമാന രീതിയിൽ കൊലപ്പെടുത്തി. ജനങ്ങളുടെ അഭിലാഷം ഒരിക്കലും ധീരന്മാരായ ഒന്നോ രണ്ടോ നേതാക്കന്മാരുടെ മരണത്തോടെ അവസാനിക്കുന്നില്ല. മറിച്ച് ശൈഖ് യാസീന്റെയും റൻതീസിയുടെയും ചോരയ്ക്ക് ആയിരങ്ങളാണ് പുനർജനിക്കുന്നത്.

ഫലസ്തീന്റെ പ്രക്ഷോഭത്തിന് നേതൃത്വം നൽകി സയോണിസ്റ്റുകളോട് പൊരുതിയ നേതാവായിരുന്നു അറഫാത്ത്. അവസാനം സമാധാന കരാറുകളെന്ന അവരൊരുക്കിയ കെണിയിൽ അറഫാത്തിനു തലവെച്ച് കൊടുക്കേണ്ടി വന്നു. തുടർന്ന് അറഫാത്തിന്റെ പ്രസ്ഥാനമായ PLO വിന് ശക്തി ക്ഷയിക്കുകയും ചെറുത്ത്നിൽപ് പോരാട്ട പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുകയും ചെയ്തു. എല്ലാ കാലത്തേക്കും എല്ലാവരേയും അധിനിവേശത്തിനിരയാക്കാൻ സാധ്യമല്ലെന്ന് സയോണിസ്റ്റ് രാഷ്ട്രം പഠിക്കാൻ പോവുന്നേയുള്ളൂ. അതിനുള്ള ഉദാഹരണങ്ങൾ അവർ സിറിയയിൽ നിന്നും ലബനനിൽ നിന്നും പഠിച്ചു കഴിഞ്ഞു.

നീതിനിഷേധത്തിന്റെ ഉദാഹരണങ്ങളാണ് നമുക്ക് ആഫ്രിക്കയിലുടനീളം കാണുവാൻ സാധിക്കുക. പട്ടിണികൊണ്ട് എല്ലും തോലുമായ ആ രാജ്യത്തെ ജനങ്ങളുടെ ചിത്രങ്ങൾ എത്ര കഠിനമായ മനസിനെയും നൊമ്പരപ്പെടുത്തുന്നതാണ്. ദാരിദ്ര്യത്തിന്റെ സകല പീഢനങ്ങളും അനുഭവിക്കുമ്പോഴും അവരുടെ ഭരണാധികാരികൾ പക്ഷെ ക്രിയാത്മകമായി പ്രവർത്തിക്കുകപോലും ചെയ്യുന്നില്ല. രാജ്യം ദാരിദ്ര്യാവസ്ഥയിൽ കഴിയുമ്പോഴും അവർക്കു താത്പര്യം വിദേശയാത്രകളിലും ആഢംബരങ്ങളിലുമാണ്. അന്തപുരത്തിലെ റാണിമാർക്ക് സഞ്ചരിക്കാൻ കോടികൾ വിലമതിക്കുന്ന അത്യാഢംബര കാറുകളാണ് ഭരണാധികാരികൾ വാങ്ങുന്നത്. G-8,UN തുടങ്ങിയ രാഷ്ട്രകൂട്ടായ്മകൾ 'ദാരിദ്ര്യത്തെ ചരിത്രമാക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ മാത്രം ഉയർത്തുകയും ജനത അതേ അവസ്ഥയിൽ മരണം പുൽകുകയും ചെയ്യുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്ന പോലെ അറേബ്യയിലും നീതിനിഷേധം വ്യാപകമാണ്. അവിടം രാജാധിപത്യവും കുടുംബവാഴ്ചയുമാണ് നിലനിൽക്കുന്നത്. സൗദി തുടങ്ങിയ രാഷ്ട്രങ്ങൾ ഇതിനു പൂർണ്ണോദാഹരണമാണ്. ജനങ്ങളുടെ ഇംഗിതമറിയാത്ത രാജാക്കന്മാർ നാടു ഭരിക്കുന്നതിനാൽ തന്നെ യാങ്കികൾക്ക് ഇറാഖിലെ കുഞ്ഞുങ്ങളെ വകവരുത്തുവാനും പുരാതന സംസ്കൃതികൾ തകർക്കുവാനും തങ്ങളുടെ താവളങ്ങൾ തുറന്നു കൊടുത്തു. ക്ഷുഭിത യൗവ്വനങ്ങൾ അവിടെയും ലോകത്തെല്ലായിടത്തുമെന്ന പോലെയുണ്ട്. അതുകൊണ്ട് തന്നെ രാജാക്കന്മാർ ഭയത്തിലാണ്. തങ്ങളുടെ രാജാധിപത്യം അവസാനിക്കുന്നതിന്റെ മുന്നറിയിപ്പുകൾ അവർ അറിഞ്ഞു തുടങ്ങി. ഈജിപ്ത് ഭരിക്കുന്നത് ജനാധിപത്യ പാർട്ടികളാണെങ്കിലും ജമാൽ അബ്ദുന്നാസറിന്റെ കാലം മുതൽ രാഷ്ട്രീയ പ്രതിയോഗികളെ ഇല്ലാതാക്കിയ ചരിത്രം മാത്രമേ അവർക്കറിയൂ. ബ്രദർഹുഡ് സ്ഥാപകനായ ബന്നയെ വധിക്കുകയും ഇന്നും പലരെയും മരണത്തിന് വിധിക്കുകയും ചെയ്യുകയാണ് അവർ. ചാവേറുകൾ അവിടെയും തങ്ങളുടെ ജീവൻ നഷ്ടപ്പെടുത്തുന്നത് സ്വാതന്ത്ര്യമോഹവും ഭരണകൂടങ്ങളുടെ തെറ്റായ നയങ്ങൾ തിരുത്തുന്നതിന് വേണ്ടിയുമാണ്.

ധീരമായ പൈതൃകവും മാതൃകകളുമുള്ള നമ്മുടെ മഹാരാജ്യത്തും നീതി



നിഷേധത്തിന്റെ സകലമാന സ്തംഭങ്ങളും കാണാൻ സാധ്യമാകും. നമ്മുടെ രാജ്യത്തിന് മഹത്തായ ഒരു പാരമ്പര്യം ഉണ്ടായിരുന്നു. മുഗളന്മാരിൽ അവസാനഭരണാധികാരിയായ ബഹദൂർഷാ സഫറിന്റെയും ഝാൻസി റാണിയുടെയും ടിപ്പു സുൽത്താന്റെയുമൊക്കെ കാലഘട്ടം വരെയും ആ പാരമ്പര്യത്തിന്റെ സംസ്കാരം നമുക്കുണ്ടായിരുന്നു. ബുദ്ധമതക്കാരനും ജൈനമതക്കാരനും പാർസിയും ഹിന്ദുവും മുസ്ലീമും രാജ്യസ്നേഹത്താൽ രാജ്യത്തിന് വേണ്ടി ഒന്നിച്ച് ബ്രിട്ടനോട് പോരാടി. തുടർന്ന് ബ്രിട്ടന്റെ ഭിന്നിപ്പിച്ച് ഭരിക്കൽ നയം കാരണം പോലും ഈ കൂട്ടുകെട്ടിനെ പൂർണ്ണമായി തകർക്കാൻ സാധിച്ചില്ല. പക്ഷെ രാജ്യം രണ്ടായി പകുത്തുകൊണ്ട് ബ്രിട്ടൻ ഈ നാടുവിടുമ്പോൾ നമുക്ക് നഷ്ടമായത് നമ്മുടെ പാരമ്പര്യവും സംസ്കാരവുമാണ്.

ഗോഡ്സേ ആ നീതികേടിന്റെ ചരിത്രത്തിന് വികൃത ഭാരതത്തിൽ ആരംഭം കുറിച്ചു. അർദ്ധ....... ഫക്കീറിനെ കൊലപ്പെടുത്തികൊണ്ട് ഫാസിസ്റ്റ് അജണ്ട അതിന്റെ ആദ്യ പ്രകാശനം നടത്തി. അതിനുശേഷം ചരിത്രത്തിന് പറയാനുള്ളത് ഇരകളോ വേട്ടക്കാരോ ഇല്ലാത്ത വംശീയ ഉന്മൂലനത്തിന്റെ ഭീതിതമായ ദുരന്തകാഴ്ചകളിലേക്ക്. ദളിതനും താഴ്ന്ന ജാതിക്കാരനും ന്യൂനപക്ഷവും ഇരകളായികൊണ്ടേയിരുന്നു.

ബ്ലൂസ്റ്റാർ ഓപ്പറേഷനും ഇന്ദിരാഗാന്ധി വധവും ഇന്ത്യയിലെ പ്രൊഫഷണൽ രാഷ്ട്രീയക്കാർക്ക് നേടിക്കൊടുത്തത് പുതിയ ഒരു ഇരയെയായിരുന്നു. മുൻകാലങ്ങളിൽ കണ്ടും കേട്ടുമിരുന്ന വേട്ടക്കാർ കൂടുതൽ പേരുകളിലേക്കു മാറി എന്നു മാത്രം. നീതി നിഷേധത്തിന്റെ ചരിത്രം അവിടെയും അവസാനിക്കുന്നില്ല. ഇന്ത്യയുടെ മതേതരത്വത്തിന്റെ അഭിമാനസ്തംഭമായ ബാബരി മസ്ജിദിന്റെ താഴികക്കുടങ്ങൾ തല്ലി തകർത്തതുമുതൽ ഗുജറാത്തിലെ തെരുവീഥികളിൽ കത്തിയമർന്ന ഗർഭിണികളുടെയും അവരുടെ വയറ് കുത്തിപുറത്തെടുത്ത് കത്തിച്ചുകളഞ്ഞ ശിശുക്കളുടെയും ഗദ്ഗദങ്ങൾ നമുക്ക് മറക്കാറായിട്ടില്ല. ജീവനുവേണ്ടി യാചിക്കുന്ന ഖുത്ബുദ്ധീന്റെ ചിത്രവും ജീവിതം മുഴുവൻ രാജ്യസേവനത്തിനു സമർപ്പിച്ച ഇഹ്സാൻ ജഫ്രിയുടെ മുഖവും അതിലുമെല്ലാമുപരി ജീവനോടെയും അല്ലാതെയും ചുട്ടുകരിക്കുകയും ഒരുപാട് ജനങ്ങളുടെ ചാരം നമുക്ക് മറക്കാറായിട്ടില്ല.


ഈ ലോകത്ത് നമുക്ക് വേണ്ടത് നീതിയാണ്. ആഗോള ഗ്രാമമായി വളരുന്ന നമ്മുടെ ലോകത്തിന്റെ കോടതികൾ പ്രാമുഖ്യം നൽകേണ്ടത് സങ്കുചിത ചിന്തകൾക്കതീതമായി നീതിയുടെ ചിന്തകൾക്കാണ്. ലോകത്ത് നീതി നടപ്പിലായാൽ




ചാവേറുകളോ രക്തസാക്ഷികളോ ഉണ്ടാ... നീതി സംജാതമായാൽ വർഗീയകലാപ... വംശീയ ഉന്മൂലനങ്ങളും ചോരിതിരി... ത്യക്ഷമാകും. അത്തരമൊരു നല്ല ലോ... നായി നമുക്കൊന്നിച്ച് കൈകോർ... ലോകത്ത് നിലവിലുള്ള എല്ലാ പ്രത്യ... ങ്ങളിലും മതങ്ങളിലും യുദ്ധങ്ങൾ നട... അനീതിയുടെ മേൽ നീതിയുടെ വിജ... ണ്ടത്. അധർമ്മത്തിന് മേൽ ധർമ്മത്തിന്റെ... യത്തിനു വേണ്ടി. അത്തരമൊരു ധർമ്മ... ത്തിന് സമയമായിരിക്കുന്നു.




# മതിലുകൾക്കപ്പുറത്ത് നിന്ന്




















# കരുണയുടെ സ്നേഹസ്പർശവുമായി സാന്ത്വനം




സുനിൽ കുമാർ കെ.എം.
ലൈബ്രേറിയൻ

'ദി ഫ്യൂച്ചർ ഓഫ് ആൻ ഇല്യൂഷൻ' എന്ന ഗ്രന്ഥത്തിൽ ഫ്രോയിഡ് ആധുനിക മനുഷ്യന് വന്നുപെട്ട അവസ്ഥകളെ കുറിച്ച് പറയുന്നുണ്ട്. അവനവനിൽ നിന്നും പ്രകൃതിയിൽ നിന്നും അന്യനാക്കപ്പെട്ട മനുഷ്യൻ - അവന്റെ നിസ്സഹായത. ആ ഒരു അവസ്ഥയുടെ നേർപരിച്ഛേദമാണ് സുനാമി ദുരന്തത്തിൽ നാം കണ്ടത്.

'സുനാമി' എന്ന് ജപ്പാൻകാർ പേരിട്ട് വിളിക്കുന്ന രാക്ഷസതിരകൾ 2004 ഡിസംബർ 26-ന് 3 ലക്ഷത്തോളം പേരെയാണ് ഈ ലോകത്ത് നിന്നും എന്നന്നേക്കുമായി തുടച്ച് മാറ്റിയത്, കേരളത്തിൽ നിന്നും 267 പേരും. ഇതിന്റെ തുടർ കഷ്ട-നഷ്ടങ്ങളുടെ ബാക്കിപത്രം ഇനിയും പൂർത്തിയായിട്ടില്ല. ലോകത്തെ കൈപ്പിടിയിലൊതുക്കി എന്ന് ഊറ്റംകൊണ്ട ശാസ്ത്രം സുനാമി ദുരന്തത്തിന് മുമ്പിൽ പ്രക്ഷുബ്ധമായ കടൽക്കരയിൽ നിൽക്കുന്ന നിസ്സഹായനായ ഒരു കൊച്ചു കുട്ടിയുടെ രൂപത്തിൽ പകച്ച് നിന്ന കാഴ്ച ദുഃഖകരം എന്ന് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ദുരിതബാധിതരെ ആവുംവിധത്തിൽ സഹായിക്കുക എന്ന ഉദ്ദേശത്തോട് കൂടി ഇരിട്ടി എം ജി കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽ 'സാന്ത്വനം' എന്ന പേരിൽ സംഘടിപ്പിച്ച സുനാമി പത്രഫോട്ടോ പ്രദർശനം വളരെയധികം കാലിക പ്രസക്തിയുള്ളതായിരുന്നു. പ്രദർശനത്തെ പ്രകീർത്തിച്ചുകൊണ്ട് രാഷ്ട്രപതി ഡോ എ പി ജെ അബ്ദുൾ കലാം, മുഖ്യമന്ത്രി ഉമ്മൻചാണ്ടി തുടങ്ങിയവർ സന്ദേശങ്ങളിലൂടെയും, സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ, പ്രൊഫ എ വി മുസ്തഫ എം എൽ എ കോളേജ് മാനേജർ കെ പി നൂറുദ്ദീൻ തുടങ്ങിയവർ സന്ദർശിച്ചും അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. വിദ്യാർത്ഥികളായ നിമൽ, രാകേഷ്, വിവേക്, ജിയാസ്, അർജുൻ, അബ്ദുൾ ഗഫൂർ, അബ്ദുൾ റഹ്മാൻ എന്നിവർ പ്രദർശനത്തിന് നേതൃത്വം നൽകി. കോളേജ് പ്രിൻസിപ്പാളിന്റെയും, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ സഹകരണത്തിൽ 'സാന്ത്വനം' വിജയമായി.

2004 ക്രിസ്മസ് പിറ്റേന്നാൾ ലോകത്തിന് മുമ്പിൽ പ്രകൃതി നൽകിയ സന്ദേശം അതിര

കരമായിരുന്നു. പ്രകൃതിക്ക് മേൽ മനുഷ്യസമൂഹം നടത്തുന്ന ഹിംസാത്മകമായ ചൂഷണത്തിന്റെ പ്രതിഫലനം എന്ന് തോന്നുമാറുള്ള സംഹാരതാണ്ഡവമായിരുന്നു ലോകം വിറങ്ങലിച്ച് സാക്ഷ്യം വഹിച്ച സുനാമി ദുരന്തത്തിൽ കണ്ടത്. ലോകഭൂപടത്തെ പോലും മാറ്റിമറിക്കാൻ ശക്തവുമായിരുന്നു അത്. പ്രകൃതിയുടെ സന്തുലനാവസ്ഥയെപോലും മാറ്റിമറിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ലോകത്തിൽ നിത്യവും നടക്കുന്നത്. ഇനി മറ്റൊരു സുനാമിയുടെ ആഴം കുറക്കാൻ ശാസ്ത്രലോകവും പ്രകൃതിസംരക്ഷണ പ്രവർത്തകരും ഒന്നിച്ച് നീങ്ങിയുള്ള ശ്രമങ്ങൾ നടത്തിയില്ലെങ്കിൽ നമ്മെ രക്ഷിക്കാൻ ഒരു നോഹയുടെ പേടകം ഉണ്ടാകേണ്ടി വരും.



കേരളസമൂഹത്തെ കുറിച്ച് പറയുമ്പോൾ സുനാമി ദുരന്തം നൽകിയ പാഠം സൂക്ഷ്മമായി വിലയിരുത്തേണ്ടതാണ്. ദുരന്തസമയത്ത് മറ്റെല്ലാ എതിർപ്പുകളും മാറ്റിവെച്ചുകൊണ്ട് നമുക്ക് ഒന്നിക്കാൻ കഴിഞ്ഞുവെങ്കിലും അതിന് ശേഷം കടലോരങ്ങളിൽ നിന്നും ഉയരുന്ന ഇരമ്പലുകൾ പരസ്പര വിദ്വേഷത്തിന്റേതാണ്. ഇവിടെ ഉയരുന്ന ചോദ്യം മനുഷ്യസ്നേഹവും ഐക്യവും പ്രകടിപ്പിക്കാൻ ദുരന്തമുഖത്ത് മാത്രമേ നമുക്ക് സാധിക്കുള്ളൂവെന്നതാണ്. ഇത് ഏതൊരു കേരളീയന്റെയും മനസ്സുകളിലും വിചാരണ ചെയ്യപ്പെടേണ്ടതാണ് - പ്രത്യേകിച്ച് യുവമനസ്സുകളിൽ.

മുൻ തലമുറ നമ്മെ ഏൽപിച്ച് പോയ ഈ മലയാള നാടിനെ അതിന്റെ എല്ലാ അർത്ഥത്തിലും സംരക്ഷിച്ച് വലിയ പോറലേൽക്കാതെ പിൻതലമുറയെ ഏൽപിക്കാനുള്ള ബാധ്യത നമുക്കുണ്ട് എന്ന കാര്യം വിസ്മരിച്ച്കൂടാ. ഈ ദൗത്യം ഏറ്റെടുക്കാൻ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള നമ്മുടെ കാമ്പസ്സുകൾ കൂടുതൽ മുന്നോട്ട് വരട്ടെ. ഇനി ഒരു സുനാമി ദുരന്തം ലോകത്തെവിടെയും ആവർത്തിക്കാതിരിക്കട്ടെ.

ലോകത്തെവിടെയും ഇനിയൊരു സുനാമി ദുരന്തം ആവർത്തിക്കാതിരിക്കട്ടെ. പ്രകൃതിയിലെ ജീവജാലങ്ങളെ മുഴുവനായി അലച്ചുയരുന്ന രാക്ഷസതിരമാലകൾ തുടച്ച് മാറ്റാതിരിക്കട്ടെ.

---

# സ്വാതന്ത്ര്യ പ്രതിമ



സ്വാ
ത
ന്ത്ര്യം
ഒരു പ്രതിമ
മാ
ത്ര
മാ
യ
അമേരിക്ക

നികാനോർ പാർറാ (ചിലി)